# സത്യദൂതൻ


2015 ഫെബ്രുവരി | ലക്കം 2

വില ₹ 20

## യുവ അഹ്മദി മിഷണറിമാരും യുറോപ്പിലെ ഇസ്‌ലാമും


## ഘർ വാപസി





Baitul Ahad, Cleveland, Ohio, USA


Baitul Aziz_ Valencia_ Trinidad and Tobago



The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2015 ഫെബ്രുവരി
ഹി.ശ.1395 – തബ്‌ലീഗ്
1436 – റ.ആഖർ – ജ.അവ്വൽ
പുസ്തകം 87 ലക്കം 2
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ്ബ

**നബി (സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ജനു വരി 16 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവ ഹിച്ച ജുമുഅ ഖുത്ബ്ബയുടെ സംഗ്രഹം

**12**

**മാർക്സിസവും ധാർമികതയും**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

ധാർമികത എന്നത് ശാശ്വതവും സ്ഥലകാലാതിവർത്തിയുമായ സനാതനമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ജീവിത ദർശനമാണ്. മനുഷ്യന്റെ ജൈവിക വ്യവസ്ഥയുമായി അത് ബന്ധപ്പെട്ടു നിൽക്കുന്നു. ധാർമികത സാപേക്ഷികമാണെന്ന മാർക്സിയൻ വാദം മതത്തിന് അംഗീകരിക്കാൻ സാദ്ധ്യമല്ല. കമ്യൂണിസത്തിന്റെ തന്നെ സുസ്ഥിരതക്ക് ഈ മാർക്സിസ്റ്റ് സമീപനം വിഘാതമായി തീരുന്നു.





**16**

**യുവ അഹ്മദി മിഷണറിമാരും യൂറോപ്പിലെ ഇസ്‌ലാമും**

ഷഹ്സാദ് അഹ്മദ്, യു കെ.

**23**

**ഒരു പുണ്യാത്മാവിനെ എറിഞ്ഞു കൊല്ലുന്നു**

എൻ.അബ്ദുർറഹിം സാഹിബ്

ദിവ്യജ്ഞാനങ്ങൾകൊണ്ട് അനുഗൃഹീതനും അഫ്ഘാൻ രാജാവിന്റെ കിരീടധാരണം നടത്താൻ പരികർമിസ്ഥാനവുമുള്ള അത്യുന്നത വ്യക്തിത്വമായിരുന്നു സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ്. വാഗ്ദത്ത മസീഹ്(അ) നെസ്വീകരിച്ച കാരണം കൊണ്ട് അഫ്ഘാൻ രാജഭരണം ആ പുണ്യാത്മാവിനെഅതിക്രൂരമായി ശഹീദാക്കുകയു ണ്ടായി. അദ്ദേഹത്തിന്റെ വിശുദ്ധ രക്തം ചിന്തിയ അഫ്ഘാൻ ഭൂമിയെ നോക്കി വാഗ്ദത്ത മസീഹ് ഭയാനകമായ താക്കീതുകൾ നൽകുകയുണ്ടായി. അന്ന് മുതൽ ഒരു നുറ്റാണ്ടു കാലമായി അഫ്ഘാനിസ്താൻ സമാധാനമെന്തന്നറിഞ്ഞിട്ടില്ല. ആ ദേശം മാത്രമല്ല അയൽ രാജ്യങ്ങളിലേക്കും ലോകസമാധാനത്തിനും ഭീഷണിയാകുമാറ് ക്രൂരമായ ഹിംസാത്മകതയുടെ പ്രഭവ കേന്ദ്രമായി അഫ്ഘാനിസ്താൻ തുടരുന്നു.

**29**

**ലുധിയാനയിൽ അരങ്ങേറിയ വാദപ്രതിവാദം**

എ.ക്യു.മഹ്ദി

**31**

**അമീറുൽ മുഅ്മിനിന്റെ തിരുസന്നിധിയിൽ**

കെ.വി. ഹസ്സൻ കോയ

**36**

**ഘർ വാപസി**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി – 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



നിന്റെ നാഥൻ ഇച്ഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ, അവർ വിശ്വാസികളായി തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ? (10: 100)

## നബിവചനം



ഇബാദത്ത് ( റ ) പറയുന്നു: ഞങ്ങൾ എവിടെയായിരുന്നാലും സത്യം പറയുവാനും അതിന് വേണ്ടി നിലകൊള്ളുവാനും അല്ലാഹുവിന്റെ പ്രശ്നത്തിൽ ഒരാക്ഷേപകനേയും ഒട്ടും ഭയപ്പെടാതിരിക്കുവാനും നബി (സ) പ്രതിജ്ഞചെയ്യുകയുണ്ടായി **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### ശക്തി പ്രയോഗം ഇസ്‌ലാമിന് അന്യം

ഈ ലോകത്ത് ജീവിച്ച ഒരൊറ്റ യഥാർഥ മുസ്‌ലിമും ഇസ്‌ലാമിന്റെ പ്രചാരണത്തിന്നു വേണ്ടി ശക്തി പ്രയോഗിക്കേണ്ടതുണ്ടെന്ന വിശ്വാസം പുലർത്തിയിയിട്ടില്ല. നേരെ മറിച്ച് ഇസ്‌ലാം അതിന്റെ സ്വതസിദ്ധമായ മഹത്വത്തിന്റെ ബലത്തിലാണ് എല്ലാ കാലത്തും വിജയിച്ചുയർന്നത്. മുസ്‌ലിംകളെന്ന് അഭിമാനിച്ചു കൊണ്ടു തന്നെ ഇസ്‌ലാമിനെ വാൾ ബലത്തിൽ പ്രചരിപ്പിക്കണമെന്ന് പറയുന്നവർ ഇസ്‌ലാമിന്റെ തനതായ മഹത്വത്തെകുറിച്ച് അറിവില്ലാത്തവരാകുന്നു. ***(തിരിയാഖുൽ ഖുലൂബ്. ഭാ 39)***



എഡിറ്റോറിയൽ

# മതസ്വാതന്ത്ര്യം ഇസ്‌ലാമിൽ

1948 ൽ ഡിസംബർ 10 ന് പാരീസിൽ ചേർന്ന ഐക്യരാഷ്ട്ര സഭയുടെ പൊതുസഭ പാസ്സാക്കി അംഗീകരിച്ചതാണ് അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം (Universal Declaration of Human Rights) അതിൽ ഖണ്ഡിക 18, 19 മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ളതാണ്

***'ചിന്ത, മനസ്സാക്ഷി, മതം എന്നിവയുടെ കാര്യത്തിൽ ഓരോരുത്തനും സ്വാതന്ത്ര്യമുണ്ട്. മതം മാറുവാനും തനിച്ചോ കൂട്ടായോ പരസ്യമായും രഹസ്യമായുമുള്ള ഉപദേശത്തിലൂടെയോ കർമത്തിലൂടെയോ ആരാധനയിലൂടെയോ ആചരണത്തിലൂടെയോ തന്റെ മതമോ വിശ്വാസമോ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഇതിലുൾപ്പെടുന്നു. അഭിപ്രായ സ്വാതന്ത്ര്യവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും ഒരോരുത്തനുമുണ്ട്. അന്യരു ടെ ഇടപെടൽ കൂടാതെ സ്വന്തമായ അഭിപ്രായങ്ങൾ വെച്ച് പുലർത്താനും, ഏത് ഉപാധിയിലൂടെയും രാജ്യാർതിർത്തികളെ വകവെക്കാതെ അറിവുകളും ആശയങ്ങളും ആരായുവാനും സ്വായത്തമാക്കുവാനും പ്രകടിപ്പിക്കുവാനും ഉള്ള സ്വാതന്ത്ര്യവും ഈ അവകാശത്തിൽ പെടുന്നു.'*** മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഒപ്പു വെച്ച ലോകത്തിലെ എല്ലാ രാജ്യങ്ങളും അത് അവരുടെ ഭരണഘടനയിലും മറ്റു സിവിൽ ക്രിമിനൽ നിയമങ്ങളിലും എഴുതി ചേർക്കാനും ബാദ്ധ്യസ്ഥരാണ്. മഹത്തായ നമ്മുടെ രാജ്യം ഈ പ്രഖ്യാപനത്തിൽ ഒപ്പുവെച്ച രാജ്യമാണ്.

താൻ മനസ്സിലാക്കിയ സത്യം അത് മതമായി കൊള്ളട്ടെ മറ്റേതെങ്കിലും പ്രത്യയ ശാസ്ത്ര മായിക്കൊള്ളട്ടെ ശാസ്ത്ര സത്യമാകട്ടെ അത് ഹൃദയ പൂർവം സ്വീകരിക്കാനും അതനുസരിച്ച് ജീവിക്കാനുമുള്ള അവകാശം അലംഘനീയവും ഏറ്റവും പാവനവുമാണ്. താൻ മനസ്സിലാക്കിയ ആ സത്യം മറ്റുള്ളവർക്ക് പകർന്ന് കൊടുക്കാനും അവരെ ബോദ്ധ്യപ്പെടുത്താനും ശ്രമിക്കുക എന്നത് മനുഷ്യ സഹജവുമാണ്. എല്ലാ മതങ്ങൾക്കും ആശയ പ്രസ്ഥാനങ്ങൾക്കും മിഷണറി സ്വഭാവമുണ്ട്. ഇങ്ങനെ മതങ്ങളും പ്രത്യയശാസ്ത്രങ്ങളും തമ്മിലുള്ള ആശയ സംവാദങ്ങളും ചർച്ചകളുമാണ് ഏതൊരു പ്രബുദ്ധ സമൂഹത്തിന്റെയും അടയാളമായി കണക്കാക്കുന്നത്. സത്യം തിരിച്ചറിയാനും ഇത്തരം ആശയ സംവാദങ്ങൾ നിർബാധം നടക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു: ***മതത്ത്വജ്ഞാനവും സദുപദേശവും മുഖേന നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും നല്ല നി ലയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവനേയും അവന് നന്നായറിയാം.' (16:126)*** നിർഭാഗ്യകരമെന്ന് പറയട്ടെ രാഷ്ട്രീയ രംഗത്തും മറ്റു മതേതരമായ ആശയരംഗത്തും ഇത്തരം ചർച്ചകളും സംവാദങ്ങളും നടക്കുന്നുണ്ട്. അതിവൈകാരികത മുറ്റി നിൽക്കുന്ന മതലോകത്ത് മാത്രം ഇക്കാലത്ത് സഹിഷ്ണുതയോടെയും സൗഹാർദത്തിലും സംവാദം നടത്താൻ മതവക്താക്കൾക്കും സമൂഹത്തിനും ഭയമാണ്. അത്കൊണ്ട് മതരംഗം വിനിമയങ്ങളും ചലനങ്ങളുമില്ലാ തെ മലീമസമായിരിക്കുന്നു.

സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യന് ജന്മസിദ്ധമായി തന്നെ ലഭിക്കുന്ന അവകാശമാണ് അഥവാ പ്രകൃത്യാനുസരണ നിയമമാണ് മനുഷ്യാവകാശങ്ങളായി പരിണമിച്ചത് എന്ന് നാമോർക്കണം. മനുഷ്യന്റെ അടിസ്ഥാനപരവും മൗലികവുമായ ഈ അവകാശങ്ങളെ തത്ത്വത്തിൽ അംഗീകരിച്ചാൽ മാത്രമേ ഏതൊരു മതവും ആശയവും മാനവീയം എന്ന് വിളിക്കാൻ അർഹതയുണ്ടാവൂ. ഈ അവകാശങ്ങൾ ഇസ്‌ലാം മതം അതിന്റെ പരിപൂർണാർഥത്തിൽ വകവെച്ചു കൊടുക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു.

ഖുർആൻ പറയുന്നു:

***'മതത്തിൽ യാതൊരു നിർബന്ധവും പാടില്ല. നിശ്ചയമായും സന്മാർഗം വഴി കേടിൽ നിന്ന് തികച്ചും വ്യതിരിക്തമാണ്.' (2: 257) 'നി ന്റെ നാഥൻ ഇച്ഛരിച്ചുവെങ്കിൽ , നിശ്ചയമായും ഭൂമി ലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായി തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ? ( 10 : 100) 'പറയുക, മനുഷ്യരേ നിങ്ങളുടെ നാഥങ്കൽ നിന്ന് നിങ്ങൾക്ക് സത്യം വന്നുകിട്ടിയിരിക്കുന്നു. അതിനാൽ ആരെങ്കിലും നേർമാർഗം പ്രാപിക്കുന്നതായാൽ അവൻ തന്റെ ഗുണത്തിന്ന് വേണ്ടി തന്നെയാണ്. നേർമാർഗ്ഗം പ്രാപിക്കുന്നത്. വല്ലവനും വഴിതെറ്റി പോവുന്ന പക്ഷം തനിക്ക് ദോഷകരമായിട്ടുതന്നെയാണ് അവൻ വഴിതെറ്റി പോവുന്നത്. ഞാൻ നിങ്ങളുടെമേലൊരു അധികാരസ്ഥനല്ല.' (10: 100)***



ഹദ്റത്ത് അഹ്മദ് (അ)

# ഇസ്‌ലാമിൽ ബലപ്രയോഗമില്ല

ഇക്കാലത്ത് അമുസ്‌ലിം ഭരണാധിപന്മാർ ഇസ്‌ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നതു പ്രത്യക്ഷമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന കർമാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. പുതു മുസ്‌ലിംകളെ അവർ കൊന്നൊടുക്കിക്കളയുന്നില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ അവർ ക്കെതിരെ ഇസ്‌ലാമിന്റെ വാൾ എന്തിനു ചുഴറ്റണം? മതകാര്യത്തിൽ ബല പ്രയോഗത്തെ ഇസ്‌ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും കഴിയുന്നേടത്തോളം ശ്രദ്ധാപൂർവം പഠിക്കുകയും ചെയ്യുകയാണെങ്കിൽ മതധർമ്മം പരത്താനായി ഇസ്‌ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാന രഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഖുർആനും ഹദീസും മറ്റു ഇസ്‌ലാമിക ചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലത്തവരാണ് ഇത്തരം ആരോപണങ്ങളുന്നയിച്ചിട്ടുള്ളത്. അവർ പച്ചക്കള്ളങ്ങൾ തോന്നിയത് പോലെ കൂട്ടിക്കലർത്തിക്കൊണ്ട് തെറ്റായ ആരോപണങ്ങൾ തൊടുത്തു വിട്ടു. എന്നാൽ ഈ ആരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആത്മാർഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിഷപ്പും അകറ്റാനുള്ള സമയമടുത്തിരിക്കുന്നു എന്ന് എനിക്കറിയാം. ഖുർആൻ എന്ന വിശുദ്ധ ഗ്രന്ഥം ലാ ഇകറാഹ ഫി ദ്ദീൻ മതത്തിൽ ബലാൽ ക്കാരമില്ല അതായത് മതത്തിൽ പ്രവേശിക്കുന്ന വിഷയത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല എന്ന് വ്യക്തമായ മാർഗ നിർദേശം നൽകിയിരിക്കെ ആ ഇസ്‌ലാം മതത്തെ പറ്റി ബല പ്രയോഗത്തിന്റെ മതം എന്ന് പറയാമോ? പരിശുദ്ധ മക്കയിൽ പതിമൂന്നു കൊല്ലക്കാലം തിന്മയെ തിന്മ കൊണ്ട് നേരിടാൻ പാടില്ലെന്നും ക്ഷമയും സഹനവും കൈകൊള്ളണമെന്നും തന്റെ സഖാക്കളോടും സ്നേഹിതരോടും രാവും പകലുമായി ഉപദേശിച്ചുകൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യാത് മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതാ യുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ?. എന്നാൽ ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരു കടന്നപ്പോൾ ഇസ്‌ലാം ധർമത്തെ വേരോടെ നശിപ്പിക്കാനായി സകല ശക്തികളും ഒന്നിച്ചു ചേർന്നു ശ്രമിച്ചപ്പോൾ 'വാളുയർത്തിയവൻ വാളാൽ നശിക്കണം' എന്ന നിർബന്ധത്തിൽ ദൈവത്തിന്റെ അഭിമാനബോധം തിളച്ചു മറിയുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നൽകിയിട്ടില്ല. ബല പ്രയോഗത്തിന്റെ പാഠം നൽകിയിരുന്നുവെങ്കിൽ നമ്മുടെ നബി(സ) തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷാ ഘട്ടങ്ങളിൽ ആത്മാർഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജവം കാണിക്കാൻ പ്രാപ്തരായി ത്തീരുമായിരുന്നില്ല. നമ്മുടെ നബി നായകർ (സ) തിരുമേനിയുടെയും സഹാബാക്കളു ടെയും ആത്മാർഥത ഇവിടെ എടുത്ത് പറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെ ആത്മാർഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും തുല്യത കാണാൻ കഴിയാത്ത തരത്തിലുള്ളതത്രെ. ഖഡ്ഗങ്ങൾക്ക് കീഴിലും അവർ തങ്ങളുടെ ആത്മാർഥതയും സത്യസന്ധതയും കൈയൊഴിച്ചില്ല. സുദീപ്തമായ ഹൃദയങ്ങളിൽനിന്നും മനസ്സിൽ നിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർഥതയും അവർ പരിശുദ്ധ നബി (സ) യുടെ സാന്നിദ്ധ്യത്തിൽ പ്രദർശിപ്പിച്ചു. ചുരുക്കത്തിൽ ഇസ്‌ലാമിൽ ബലപ്രയോഗത്തിന് സ്ഥാനമില്ല. മൂന്ന് തരത്തിലുള്ള യുദ്ധത്തിന് മാത്രമേ ഇസ്‌ലാംഅനുവാദം നൽകുന്നുള്ളൂ.

1. പ്രതിരോധപരം. എന്നു വെച്ചാൽ ആത്മ രക്ഷക്ക് വേണ്ടിയുള്ള യുദ്ധം.

2 പ്രതിക്രിയാപരം അതായത് ചോരക്ക് ചോരയെന്ന നിലയിൽ ശിക്ഷാ രുപത്തിലുള്ള യുദ്ധം.

3 പ്രമോചനപരം. അതായത് ഇസ്‌ലാമിനെ ആശ്ലേഷിക്കുന്നവരെ നിഗ്രഹിക്കുന്ന ഭീകര ഭരണാധികാരികളിൽ നിന്ന് മോചനം പ്രാപിക്കാനുള്ള സാതന്ത്ര്യ സമരം.

(മസീഹ് ഹിന്ദുസ്ഥാൻ മെ)

# നബി (സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുക

ഇന്ന് ഓരോ അഹ്മദിയും കോടിക്കോടിക്കണക്കിന് സ്വലാത്തും സലാമും ഹൃദയവേദന കൂട്ടിച്ചേർത്ത് അർശിലെത്തിക്കേണ്ടതാണ്. ഈ സ്വലാത്ത് മനുഷ്യരുടെ വെടിയുണ്ടകളേക്കാൾ വേഗത്തിൽ ശത്രുക്കളെ അവസാനിപ്പിക്കാൻ ഉപകരിക്കുന്നതാണ്.

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ജനുവരി 16 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**തീ**ർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ റഹ്മത്ത് ചൊരിയുന്നു. വിശ്വസിച്ചവരേ! നിങ്ങളും അദ്ദഹത്തിനു മേൽ സ്വലാത്ത് അധികമധികമായി ചൊല്ലിക്കൊണ്ടിരിക്കുക.

അല്ലാഹു തന്റെ നബിയുടെ മേൽ തന്റെ റഹ്മത്തുകൾ ഇറക്കിക്കൊണ്ടിരിക്കുന്നുവെന്ന് ഈ ആയത്ത് വ്യക്തമാക്കുന്നു. അവന്റെ മലക്കുകളും നബി(സ)തിരുമേനിക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിനുവേണ്ടി റഹ്മത്ത് തേടിക്കൊണ്ടിരിക്കുന്നു. അവസ്ഥ ഇതായിരിക്കുമ്പോൾ വിവിധ തന്ത്രങ്ങളും വിലങ്ങുകളും ഉപയോഗിച്ച് നബി(സ) തിരുമേനിയുടെ ഉയർച്ചയെ തടയാനും അല്ലെങ്കിൽ കുറയ്ക്കാനും ആഗ്രഹിക്കുന്നവർ ഒരിക്കലും വിജയിക്കുകയില്ല. അവരുടെ ഈ ഗൂഢ തന്ത്രങ്ങളും ശ്രമങ്ങളും അല്ലാഹുവിന്റെ പ്രിയപ്പെട്ട നബിക്ക് ഒരു നഷ്ടവും വരുത്തിവെക്കുകയില്ല. ഏതൊരു ഉദ്ദേശ്യ സാഫല്യത്തിനു വേണ്ടിയാണോ അല്ലാഹു നബി(സ)തിരുമേനിയെ അയച്ചത്, അതു കരസ്ഥമാക്കാൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. ഇക്കാലഘട്ടത്തിൽ ആ ഉദ്ദേശ്യസാഫല്യത്തിനായി അല്ലാഹു ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രണയിതാവിനെ അയച്ചുകൊണ്ട് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനത്തെ പ്രചരിപ്പിക്കുന്നതിനുവേണ്ടി പുതിയ കവാടങ്ങൾ തുറന്നിരിക്കുന്നു. നബി(സ)തിരുമേനിയുടെ എതിരാളികൾ മുമ്പൊരിക്കലും വിജയിച്ചിട്ടില്ല. ഇപ്പോൾ വിജയിക്കുകയുമില്ല. ഇത് അല്ലാഹുവിന്റെ തീരുമാനമാണ്. അതുകൊണ്ട് ഇസ്ലാമിന് അല്ലെങ്കിൽ നബി(സ) തിരുമേനിയുടെ സ്ഥാനത്തിന് ഏതെങ്കിലും ഭൗതികമായ ശ്രമങ്ങൾക്ക് എന്തെങ്കിലും പോറലേൽപിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഒരു യഥാർഥ മുസൽമാന് ചിന്തിക്കേണ്ട കാര്യമേയില്ല. അല്ലാഹുവിന് പ്രിയപ്പെട്ടവരും തികവുറ്റവരും സമ്പൂർണരുമായിട്ടുള്ളവരുടെമേൽ സ്വലാത്തും സലാമും ചൊല്ലുക എന്ന ജോലിയാണ് അല്ലാ ഹു ഒരു യഥാർഥ മുസൽമാനെ ഏല്പിച്ചിട്ടുള്ളത്. ഇത് യഥാർഥ മുസൽമാന്റെ നിർബന്ധ കടമയാണ്. ആ നബിയുടെ പ്രവർത്തിയെ ഉയർ ത്തിക്കൊണ്ടു പോകുന്നവരിൽ ചേർ ന്നുകൊണ്ട് അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും പ്രവർത്തിയെ അനുധാവനം ചെയ്യുക. എണ്ണമറ്റ സ്വലാത്തും സലാമും നബി(സ)തിരുമേനിയുടെമേൽ ചൊല്ലിക്കൊണ്ടിരിക്കുക.



കഴിഞ്ഞ ദിവസം ഫ്രാൻസിലു

ണ്ടായ അവസ്ഥകളേയും മുസ്‌ലിം എന്നു പറയുന്നവർ ഒരു വാരികയുടെ ഓഫീസിനുമേൽ ആക്രമണം നടത്തി 12 ആളുകളെ വധിച്ചതിനേയും സംബന്ധിച്ച് കഴിഞ്ഞ ഖുത്ബയിൽ ഹ്രസ്വമായി പ്രതിപാദിച്ചുകൊണ്ട് എല്ലാ അഹ്മദികളോടും ജമാഅത്തംഗങ്ങളോടും, കൊല്ലും കൊലയുംകൊണ്ട് ഇസ്‌ലാമിന് വിജയമുണ്ടാകുകയില്ലെന്നും പ്രത്യുത നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതുകൊണ്ടേ നമുക്ക് നമ്മുടെ ലക്ഷ്യത്തിൽ വിജയിക്കാൻ കഴിയുകയുള്ളുവെന്നും ഞാൻ പറഞ്ഞിരുന്നു.

ഇപ്രകാരംതന്നെ ഈ ആക്രമണത്തിനുപകരം അവരിൽനിന്ന് തെറ്റായ പ്രതികരണം ഉണ്ടാകാനിടയുണ്ടെന്നും, അല്ലെങ്കിൽ കാണിക്കുമെന്നും അവരിൽനിന്ന് ഇതേ പ്രതീക്ഷിക്കാനിടയുള്ളൂവെന്നുമുള്ള ചിന്തയും ഞാൻ പ്രകടിപ്പിച്ചിരുന്നു. അവർ വീണ്ടും കാർട്ടൂൺ പ്രസിദ്ധീകരിച്ചു. അത് നമ്മുടെ വിഷമത്തിന് കാരണമായി. യഥാർഥ മുസ്‌ലിംകൾക്കെല്ലാം കൂടുതൽ വിഷമത്തിന് കാരണമാകേണ്ടതുമായിരുന്നു. ഈ ഭീകര പ്രവർത്തനംകൊണ്ട് എന്താണ് അവർ നേടിയത്? ഈ ഭീകര പ്രവർത്തനം ലോകത്തിലെ ഒരുപാട് രാജ്യങ്ങളിൽ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് തെറ്റായ മാനം നല്കി എന്നു മാത്രമല്ല, മരിച്ച ശത്രുവിനെ ജീവിപ്പിക്കുന്നതിൽ പങ്കുവഹിക്കുകയും ചെയ്തു. അഹോകഷ്ടം! ഇസ്‌ലാമിന്റെ പേരിൽ അക്രമം ചെയ്യുന്ന മുസ്‌ലിം സംഘടനകൾ മനസ്സിലാക്കിയിരുന്നെങ്കിൽ, അതായത് ഇസ്‌ലാമിന്റെ സ്നേഹത്തിന്റേയും അനുരക്തിയുടേയും അധ്യാപനത്തിന് എത്രയും വേഗം ലോകത്തെ ഇസ്‌ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവരാൻ കഴിയുമായിരുന്നു. അവരുടെ ആക്ഷേപം ഏല്ക്കുന്നതിനു പകരം ഈ പേവാക്കുകൾ നിറഞ്ഞ ആളുകളിൽനിന്ന് പിന്തിരിഞ്ഞ് മാറുക എന്ന് അല്ലാഹു പറയുന്നു. കാര്യങ്ങൾ അല്ലാഹുവിന് വിടേണ്ടതാണ്. അല്ലാഹു പറഞ്ഞത് തന്നിലേക്ക് മടങ്ങിവരുമ്പോൾ അവരുടെ ദുഷ്കർമങ്ങൾക്കുള്ള ഫലം അവർക്ക് അനുഭവിക്കേണ്ടി വരുമെന്നാണ്.

ഹുദൂർ പറഞ്ഞു, ഞാൻ പറഞ്ഞതുപോലെ ഈ ആക്ഷേപ ഹാസ്യ വാരികയെ എതിർത്തിരുന്നവരിൽ ഈ ആക്രമണത്തിനുശേഷം ഒരുപാടാളുകൾ ആവിഷ്കാര സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടെന്ന് പറഞ്ഞ് അതിനെ അനുകൂലിക്കുന്നവരായി. പക്ഷേ, എന്നിട്ടും ഈ വാരിക നബി (സ)തിരുമേനിയെ സംബന്ധിച്ച് അപഹാസ്യമായ കാർട്ടൂൺ പ്രദർശിപ്പിച്ചതിനെ എതിർത്തുകൊണ്ട് അതിന്റെ പ്രസാധകരെ കുറ്റപ്പെടുത്തുന്ന, നീതിയും ബുദ്ധിയുമുള്ള ആളുകൾ അവരിലുണ്ട്. ഉദാഹരണത്തിന് ഷാർലി എബ്ദോ എന്ന പേരുള്ള ഈ വാരികയുടെ ആരംഭകാല അംഗമാണ് ഹെൻഡ്രി റസൽ. അദ്ദേഹം പറയുന്നു: ഈ വാരിക വരച്ച കാർട്ടൂൺ ജനരോഷമുണ്ടാക്കുന്നതായിരുന്നു. ഇക്കാരണത്താലാണ്, ഈ നിരുത്തരവാദപരമായ പ്രവൃർത്തികൊണ്ടാണ് പത്രാധിപർതന്റെ ടീമിനെ മരണവക്ത്രത്തിലേക്ക് തള്ളിയിട്ടത്. അദ്ദേഹം പറയുന്നു: കഴിഞ്ഞ കുറെ വർഷങ്ങളായി ഇവർ ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരം കാര്യങ്ങൾ ഞങ്ങളുടെ അടിസ്ഥാനപരമായ പോളിസിക്ക് വിരുദ്ധമായിരുന്നു.

ഇപ്രകാരംതന്നെ പോപ്പും വളരെ നല്ല പ്രതികരണമാണ് നടത്തിയത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഉദ്ദേശ്യം തികച്ചും സ്വാതന്ത്ര്യം നല്കുക എന്നതല്ല. അദ്ദേഹം പറഞ്ഞു: ഓരോ മതത്തിനും ഒരു അഭിമാനമുണ്ട്. അതിനെ ആദരിക്കേണ്ടത് നിർബന്ധമാണ്. ഒരു മതത്തിന്റേയും അഭിമാനത്തിനുമേൽ ആക്രമണം നടത്താതിരിക്കേണ്ടതാണ്. അദ്ദേഹം പറയുന്നു: എന്റെ ഉറ്റ സുഹൃത്ത് (അദ്ദേഹം ഉദാഹരണം പറയുകയാണ്, തന്റെ പര്യടനങ്ങൾ ഓർഗനൈസിംഗ് ചെയ്യുന്ന ആളാണെങ്കിലും) എന്റെ അമ്മയെ ശപിക്കുകയും ചീത്ത പറയുകയും ചെയ്താൽ എന്റെ പ്രതികരണവും ഇതുതന്നെയായിരിക്കും. ഞാൻ അവന്റെ മുഖത്ത് ഇടിക്കുന്നതായിരിക്കും. മുഖത്തിടിക്കുമെന്ന കാര്യം അവൻ പ്രതീക്ഷിക്കേണ്ടതാണ്. എന്തായാലും ആരുടെയെങ്കിലും വികാരങ്ങളെ ജ്വലിപ്പിക്കുക എന്നത് തെറ്റാണ്. അവർ വികാരങ്ങളെ ജ്വലിപ്പിച്ചു. അതുകൊണ്ട് കുറ്റം അവരുടേതാണ്.' പോപ് നല്കിയത് യഥാർഥമായ വിവരണമാണ്. ഇക്കാലത്ത് മാധ്യമങ്ങൾ ലോകവ്യാപകമാണ്. എവിടെയെങ്കിലും തീകൊളുത്തുന്നതിനും തീഅണയ്ക്കുന്നതിനും കുഴപ്പമുണ്ടാക്കുന്നതിനും കുഴപ്പം തടയുന്നതിനും വലിയ പങ്കാണ് ഇവർ വഹിക്കുന്നത്. ഇപ്രാവശ്യം ആദ്യ തവണയാണ് ഈ സംഭവത്തിനുശേഷം യു.കെ.യിലേയും ലോകത്തിലെതന്നെയും വിവിധ മാധ്യമങ്ങൾ ജമാഅത്തിനോടും നമ്മുടെ ഇതിനെക്കുറിച്ചുള്ള പ്രതികരണവും നിലപാടും ചോദിക്കുന്നത്. ഈ കൊലപാതക സംഭവത്തെക്കുറിച്ച് ഇത് അനിസ്‌ലാമിക പ്രവർത്തിയാണെന്നും അതിൽ നാം ഖേദിക്കുന്നുവെന്നും പറഞ്ഞു. പക്ഷേ, ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും കുറച്ചു പരിധികൾ വേണ്ടതാണ്. ഇല്ലെങ്കിൽ ലോകത്ത് കുഴപ്പം സൃഷ്ടിക്കുന്നതിന്റെ ഉത്തരവാദികൾ മറ്റുള്ളവരുടെ വികാരങ്ങളെ മുറിവേല്പിക്കുന്നവരായിരിക്കും. എന്തായാലും ഇതിനു പുറമെ വിശദമായ കുറച്ചു കാര്യങ്ങളും പ്രസ്സിൽ വിവരിക്കപ്പെട്ടു. യൂ.കെ.യിൽ സ്കൈ ന്യൂസ്, ന്യൂസ് ഫൈവ് ബീബീ, റേഡിയോ എൽ ബി. സി, ബി.ബി.സി ലൈഡ്സ്, ലണ്ടൺ ലൈവ്, ഇതിനുപുറമെ വിദേശ ടിവി ചാനലുകളുമുണ്ട്. ഫാക്സ് ടി.വി, സി.എൻ.എൻ, കാനഡയിലെ പത്രങ്ങൾ, ഇപ്രകാരംതന്നെ ഗ്രീസ്, ഐർലാന്റ്, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ വിവിധ പത്രങ്ങളുമുണ്ട്. ഇവരെല്ലാം നമ്മുടെ നിലപാട് വ്യക്തമാക്കുകയുണ്ടായി. ഇതു മുഖേന മില്യൺകണക്കിന് ജനങ്ങളിൽ ഇസ്‌ലാമിന്റെ യഥാർഥ നിലപാടും അധ്യാപനവുമെത്തി. ഇസ്‌ലാമികാധ്യാപനങ്ങളുടെ ശരി

യായ മുഖം ഇപ്പോൾ നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രണയിതാവിന്റെ ജമാഅത്ത് ലോകത്തിന് പറഞ്ഞുകൊടുക്കണമെന്നത് അല്ലാഹുവിന്റെ വിധിയാണ്; അത് അവർ ആ മഹാത്മാവിൽനിന്ന് പഠിച്ചതാണ്. അതുകൊണ്ട് തെറ്റായ പ്രതികരണം കേവലം കുഴപ്പങ്ങൾ സൃഷ്ടിക്കുകയുള്ളൂവെന്നും അല്ലാതെ മറ്റൊന്നും ഉണ്ടാക്കുകയില്ലെന്നും അവരവരുടെ വൃത്തത്തിലുള്ളവരോട് പറയേണ്ടതും മനസ്സാലാക്കിക്കൊടുക്കേണ്ടതും നമ്മുടെ ചുമതലയാണ്. ഇപ്പോഴുള്ള അവസ്ഥകൾ കത്തിജ്വലിച്ച് വീണ്ടും ലോകത്തും അവരിലും തീ പടർന്നു പിടിക്കും. ഈ തീ പിന്നീട് നാലുഭാഗത്തേക്കും ആളിപ്പടരും. പിന്നീട് ലോകത്തിന് അത് നിയന്ത്രിക്കാൻ പറ്റുകയില്ല. അതിനാൽ തെറ്റായ പ്രതികരണം കൊണ്ട് ജനങ്ങളെ പ്രേരിപ്പിക്കാതിരിക്കുക. അല്ലാഹുവിന്റെ പിടിത്തം വിളിച്ചു വരുത്താതിരിക്കുകയും ചെയ്യുക. അല്ലാഹു ലോകത്തിന് ബുദ്ധി നല്കുമാറാകട്ടെ.

പക്ഷേ, ഒരു അഹ്മദിയുടെ വളരെ വലിയൊരു ജോലി അല്ലാഹുവിന്റെ മാർഗത്തിൽ നടക്കുക എന്നതുമാണ്: 'യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വ സല്ലിമൂ തസ്‌ലീമാ.' വിശ്വസിച്ചവരേ! നിങ്ങളും അദ്ദഹത്തിനുമേൽ ഒരു ആവേശത്തോടെ സ്വലാത്ത് അധികമധികമായി ചൊല്ലിക്കൊണ്ടിരിക്കുക...ഇതുസംബന്ധമായി ചില ഹദീഥുകളും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ചില ലിഖിത ശകലങ്ങളും ഞാൻ കേൾപ്പിക്കുന്നതാണ്. അത് സ്വലാത്തിന്റെ പ്രാധാന്യവും അതിന്റെ നേട്ടങ്ങളും വെളിവാക്കുന്നവയാണ്. നമ്മൾ നബി(സ)തിരുമേനിയെ സ്നേഹിക്കുന്നുവെന്ന് വാദമുള്ളവരാണ്. എന്നാൽ, ഈ സ്നേഹത്തിന്റെ യഥാർഥ പ്രകടനവും അതിന്റെ നേട്ടവും എങ്ങനെയാണുണ്ടാകുക? ഇതുസംബന്ധമായി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)ൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'പുനരുഥാനനാളിൽ ജനങ്ങളിൽ ഏറ്റവും കൂടുതൽ ഞാനുമായി അടുത്തവൻ എന്നിൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനായിരിക്കും.' അതിനാൽ നബി(സ)തിരുമേനിയോടുള്ള യഥാർഥ സ്നേഹത്തിന്റെ പ്രകടനം-അതിന്റെ ഫലമായിട്ടാണ് ആ മഹാത്മാവിന്റെ സാമീപ്യം ലഭിക്കുന്നത്, സ്വലാത്ത് ചൊല്ലുന്നതിലൂടെ മാത്രമാണ്.

ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'പുനരുത്ഥാന നാളിലെ അപായങ്ങളിൽനിന്നും ഭയാനകമായ അവസരങ്ങളിൽനിന്നും നിങ്ങളിൽ ഏറ്റവും അധികം സുരക്ഷിതരും മുക്തി പ്രാപിച്ചവരും ഇഹലോകത്ത് എന്നിൽ ഏറ്റവുമധികം സ്വലാത്ത് ചൊല്ലിയവരായിരിക്കും. എനിക്ക് അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും സ്വലാത്ത് മതിയായതായിരുന്നു. ഇത് അല്ലാഹു മുഅ്മിനീങ്ങൾക്ക് പുണ്യം പ്രാപിക്കാനുള്ള ഒരു അവസരം പ്രദാനം ചെയ്തിരിക്കുകയാണ്; അതായത് നിങ്ങൾ സ്വലാത്ത് ചൊല്ലുക.'

ദുആ ചെയ്യേണ്ട ശരിയായ രീതി എങ്ങനെയാണെന്നതിനെ സംബന്ധിച്ച് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങൾ നമസ്കരിക്കുകയും ഇരിക്കുകയും ചെയ്താൽ അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുക. പിന്നീട് എന്നിൽ സ്വലാത്ത് ചൊല്ലുക. അതിനുശേഷം എന്താണോ ചോദിക്കാൻ ആഗ്രഹിക്കുന്നത് ചോദിക്കുക.'

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസ്(റ)നിവേദനം: അദ്ദേഹം നബി(സ)തിരുമേനി പറയുന്നതായി കേട്ടു. 'ബാങ്കുകൊടുക്കുന്നയാൾ ബാങ്ക് കൊടുക്കുന്നത് നിങ്ങൾ കേട്ടാൽ അയാൾ പറയുന്നത് നിങ്ങളും ഏറ്റു പറയുക. പിന്നീട് എന്നിൽ സ്വലാത്ത് ചൊല്ലുക. ആരാണോ എന്നിൽ സ്വലാത്ത് ചൊല്ലിയത് അല്ലാഹു അവനിൽ പത്തിരട്ടി റഹ്മത്തുകൾ ഇറക്കുന്നതാണ്. പിന്നീട് പറഞ്ഞു എനിക്കുവേണ്ടി അല്ലാഹുവിനോട് വസീല ചോദിക്കുക. ആരാണോ എനിക്കുവേണ്ടി അല്ലാഹുവിനോട് വസീല ചോദിച്ചത് അവന് ശഫാഅത്ത് അനുവദനീയമായിത്തീരുന്നതാണ്.'

ഹദ്റത്ത് ഉമർ(റ)അതുകൊണ്ടാണ് പറഞ്ഞത്, ദുആ ആകാശത്തിന്റേയും ഭൂമിയുടേയും ഇടയിൽ നിലച്ചുപോകുന്നു. നിങ്ങൾ നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലാത്തിടത്തോളം അതിന്റെ ഒരു ഭാഗവും അല്ലാഹുവിന്റെ സന്നിധിയിൽ സമർപിക്കപ്പെടുന്നതിന് മുകളിലേക്ക് പോകുകയില്ല.'

സ്വലാത്ത് ചൊല്ലാൻ എങ്ങനെയാണ് പരിശ്രമിക്കേണ്ടത്. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു മുരീദിനെഴുതിയ കത്തിൽ പറയുന്നു:'താങ്കൾ സ്വലാത്ത് ചൊല്ലുന്നതിൽ വളരെയേറെ ശ്രദ്ധിക്കുക. ആരെങ്കിലും തന്റെ പ്രേമഭാജനത്തിനുവേണ്ടി യഥാർഥത്തിൽ ബർക്കത്ത് അപേക്ഷിക്കുന്നതുപോലെ താൽപര്യത്തോടും ആത്മാർഥതയോടും കൂടി ഹദ്റത്ത് നബികരീം(സ)നുവേണ്ടി ബർക്കത്ത് അപേക്ഷിക്കുകയും, വളരെ താണുകേണ് അപേക്ഷിക്കുകയും ദുആയിൽ ഒരുതരത്തിലുള്ള കൃത്രിമവും ഉണ്ടാകാതിരിക്കുകയും വേണ്ടതാണ്. പ്രത്യുത നബികരീം(സ)നോട് സത്യസന്ധമായ സുഹൃത്ബന്ധവും സ്നേഹവും ഉണ്ടാകുകയും യഥാർഥത്തിൽ ആത്മാവിന്റെ സത്യസന്ധത മുഖേന നബി(സ)തിരുമേനിക്കുവേണ്ടി സ്വലാത്തിൽ പറയപ്പെട്ടിട്ടുള്ള ബർക്കത്തുകൾ ചോദിക്കുകയും ചെയ്യണം. വ്യക്തിപരമായ സ്നേഹത്തിന്റെ അടയാളമെന്താണെന്നുവെച്ചാൽ മനുഷ്യൻ ഒരിക്കലും ക്ഷീണിക്കാതേയും ദുഃഖിതനാകാതേയും ഇന്ദ്രീയാശകളുടെ കടന്നുകയറ്റം ഉണ്ടാകാതേയും നബി(സ)തിരുമേനിയുടെമേൽ ഉദാരവാനായ അല്ലാഹുവിന്റെ ബർക്കത്തുകൾ പ്രകടമാകുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം ചൊല്ലുക എന്നാണ്.

വീണ്ടും സ്വലാത്തിന്റെ യുക്തി വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നബി(സ)തി

രുമേനിയുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അളവറ്റതായിരുന്നു. അതുകൊണ്ട് വ്യക്തിപരമായ സ്നേഹം കൊണ്ട് നബി(സ)തിരുമേനിക്ക് ബർക്കത്തുണ്ടാകണമെന്നാഗ്രഹിച്ചു സ്വലാത്ത് ചൊല്ലുന്നവന് അളവറ്റ അനുഗ്രഹത്തിൽനിന്ന് അവന്റെ ആവേശത്തിന്റെ അളവിൽ വീതം ലഭിക്കുന്നു.

വീണ്ടും സ്വലാത്തിന്റെ കാരണം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നബി(സ) തിരുമേനിയുടെ റൂഹിൽ ആ സത്യസന്ധതയും കൂറും ഉണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ കർമങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ എത്രമാത്രം ഇഷ്ടപ്പെട്ടതായിരുന്നുവെന്ന് വെച്ചാൽ അല്ലാഹുതആല ഭാവിയിൽ ജനങ്ങൾ നന്ദി എന്ന നിലയിൽ എന്നെന്നേക്കുമായി സ്വലാത്ത് ചൊല്ലണമെന്ന കല്പന പുറപ്പെടുവിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: സ്വലാത്ത് ഇസ്തിഖാമത്ത് ലഭിക്കുന്നതിനുള്ള ഒരു ഉഗ്രൻ മാർഗമാണ്. അധിമധികമായി സ്വലാത്തു ചൊല്ലുക; ചടങ്ങും ശീലവും എന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ വിശേഷഗുണങ്ങളും ഉപകാരങ്ങളും മുന്നിൽവച്ചുകൊണ്ട് ആ മഹാത്മാവിന്റെ ദർജകളുടേയും നിലകളുടേയും ഉയർച്ചയ്ക്കും വിജയങ്ങൾക്കുംവേണ്ടി. ഇതിന്റെ ഫലമായി ദുആ സ്വീകാര്യതയുടെ മധുരമുള്ളതും സ്വാദിഷ്ടവുമായ ഫലങ്ങൾ നിങ്ങൾക്കു കിട്ടുന്നതാണ്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഈ കാലഘട്ടം എത്രമാത്രം അനുഗൃഹീതകാലഘട്ടമാണ്. അല്ലാഹു ഈ കലാപങ്ങൾ നിറഞ്ഞ നാളുകളിൽ(ആ നാളുകളിലും നബി(സ)തിരുമേനിയെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കപ്പെട്ടിരുന്നു) തന്റെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രം നബി(സ)തിരുമേനിയുടെ മഹത്ത്വം പ്രകടിപ്പിക്കുന്നതിനുവേണ്ടി ഇങ്ങനെയൊരു അനുഗൃഹീത തീരുമാനമെടുത്തു. അതായത് അദൃശ്യത്തിൽനിന്ന് ഇസ്ലാമിനെ സഹായിക്കാനുള്ള ഏർപാടാക്കുകയും ഒരു ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു. ഇസ്ലാമിനുവേണ്ടി മനസ്സിൽ ഒരു വേദന വെക്കുന്നവരോട് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്....... ഇത്രമാത്രം അതിക്രമങ്ങളും ദ്രോഹങ്ങളും ഉണ്ടായിട്ടും ഒരു ദൈവികജമാഅത്ത് രൂപീകരിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ ആദരവ് കുറച്ചെങ്കിലും കാത്തുസൂക്ഷിക്കുകയും (ഇവിടെ നിങ്ങൾ എഴുന്നേല്ക്കാനും തോക്കുകൾ എടുക്കാനും ലാത്തികൾ എടുക്കാനും കൊല്ലുംകൊലയും തുടങ്ങാനും പറഞ്ഞില്ല) ഈ ഇസ്ലാമികവിരോധികളുടെ വായ അടപ്പിച്ച് നബി(സ)തിരുമേനിയുടെ മഹത്ത്വവും പരിശുദ്ധിയും ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന് സമ്മതമായിരുന്നില്ലേ? അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുമ്പോൾ ആ മഹാത്മാവിനെ നിന്ദിക്കുന്ന ഇക്കാലത്ത് ആ സ്വലാത്തിന്റെ പ്രകടനം എത്രമാത്രം നിർബന്ധമാണ്. അതിന്റെ പ്രകടനം അല്ലാഹു ഈ ജമാഅത്തിന്റെ അതായത് അഹ്മദിയ്യാ ജമാഅത്തിന്റെ രൂപത്തിലാണ് ചെയ്തിട്ടുള്ളത്. അതിനാൽ സ്വലാത്ത് ധാരാളമായി ചൊല്ലേണ്ടത് ഇന്ന് എല്ലാ അഹ്മദികൾക്കും നിർബന്ധമാണ്; ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യവും നമ്മൾ പൂർത്തീകരിക്കുന്നവരാകുന്നതിനുവേണ്ടി; അല്ലാഹുവിന്റെ വിളിക്ക് നമ്മൾ ഉത്തരം നല്കുന്നവരും നബി(സ)തിരുമേനിയോട് സ്നേഹമുണ്ടെന്നുള്ള വാദത്തെ പൂർത്തീകരിക്കുന്നവർ ആകുന്നതിനുംവേണ്ടി. ഈ സ്നേഹത്തിനോടുള്ള കടമ നിറവേറ്റുന്നതിനുവേണ്ടി ഇന്ന് എല്ലാ അഹ്മദികളും കോടിക്കോടിക്കണക്കിന് സ്വലാത്തും സലാമും ഹൃദയവേദന കൂട്ടിച്ചേർത്ത് അർശിൽ എത്തിക്കേണ്ടതാണ്. ഈ സ്വലാത്ത് മനുഷ്യരുടെ വെടിയുണ്ടകളെക്കാൾ വേഗത്തിൽ ശത്രുക്കളെ അവസാനിപ്പിക്കാൻ ഉപകരിക്കുന്നതാണ്.

സ്വലാത്ത് ചൊല്ലേണ്ട രീതി എങ്ങനെയാണെന്ന് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: തത്തയെപ്പോലെ സാധാരണക്കാർ ഉരുവിടുന്നരീതിയിൽ സ്വലാത്ത് ചൊല്ലരുത്. അവർക്ക് നബി(സ)തിരുമേനിയോട് ആത്മാർഥത ഒട്ടും ഉണ്ടാകുന്നില്ല. അവർ പൂർണമായ ഹൃദയസാന്നിദ്ധ്യത്തോടെ തങ്ങളുടെ റസൂലിനുവേണ്ടി ദൈവികാനുഗ്രഹങ്ങൾ തേടുന്നുമില്ല. പ്രത്യുത പറഞ്ഞു: സ്വലാത്ത് ചൊല്ലുന്നതിനുമുമ്പേ നബി(സ)തിരുമേനിയുമായിട്ടുള്ള സ്നേഹബന്ധം ഏതൊരു പദവിയിൽ എത്തിയിരിക്കണമെന്നാൽ ആദ്യ കാലംമുതൽ അവസാന കാലംവരെ സ്നേഹത്തിന്റെ ഈ നിലയെക്കാളധികം സ്നേഹിക്കുന്ന ഒരാളും ഉണ്ടായിട്ടില്ലെന്നും ഇതിനെക്കാൾ ഉയരുന്ന ഒരാളും ഇനി ഉണ്ടാകുകയുമില്ലെന്നും തീരുമാനിച്ചുറപ്പിക്കേണ്ടതാണ്. തനിക്കെന്തെങ്കിലും പ്രതിഫലമുണ്ടാകും അല്ലെങ്കിൽ പദവി ലഭിക്കും എന്ന വിചാരത്തോടെ സ്വലാത്ത് ചൊല്ലുകയോ ദുആ തേടുകയോ ചെയ്യരുത്. മറിച്ച് അല്ലാഹുവിന്റെ പരിപൂർണ അനുഗ്രഹങ്ങൾ ഹദ്റത്ത് റസൂൽകരീം(സ)യുടെ മേൽ ഇറങ്ങുകയും അതിന്റെ പ്രതാപം ദുൻയാവിലും ആഖിറത്തിലും തിളങ്ങുകയും ചെയ്യണം എന്ന ഉദ്ദേശ്യം മാത്രമായിരിക്കണം ഉണ്ടാകേണ്ടത്. ഈ ഉദ്ദേശ്യത്തിൽ മനശ്ശക്തി ഉണ്ടാകേണ്ടതാണ്. രാപ്പകൽ ശ്രദ്ധയുണ്ടാകേണ്ടതാണ്. ഇതിനെക്കാളുപരിയായി ഒരു ഉദ്ദേശ്യവും മനസ്സിൽ ഉണ്ടാകാൻ പാടില്ല. സ്ഥിരചിത്തതയോടുകൂടി പ്രവർത്തിക്കുക. അതുകൊണ്ട് ഈ രീതിയിൽ സ്വലാത്ത് ചൊല്ലപ്പെടുമ്പോൾ അത് ചടങ്ങിനും ശീലത്തിനും അതീതമായിരിക്കും. നിസ്സംശയം അതിന്റെ അത്ഭുതകരമായ പ്രകാശങ്ങൾ പുറപ്പെടുന്നതായിരിക്കും. പൂർണമായ ഹൃദയസാന്നിദ്ധ്യത്തിന്റെ മറ്റൊരു അടയാളം മിക്കസമയങ്ങളിലും കേഴലും കരച്ചിലുമായിട്ടായിരിക്കുമുണ്ടാകുക എന്നതാണ്. എത്രത്തോളമെന്നാൽ ഈ ശ്രദ്ധ(നാഡി)ഞരമ്പുകളിൽ സ്വാധീനം ചെലുത്തി സ്വപ്നവും ഉണർച്ചയും ഒരുപോലെ

യായിത്തീരണം.

നബി(സ)തിരുമേനിയുടെ അനുഗൃഹീത നാവിലൂടെ പുറത്തുവന്നതു തന്നെയാണ് ഏറ്റവും ഉത്തമമായ സ്വലാത്ത്. അത് ഇതാണ്: **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുമ്മജീദ്-അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുമ്മജീദ്**. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഏതൊരു വാക്കുകളാണോ ഒരു മുത്തഖിയുടെ വായിൽനിന്ന് പുറപ്പെടുന്നത് അവയിൽ തീർച്ചയായും ഒരളവോളം ബർക്കത്തുണ്ടാകും. അപ്പോൾ മുത്തഖികളുടെ നേതാവും നബിമാരുടെ സേനാനായകനുമായ ആളുടെ വായിൽനിന്ന് പുറപ്പെടുന്ന വാക്കുകൾ അതായത് സ്വലാത്തിന്റെ വാക്കുകൾ എത്ര മാത്രം അനുഗൃഹീതമായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഇതുതന്നെയാണ് ഈ സാധുവിന്റെ നിത്യജപം. ഏതെങ്കിലും എണ്ണം പാലിക്കേണ്ട ആവശ്യമില്ല. ആത്മാർഥതയോടും സ്നേഹത്തോടും ഏകാഗ്രചിത്തതയോടും ശ്രദ്ധയോടും വിനയത്തോടും സ്വലാത്ത് ചൊല്ലേണ്ടതാണ്. ഒരു കരച്ചിലിന്റേയും നിരാലംബതയുടേയും ആകർഷണത്തിന്റേയും അവസ്ഥ ഉണ്ടാകുകയും നെഞ്ചകത്തിൽ സന്തോഷവും താൽപര്യവും കാണുകയും ചെയ്യുന്നതുവരെ തീർച്ചയായും സ്വലാത്ത് ചൊല്ലേണ്ടതാണ്. അല്ലാഹു ഈ റൂഹ് നമ്മളിലെല്ലാവരിലും ഉണ്ടാക്കുമാറാകട്ടെ. അർശിലെത്തും വിധമുള്ള സ്വലാത്ത് നമ്മുടെ നെഞ്ചകങ്ങളിൽനിന്ന് പുറപ്പെടുമാറാകട്ടെ. നമ്മളേയും അത് ആർദ്രമാക്കിത്തീർക്കട്ടെ. ഇങ്ങനെ സ്വലാത്ത് ചൊല്ലുന്നവരുടെ എണ്ണം ജമാഅത്തിൽ വർധിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇതിന്റെ നേട്ടം ജമാഅത്ത് പരമായ നിലയിലുമുണ്ടാകും ജമാഅത്തിന്റെ അഭിവൃദ്ധിയിലുമുണ്ടാകും.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ സ്വലാത്ത് ചൊല്ലുന്ന രീതി എനിക്ക് വളരെ നന്നായി തോന്നിയിട്ടുണ്ട്. നമ്മളിൽ ചിലർ അതിനോട് അടുത്തടുത്ത് ചൊല്ലുന്നുമുണ്ട്. ആ രീതി ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കാൻ ആഗ്രഹിക്കുകയാണ്. അതുമുഖേന സ്വലാത്തിനോടൊപ്പം നബി(സ)തിരുമേനിയോടുള്ള വ്യക്തിപരമായ സ്നേഹത്തിലും ഒരു പുതിയ വർണത്തിൽ വർധനയുണ്ടാകുന്നതാണ്. ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ദുആചെയ്യാനുള്ള ഗ്രാഹ്യവും ഉണ്ടാകുന്നു. അവിടന്ന് ഒരിടത്ത് പറയുകയുണ്ടായി 'ഞാൻ എന്നെ സംബന്ധിച്ച് പറയുകയാണ്, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഖബ്റിൽ ദുആ ചെയ്യുന്നതിന് വരുമ്പോഴെല്ലാം ഞാൻ സ്വീകരിച്ചിട്ടുള്ള മാർഗം ആദ്യം ഞാൻ റസൂലുല്ലാഹ്(സ)യ്ക്കുവേണ്ടി ദുആ ചെയ്യുന്നു എന്നതാണ്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുവേണ്ടി ദുആ ചെയ്യുന്നു. ഈ ദുആയാണ് ചെയ്യുന്നത്: അല്ലാഹുവേ! ഈ മഹാത്മാക്കളുടെ സന്നിധിയിൽ സമ്മാനമെന്ന നിലയിൽ സമർപിക്കാൻ എന്റെ കൈയിൽ ഒന്നുമില്ല. എന്റെ കൈയിലുള്ളതൊന്നും അവർക്ക് ഒരു പ്രയോജനവും ചെയ്യുകയുമില്ല. എന്നാൽ, നിന്റെ പക്കൽ എല്ലാമുണ്ട്. അതുകൊണ്ട് ഞാൻ നിന്നോടു ദുആ ചെയ്യുകയും അപേക്ഷിക്കുകയുമാണ്, നീ എന്നോടു ഔദാര്യം കാണിച്ച് എനിക്കുവേണ്ടി സ്വർഗത്തിൽ ഇതുവരെ കിട്ടിയിട്ടില്ലാത്ത സമ്മാനം അവർക്ക് നല്കിയാലും. ഇലാഹീ! റസൂലുല്ലാഹി(സ)ന് ഇതുവരെ കിട്ടിയിട്ടില്ലാത്ത ഏതെങ്കിലും സമ്മാനം നല്കേണമേ എന്ന് നമ്മൾ ദുആ ചെയ്യുകയും ആ സമ്മാനം ആ മഹാത്മാവിന് നല്കപ്പെടുകയും ചെയ്യുമ്പോൾ, ഇന്ന വ്യക്തിയിൽനിന്നുള്ള സമ്മാനമാണിതെന്ന് ആ മഹാത്മാവിനോട് പറയും എന്നത് ഉറപ്പാണ്-ആ അവസരത്തിൽ അനിയന്ത്രിതമായി ആ മഹാത്മാവിന്റെ റൂഹ് അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴുകയും അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുകയും ചെയ്യും: അല്ലാഹുവേ! നീ ഞങ്ങൾക്കുവേണ്ടി നല്ല പ്രതിഫലം അവന് നല്കിയാലും. ഇപ്രകാരം **ഫഹയ്യൂ ബിഅഹ്സനി മിൻഹാ** അനുസരിച്ച് ആ ദുആ വീണ്ടും സ്വലാത്ത് ചൊല്ലുന്നവന്റെ അടുക്കലേക്ക് മടങ്ങി വരുന്നതാണ്. അത് അവന്റെ ദർജ ഉയരുന്നതിന് കാരണമാകും. ഇതാണ് ആ രീതി. ഇതുകൂടാതെ അവന്റെ എന്തെങ്കിലും അന്യാരാധനാപരമായ പ്രവർത്തിയാണെങ്കിൽ നമുക്ക് തന്നെയും സമൂഹത്തിനും ഫലമെടുക്കാൻ കഴിയുകയില്ല. അതായത് സമൂഹത്തിനും വ്യക്തിക്കും ഫലമെടുക്കാൻ സാധിക്കുകയില്ല. ജമാഅത്ത് അഭിവൃദ്ധിപ്പെടുമ്പോൾ, നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നവരുടെ എണ്ണം വർധിക്കുമ്പോൾ എതിരാളികളുടെ എണ്ണവും കുറഞ്ഞുകൊണ്ടേ പോകും.

ഇതുകൂടാതെ മറ്റൊരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദും അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദും** വെവ്വേറെ എന്തിനാണ് പറഞ്ഞതെന്ന് ചിലയാളുകൾ ചോദിക്കാറുണ്ട്. അതിനെ സംബന്ധിച്ച് ചുരുക്കി പറയുകയാണ്. **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൽ** നബി(സ)തിരുമേനിയുടെ ശരീഅത്തിന്റെ വിജയവും എന്നെന്നുമുള്ള നിലനില്പും ഉമ്മത്തിന് ആ മഹാത്മാവിന്റെ ശഫാഅത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിനുള്ള ദുആയുമാണുള്ളത്. **അല്ലാഹുമ്മ ബാരിക്** എന്നതിൽ നബി(സ)തിരുമേനിയുടെ അന്തസ്സും മഹത്വവും തേജോവിലാസവും മാഹാത്മ്യവും എന്നെന്നും നിലനില്ക്കുന്നതിനുവേണ്ടിയുള്ള ദുആയാണ്.

അല്ലാഹു നമുക്ക് യഥാർഥമായ നിലയിൽ സ്വലാത്ത് ചൊല്ലാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ സ്വലാത്തുകാരണത്താൽ നമ്മൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരാകുന്നതോടൊപ്പം നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിലും

ശേഷം പേജ് 22ൽ

# മാർക്സിസവും ധാർമികതയും

ധാർമികത എന്നത് ശാശ്വതവും സ്ഥലകാലാതിവർത്തിയുമായ സനാതന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ജീവിത ദർശനമാണ്. മനുഷ്യന്റെ പ്രകൃതി വ്യവസ്ഥയുമായി അത് ബന്ധപ്പെട്ടു നിൽക്കുന്നു. ധാർമികത സാപേക്ഷികമാണെന്ന മാർക്സിയൻ വാദം മതത്തിന് അംഗീകരിക്കാൻ സാദ്ധ്യമല്ല. കമ്യൂണിസത്തിന്റെ തന്നെ സുസ്ഥിരതക്ക് ഈ മാർക്സിസ്റ്റ് സമീപനം വിഘാതമായി തീരുന്നു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മാർക്സിസം നേരിടുന്ന മറ്റൊരു പ്രതിസന്ധി പക്ഷപാതപരമായി ധാർമികതയെ നിർവചിക്കാനാവില്ല എന്നതാണ്. അന്യരെ ബഹുമാനിക്കുക എന്ന ധാർമിക ബാധ്യത നിരാകരിക്കാൻ ഒരു സമൂഹത്തെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്താൽ ആ സമൂഹത്തിന്റെ സ്വന്തം ധാർമികബാദ്ധ്യതകൾ തന്നെ നിറവേറ്റുവാൻ സാധ്യമല്ലാതെ വരും. ഒരിക്കൽ അധാർമികതക്ക് വഴിപ്പെട്ടാൽ പിന്നെ എപ്പോഴും അത് സംഭവിക്കുന്നു എന്നത് മനുഷ്യ സഹജമാണ്. ഇത് തന്നെ കമ്യൂണിസ്റ്റ് അധീശ വ്യവസ്ഥക്കും ബാധകമാണ്. അവർ നയിക്കുന്ന സാമൂഹിക വ്യവസ്ഥയിൽ അധാർമികത അഴിമതിയിലൂടെ അള്ളിപ്പിടിച്ചിരിക്കുന്നതായി കാണാം. അവരുടെ വ്യവസ്ഥ നിലനിർത്താൻ കൂടുതൽ അഴിമതിയിലേക്ക് അവർ വളർന്നു മുന്നേറുന്നതാണ്.

ധാർമികതയേയും അധാർമ്മികതയേയും ഒരേ വഴിയിലൂടെ തിരിച്ചുവിടാൻ സാധ്യമല്ല. കമ്യൂണിസ്റ്റ് അധികാര ശ്രേണിക്ക് കമ്യൂണിസ്റ്റ് ലോകത്തോട് ധാർമികമായി പെരുമാറാൻ സാധ്യമല്ല. അവരങ്ങനെ ചെയ്യണമെന്ന് തീരുമാനിച്ചാലും അതിന് സാധ്യമല്ല. അവർ പരിശീലിപ്പിക്കപ്പെട്ടതും കമ്യൂണിസ്റ്റിതരലോകത്തോടും അവരുടെ താൽപര്യങ്ങളോടും ധാർമികമായി യാതൊരു പ്രതിബദ്ധതയുമില്ലാതെ പെരുമാറണമെന്നാണ്. കമ്യൂണിസ്റ്റ് ഏകാധിപത്യം ഏറെനാൾ കഴിയുന്നതിന് മുമ്പേ തകർന്നടിയാൻ ഈയൊരു ഘടകം മാത്രം മതി.

പ്രചുര പ്രചാരം സിദ്ധിച്ച ഒരു ശൈലിയുണ്ട്. ഏകാധിപത്യം ദുഷിപ്പിക്കുന്നു. തികഞ്ഞ ഏകാധിപത്യം തികച്ചും ദുഷിപ്പിക്കുന്നു.( Dictatorship corrupts and absolute dictatorship corrupts absolutly) ഇത് കമ്യൂണിസ്റ്റ് വ്യവസ്ഥിതിക്കാണ് ഏറ്റവും ഭംഗിയായി ചേരുക. ക്രൂരതയും മർദനവും നീതി നിഷേധവും നടത്തിയാലല്ലാതെ അധാർമികതക്ക് അതിജീവിക്കാൻ സാധ്യമല്ല. വിദ്വേഷം വിദ്വേഷത്തെ ജനിപ്പിക്കുന്നു. അപ്രകാരം അധാർമികതയിൽ നിന്നും അധാർമികത പിറവി കൊള്ളുന്നു. ധാർമിക മൂല്യങ്ങളെ അവഗണിച്ചു കൊണ്ട് മുന്നേറുന്ന കമ്യൂണിസ്റ്റ് അധികാര ശ്രേണി അവസാനം ഉന്നതങ്ങളിലെത്തുമ്പോൾ തികഞ്ഞ അധാർമികതയിലധിഷ്ഠിതമായ സ്വേച്ഛാധിപത്യത്തിലായിരിക്കും കലാശിക്കുക. ഇങ്ങനെ അവരുടെ നേതൃത്വത്തിലെ സമ്പൂർണ അധാർമികതയിലധിഷ്ഠിതമായ സ്വേച്ഛാധിപത്യത്തിന് അധികനാൾ, അൽപം ചില ആളുകളിൽ മാത്രം ഒതുങ്ങി നിൽക്കാൻ കഴിയില്ല. അവരുടെ ഗ്രൂപ്പിന്റെ നിലനിൽപ്പിന് അഭിപ്രായ രൂപീകരണം നടത്തുന്ന എല്ലാ അനുബന്ധ തലങ്ങളിലേക്കും ഈ ദുഷിപ്പുകൾ വ്യാപിക്കേണ്ടത് അനിവാര്യമായി വരുന്നു. അതിനാൽ ഈ അധാർമികതയുടെ ഊഷരവൃത്തങ്ങൾ കൂടുതൽ ആഴത്തിലും പരപ്പിലും വളരുന്നു. അങ്ങനെ എല്ലാ തലങ്ങളിലേക്കും അത് വ്യാപിക്കുന്നു.

എന്ത് തന്നെയായാലും ഒരു ദൈവിക പ്രവാചകന്റെ പരമാധികാരം ഭൗതിക അധികാരികളുടെതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. പ്രവാചകൻമാരുടെ അധികാരം വളരെ ഉറപ്പായും ഒരു മതധാർമിക സംഹിതയെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായിരിക്കും. അത് അദ്ദേഹത്തിന് പോലും ലംഘിക്കുവാൻ സാധ്യമല്ല. അങ്ങനെ ലംഘിക്കപ്പെട്ടാൽ അദ്ദേഹത്തിന്റെ അധികാര സൗധം മുഴുവനും തകർന്നു തരിപ്പണമാവും. ദൈവിക വെളിപാടുകൾ മൂലം നിലവിൽ വന്ന ധാർമിക സംഹിതകൾ, അതിനോട് ചേർന്ന് നിൽക്കുന്നവരിലും ആ ധർമ സംഹിതയുടെ സ്വഭാവഗുണങ്ങൾ പകരാനുള്ള ശേഷി ഉൾക്കൊള്ളുന്നു എന്ന കാര്യം കൂടി നാം ഓർക്കണം. മനുഷ്യന് അവന്റെ ആത്മാവിൽ അന്തർലീനമായിക്കിടക്കുന്ന രോഗങ്ങളെ ശമിപ്പിക്കുവാൻ വെളിപാട് സത്യങ്ങൾക്ക് മാത്രമെ സാധ്യമാവൂ. മനുഷ്യന്റെ യുക്തിബോധത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള മനുഷ്യ നിർമിതമായ ഒരു

സംഹിതക്കും ഈ അത്ഭുതം പ്രവർത്തിക്കാൻ സാധ്യമല്ല. നിർദയമായ രീതിയിൽ ബലം പ്രയോഗിച്ചാൽ പോലും ഇത് സാധ്യമല്ല. സെക്കുലർ ഏകാധിപതികളും പ്രവാചകൻമാരുടെ പരമാധികാരവും തമ്മിലുള്ള മുഖ്യമായ വ്യത്യാസം സെക്കുലർ ഏകാധിപതികൾ ഏതെങ്കിലും ധാർമിക സംഹിതയോട് പ്രതിബദ്ധത പുലർത്തുന്നതിൽ നിന്നും തികച്ചും സ്വതന്ത്രരായിരിക്കും. എന്നാൽ പ്രവാചകൻമാരാകട്ടെ തന്റെ അനുയായികൾക്കെല്ലാവർക്കും ഒരുപോലെ ഏതവസരത്തിലും പാലിക്കാൻ ബാദ്ധ്യസ്ഥമായ ധാർമികാദ്ധ്യാപനങ്ങളടങ്ങിയ ദിവ്യ ഗ്രന്ഥത്താൽ ഭരിക്കപ്പെടുന്നവരായിരിക്കും. ഈ വ്യത്യാസങ്ങൾ അവരെ രണ്ട് വിരുദ്ധ ധ്രുവങ്ങളിൽ നിലകൊള്ളിക്കുന്നു.

അധികാരത്തിലേറ്റപ്പെടുന്ന ഒരു കമ്യൂണിസ്റ്റ് ഭരണത്തെ പിന്നീട് തൊഴിലാളി വർഗ വിപ്ലവത്തിന് ഒരിക്കലും തന്നെ അധികാരത്തിൽ നിന്നും പുറത്താക്കാൻ സാധ്യമല്ല. അവരുടെ അധികാരശക്തി നിർദയമായതും ആത്യന്തികവുമാണ്. കാരുണ്യം, കേവല ധാർമികത എന്നീ പദങ്ങൾക്കൊന്നും മാർക്സിയൻ ശബ്ദകോശത്തിൽ സ്ഥാനമില്ല. മാർക്സിസത്തിന്റെ ധർമനിരപേക്ഷമായ നിയമ സംഹിതയുടെ ശ്രേഷ്ഠആചാര്യൻ സ്റ്റാലിനായിരുന്നു. കമ്യൂണിസ്റ്റ് തത്ത്വശാസ്ത്രത്തിന്റെ പരിപ്രേക്ഷ്യത്തിൽ അഭിമാനാർഹമെന്ന് പ്രഖ്യാപിക്കപ്പെട്ട സ്റ്റാലിന്റെ ഏകാധിപത്യ ഭരണകാലത്ത് തൊഴിലാളി വർഗത്തിന്റെ തന്നെ കൂട്ടക്കുരുതികൾ മാർക്സിസത്തിന്റെ ബലിവേദിയിൽ ഹോമിക്കപ്പെട്ടു.

അഹോ കഷ്ടം, മാർക്സിലെ പ്രതിഭാശാലി ദ്വന്ദാത്മക ഭൗതികവാദത്തിൽ ഉള്ളടങ്ങിയിരിക്കുന്ന ദൗർബല്യം തിരിച്ചറിയാതെ പോയി. കമ്യൂണിസത്തിന്റെ ശക്തമായ കരങ്ങൾക്ക് പോലും അത് മരുഭൂമിയിലെ ശിക്ഷാ ദേവതയായ ഉഗ്രമൂർത്തിയുടെതിനേക്കാൾ ശക്തമായിരുന്നാലും ശരി മനുഷ്യ സമൂഹത്തിലെ ഉച്ച നീചത്വങ്ങൾ സമീകരിക്കുന്നതിൽ വിജയിക്കാൻ സാധിക്കുമായിരുന്നില്ല.

പ്രകൃതിയിലെ ക്ഷോഭകാരണമായ ഘടകങ്ങൾ പ്രവർത്തിക്കുമ്പോൾ ഉഗ്രരോഷത്തോടെ താണ്ഡവമാടുന്ന ഒരു സമുദ്രത്തിന്റെ കാര്യമെടുക്കാം. എല്ലാ സമുദ്രവും പിന്നീട് തിരയിളക്കമില്ലാതെ പ്രശാന്ത സ്ഥൈര്യതയിലേക്ക് തിരിച്ചു വരാറുണ്ട്. അപ്രകാരം മണൽ കൂമ്പാരങ്ങളില്ലാത്ത മരുഭൂമിയിലെ വിശാലമായ മണൽ പരപ്പ് ശാന്തതയുടെയും അപ്രക്ഷുബ്ധതയുടെയും മിഥ്യാ പ്രതീതി സൃഷ്ടിക്കുന്നു. മാർക്സിയൻ സങ്കൽപ പ്രകാരമുള്ള സ്ഥൈര്യവും സമാധാനവും മേൽപറഞ്ഞ പ്രകൃതി ദൃശ്യങ്ങൾ പോലെയാണ്. പക്ഷേ പ്രകൃതിയിൽ കാണുന്ന അത്തരം ശാന്തത മരണത്തിൽ കവിഞ്ഞ മറ്റൊന്നുമല്ല എന്ന് മാർക്സിസ്റ്റുകാർ തിരിച്ചറിയുന്നില്ല. കേവല സമത്വമുള്ളത് എവിടെയാണോ അവിടെ പ്രകൃതി ശക്തികളുടെ പ്രതിപ്രവർത്തനങ്ങളുണ്ടാവില്ല. എന്നാൽ മാർക്സിസ്റ്റുകാർ മറന്നു പോകുന്ന കാര്യം, തികച്ചും ശാന്തമായ സമുദ്രത്തിനും മരിച്ചത് പോലെ മരവിച്ച് നിൽക്കുന്ന മരുഭൂമിക്കും മനുഷ്യനെപ്പോലെ ചതിയോ വഞ്ചനയോ കൃത്രിമമായ ഉച്ചനീചത്വങ്ങളോ നടത്താൻ സ്വാതന്ത്ര്യമില്ല. സമുദ്രത്തിലും മരുഭൂമിയിലും ഉണ്ടാവുന്ന ഉയർച്ച താഴ്ചകൾ പ്രകൃതിപരം മാത്രമാണ്. അതിനേക്കാളുപരി ഉയർച്ചയും താഴ്ചയും യാതൊരു വിധത്തിലുമില്ലാത്ത ഒരു വ്യവസ്ഥ മനുഷ്യന് മുന്നോട്ട് വെക്കുക അസാധ്യമാണ്. വെള്ളത്തുള്ളികൾ ഒരുപക്ഷേ ഒരു പോലെ കാണും. ഓരോ മണൽ തരിയ്ക്കും ഒരുപക്ഷേ ഒന്നിന് മറ്റൊന്നിന്റേത് പോലെ രൂപമുണ്ടാകും. പക്ഷേ മനുഷ്യൻ ഒരിക്കലും അങ്ങനെ സൃഷ്ടിക്കപ്പെട്ടവനല്ല.

മാർക്സിയൻ തത്ത്വശാസ്ത്രത്തിൽ മനുഷ്യ ഘടകങ്ങളാണ് കമ്യൂണിസ്റ്റ് മിഥ്യാസ്ഥിതിസമത്വം സൃഷ്ടിക്കുന്നത്. കമ്യൂണിസ്റ്റ് രാഷ്ട്രത്തിലെ ഓരോ പ്രജക്കും തുല്യമായ സാമ്പത്തിക സാഹചര്യവും, ഒരേ അളവ് ഭക്ഷണവും, വെണ്ണയും ഇറച്ചിയുമാണ് നൽകപ്പെടുന്നതെങ്കിൽ എല്ലാ പൗരൻമാർക്കും അവനാഗ്രഹിക്കുന്നത് അല്ലെങ്കിൽ അവന്റെ ആവശ്യാനുസൃതം മതിയായ രീതിയിൽ നൽകപ്പെടുകയാണെങ്കിൽ ഒരിക്കലും തന്നെ കമ്യൂണിസ്റ്റ് സ്റ്റേറ്റിലെ മനുഷ്യനിൽ അത്യാഗ്രഹത്തിൽ നിന്നുണ്ടാവുന്ന ദുഷ്ടവിചാരങ്ങൾ ഉടലെടുക്കില്ല. അത്തരമൊരു സമത്വസുന്ദരമായ സാമ്പത്തിക വ്യവസ്ഥയിൽ ആർക്കും തന്നെ കളവ് നടത്താനോ കൊള്ള നടത്താനോ വഞ്ചിക്കാനോ സമ്പത്ത് കുന്ന് കൂട്ടാൻ പോലു ള്ള ആവശ്യം കാണില്ല. അവന് സ്റ്റേറ്റ് അനുവദിക്കുന്നതിൽ കവിഞ്ഞ് യാതൊന്നും തന്നെ വാങ്ങുവാനും സാധ്യമല്ല. അത്തരത്തിലുള്ള ഒരു സമൂഹം അന്തിമമായി എല്ലാ കുറ്റകൃത്യങ്ങളിൽ നിന്നും നിർമുക്തമായിരിക്കും. കാരണം എല്ലാ കുറ്റകൃത്യങ്ങളിലേക്കും നയിക്കുന്ന അത്യാഗ്രഹം എന്ന ശക്തമായ പ്രേരണാഘടകം അവിടെ ഉൻമൂലനം ചെയ്യപ്പെട്ടതായി കാണപ്പെടും.

എല്ലാവർക്കും ഒരു പോലെയുള്ള അവസരങ്ങളും ഒരുപോലെയുള്ള ആവശ്യങ്ങളും ആവശ്യങ്ങളുടെ ഒരു പോലെയുള്ള നിറവേറ്റലുകളും ഉറപ്പാക്കപ്പെടുന്ന അവസ്ഥ സംജാതമാകുമ്പോൾ, അതിന് സമൂഹത്തിലെ ഓരോ അംഗവും അവന്റെ കഴിവനുസരിച്ചുള്ള അദ്ധ്വാനത്തിന്റെ പങ്ക് സമൂഹത്തിന് നൽകിയിരിക്കണം, എങ്കിൽ മാത്രമേ സമ്പൂർണ സുസ്ഥിരത എന്ന കമ്യൂണിസ്റ്റ് സ്വപ്നം യാഥാർഥ്യമാവൂ. അത്തരത്തിലുള്ള ഒരു സമൂഹത്തിന് അതിന്റെ ഭരണം നടത്താൻ ഒരു സ്റ്റേറ്റിന്റെ ആവശ്യമില്ല. ചുരുക്കത്തിൽ ഇതാണ് മാർക്സിയൻ ഭൗതികവാദത്തിന്റെ ഉട്ടോപ്പിയ* (മിഥ്യാ സങ്കൽപം).

എന്തായാലും ലോകത്തിലെ സാമ്പത്തികവും രാഷ്ട്രീയവുമായ ഏറ്റവും പുതിയ പ്രവണതകൾ ഈ ഭൗതിക മിഥ്യയെ തകർത്തു കളഞ്ഞിരിക്കുകയാണ്. മാർക്സിന്റെ ഈ ഏദൻ തോട്ടം നശിപ്പിക്കാൻ പുറത്ത് നിന്നുള്ള ഒരു കൽപനയു

ടെയും ആവശ്യം വരുന്നില്ല. മാർക്സിസത്തിലെ ധാർമികതയുടെ നിരാസം അതിനകത്ത് നിന്നുതന്നെ അതിന്റെ ആത്യന്തിക നാശം ഉറപ്പ് വരുത്തുന്നു.

മാർക്സിന്റെ പട്ടാള ചിട്ടയിലുള്ള സിദ്ധാന്തത്തിന് മറ്റു പല വൈകല്യങ്ങളും ഉള്ളടങ്ങിയിട്ടുണ്ട്. മാർക്സിസം അതിന്റെ അംഗങ്ങൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ സത്യസന്ധമായി നിർവഹിക്കാൻ മാർഗദർശകമായ ഒരു ധർമസംഹിത നൽകുന്നില്ല. ഇതിന് പുറമെ ദൈവ നിരാസത്തിലൂന്നിക്കൊണ്ട് പരലോക ജീവിതത്തെ നിഷേധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ആരുടെ മുമ്പിലും കണക്ക് ബോധിപ്പിക്കേണ്ട ആവശ്യമില്ലെന്ന വിശ്വാസവും ഉടലെടുക്കുന്നു. ഈ നിലപാട് പാർട്ടിയുടെ ഔദ്യോഗിക ഭാരവാഹികളുടെ സമ്പൂർണ അച്ചടക്കമില്ലായ്മയിലേക്കും സ്വാർഥതയിലേക്കുമുള്ള പ്രോത്സാഹനമായി വർത്തിക്കുന്നു. ഒരാളുടെ വ്യക്തിഗതമായ അഭിവാഞ്ജകൾക്കും ആഗ്രഹങ്ങൾക്കും കടിഞ്ഞാണില്ലാഞ്ഞാൽ അതിനെ തുടർന്ന് തികഞ്ഞ സ്വാർഥതയായിരിക്കും സംജാതമാവുക. ഒരാൾക്ക് തന്റെ അത്യാഗ്രഹങ്ങളെ ശമിപ്പിക്കാനുതകുന്നതെല്ലാം അയാൾക്ക് ചെയ്യാൻ സ്വാതന്ത്ര്യമുണ്ടെന്ന് അയാൾ കരുതുന്നു. അഴിമതിക്കാരും അവരുടെ വർഗ താൽപര്യങ്ങൾ സംരക്ഷിക്കാൻ എപ്പോഴും സംഘടിക്കുന്നു.അവർ പൊതുജന മദ്ധ്യത്തിൽ തുറന്നു കാട്ടപ്പെടുന്നതിനെതിരെയും ശിക്ഷിക്കപ്പെടുന്നതിനെതിരെയും രക്ഷപ്പെടാൻ വഴികൾ കണ്ടെത്തുന്നു. ഇതിനായി അഴിമതിക്കാർ ഒരേ തൂവൽപക്ഷികളുമായി കൈകോർക്കുന്നു. ഒരുപക്ഷേ അനുശീലനം വഴി അവർ അങ്ങനെ ആയിത്തീരുന്നു. മനുഷ്യനിലെ ഇത്തരത്തിലുള്ള സ്വാർഥപരമായ പ്രവണതകൾ കൊണ്ടായിരിക്കാം മനുഷ്യനെ ഒരു അധാർമ്മികനായ മൃഗമെന്ന് മാർക്സ് വിശേഷിപ്പിച്ചത്. അതേ പ്രവണതകൾ കൊണ്ട് തന്നെയായിരിക്കും കമ്യൂണിസ്റ്റ് സാമ്രാജ്യം തകരുകയെന്ന കാര്യം അദ്ദേഹത്തിന് തിരിച്ചറിയാനായില്ല.

രാഷ്ട്രരഹിതമായ ഒരു സമൂഹത്തെ സംബന്ധിച്ച മാർക്സിന്റെ സ്വപ്നങ്ങളെ പരാജയപ്പെടുത്തിയത് ധാർമികതയുടെ നിരാസം മാത്രമായിരുന്നില്ല. രാഷ്ട്രരഹിത സമൂഹം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ അവസരസമത്വം മാത്രം മതിയായിരുന്നില്ല. അതുപോലെ സാമ്പത്തികാവശ്യങ്ങൾ മാത്രം നിറവേറ്റപ്പെട്ടാലും അവസരസമത്വം സംജാതമാവില്ല. എല്ലാ സ്വേച്ഛാധിപത്യ വ്യവസ്ഥകളിലും പരമോന്നത ചാലക ശക്തിയായി വർത്തിക്കുന്ന അധികാരശക്തിയുടെ സ്രോതസ്സ് പിടിച്ചെടുക്കാനുള്ള ആർത്തി ശമിപ്പിക്കാനുള്ള പരിഹാരമെവിടെയാണ്? അധികാരശക്തി പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട അസൂയ, പക, വിദ്വേഷം എന്നിവ തടയുന്നതിനുള്ള ശാസ്ത്രീയമായ പരിരക്ഷ ഈ സംവിധാനത്തിലുണ്ടോ? മാർക്സിന്റെ ശാസ്ത്രീയ ദർശനം ഈ മേഖല സ്പർശിച്ചിട്ടു പോലുമില്ല.

കമ്യൂണിസത്തിന്റെ ഈ മിഥ്യാ സങ്കൽപത്തിലെത്താൻ ഒരാൾക്ക് ധാർമികതയേയും കാരുണ്യത്തേയും പറ്റി അറിയാത്ത സമൂഹത്തിന്റെ കാഠിന്യങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. സമൂഹത്തിൽ സമ്പൂർണ സാമ്പത്തിക രാഷ്ട്രീയ സമത്വം കൈവരിക്കപ്പെടുന്നതിന് വളരെ മുമ്പേ തന്നെ മനുഷ്യനിലെ അധാർമികത കമ്യൂണിസ്റ്റ് ജീവിത ദർശനമെന്ന സൗധത്തെ തകർത്തുകളഞ്ഞിട്ടുണ്ടാവും.

ഇതിന്റെ വെളിച്ചത്തിൽ കമ്യൂണിസ്റ്റ് സാമ്രാജ്യം തകർന്നടിഞ്ഞതിനെ സംബന്ധിച്ച് നാം പുനർഗവേഷണം നടത്തുകയാണെങ്കിൽ അതിന്റെ വക്താക്കളുടെ ധാർമികമായ അപചയമാണ് ഏറ്റവും വലിയ കുറ്റവാളി എന്ന് തിരിച്ചറിയുന്നതിൽ നിന്നും നാം പരാജയപ്പെട്ടില്ല. സോവ്യറ്റ് യൂണിയന്റെ തകർച്ചക്ക് മുഖ്യ കാരണമായി ആരോപിക്കപ്പെടുന്നത് കമ്യൂണിസ്റ്റ് ലോകത്തെ അഴിമതിയാണ്. ധാർമികത കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ നിന്നും നിഷ്കാസിതമായതോടെ അതിന്റെ പരാജയത്തിന്റെ വിധിയും കമ്യൂണിസ്റ്റ് ചാർട്ടറിൽ എഴുതപ്പെട്ടു കഴിഞ്ഞിരുന്നു.

ഒരു വശത്ത് വെളിപാട് സത്യങ്ങൾ, മറുവശത്താകട്ടെ സത്യങ്ങളെല്ലാം മനുഷ്യന്റെ യുക്തിചിന്തയിലൂടെ കണ്ടെത്തിയതാണെന്ന സിദ്ധാന്തവും, ഈ രണ്ട് തത്വശാസ്ത്രങ്ങളുടെയും യോഗ്യത വിലയിരുത്താൻ അത്രയൊന്നും പ്രയാസമില്ല. മതത്തിന്റെ ഭാഗത്ത് നിന്നുള്ള ദിവ്യമായ പ്രഖ്യാപനങ്ങൾ എപ്പോഴും അവകാശപ്പെടുന്നത് മനുഷ്യ സമൂഹത്തിൽ നീതിയും ന്യായവും അതിന്റെ കേവല സങ്കൽപം കൂടാതെ അതായത് അതിന്റെ പരമ പരിശുദ്ധ സങ്കൽപത്തിലല്ലാതെ സ്ഥാപിക്കപ്പെടുകയില്ല എന്നാണ്. ധാർമികമായ ദൃഷ്ടിപ്പുകളും കേവല നീതിയിലധിഷ്ഠിതമായ ഒരു ധാർമിക സംഹിതയും ഒരിക്കലും കൈകോർത്തു പോകില്ല. കേവല നീതി(Absolute Justice) യാണ് എല്ലാ സത്യങ്ങളുടെയും സാര സർവസ്വം. മനുഷ്യനിൽ കേവലമൂല്യങ്ങൾ പുനരധിവസിപ്പിക്കാതെ ഭൂമിയിൽ സ്വർഗം പണിയാമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാനാവില്ല. ഇത് സാർവകാലികവും സാർവത്രികവുമായ ഒരു പ്രഖ്യാപനമാണ്.

വെളിപാടുകളിൽ പടുത്തുയർത്തിയ ഈ പൗരാണികമായ തത്വജ്ഞാനം പരാജയപ്പെടുത്താനായിരുന്നു മാർക്സ് ഉദ്യമിച്ചത്. വെളിപാടുകളെ അദ്ദേഹം അടിമുടി തള്ളിക്കളയുകയും മനുഷ്യന് ദിവ്യ മാർഗദർശനത്തിന്റെ ആവശ്യമില്ലെന്ന പ്രതിവാദം ഉയർത്തുകയും ചെയ്തു. മാത്രമല്ല ദൈവം നിലനിൽക്കുന്നില്ലെന്ന് അദ്ദേഹം അവകാശപ്പെട്ടു. മനുഷ്യൻ അവന്റെ സ്വപ്നത്തിന്റെ അവസാന സാക്ഷാത്ക്കാരമായ ഭൂമിയിലെ സ്വർഗം പണിയാൻ സ്വയം തന്നെ വഴിയൊരുക്കണമെന്ന് അദ്ദേഹം വാദിച്ചു. അതിനാൽ ദിവ്യ മാർഗദർശനത്തെ പരിപൂർണമായും നിരാകരിച്ച് അദ്ദേഹത്തിന്റെ ബുദ്ധിശക്തികൊണ്ട് ഒരു മാർഗം പണിതു.

രാഷ്ട്രരഹിത സമൂഹം എന്ന മാർക്സിയൻ ദർശനം വീണ്ടും പരിശോധിക്കുമ്പോൾ നാം സൂചിപ്പിച്ചു

കഴിഞ്ഞ അടിസ്ഥാനപരമായ മറ്റൊരു വൈകല്യം കൂടി വെളിച്ചത്ത് വരുന്നു. സാമ്പത്തിക ഉച്ചനീചത്വങ്ങൾ ഇല്ലാതായാൽ കുറ്റകൃത്യങ്ങളുടെ മൂലകാരണം ഉൻമൂലനം ചെയ്യപ്പെടുമെന്ന് അവർ യാതൊരു അടിസ്ഥാനവുമില്ലാതെ സങ്കൽപിച്ചു.ആയതിനാൽ കുറ്റകൃത്യങ്ങളെ നേരിടാൻ രാഷ്ട്രത്തിന്റെ അധികാരശക്തിയുടെ ആവശ്യമില്ല. എന്തായിരുന്നാലും മനുഷ്യന്റെ അത്യാർത്തി അവന്റെ സാമ്പത്തിക രംഗത്ത് മാത്രം പരിമിതമല്ല. മാർക്സിസത്തിന്റെ സകല ലക്ഷ്യങ്ങളും നേടിക്കഴിഞ്ഞാൽ പോലും മാർക്സിസ്റ്റ് കണ്ണുകൾ കണ്ടതിനേക്കാൾ കൂടുതൽ ലക്ഷ്യങ്ങൾ മനുഷ്യന്റെ ആർത്തിപൂണ്ട കണ്ണുകൾ കാണുന്നതായിരിക്കും.

മനുഷ്യന്റെ മനസ്സ് നിരവധി ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും ജന്മം നൽകുന്നു. മനുഷ്യ മനസ്സിനെ കണക്കിലെടുക്കാതെ നിർദേശിക്കുന്ന എല്ലാ പരിഹാരങ്ങളും അപര്യാപ്തങ്ങളായിരിക്കും. മനുഷ്യനിലെ അസമത്വം വെറും സാമ്പത്തികം മാത്രമല്ല. അത് അവന്റെ ശാരീരികവും മാനസികവുമായ കഴിവുകളെ ആശ്രയിച്ചുള്ളതാണ്. ഭരിക്കാനും കീഴടക്കാനും നിയന്ത്രിക്കാനും അധീശത്വം സ്ഥാപിക്കാനും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള മനുഷ്യന്റെ സഹജമായ ആഗ്രഹങ്ങൾ അവനിൽ ആർത്തിയുടെ വിത്തു മുളക്കാൻ പറ്റിയ ഫലഭൂയിഷ്ടമായ മേഖലകളിൽ അൽപം ചിലതാണ്.

സൗന്ദര്യം എല്ലാ സ്ത്രീ പുരുഷൻമാർക്കും ഒരു പോലെ പങ്കുവെക്കാൻ കഴിയാത്ത മറ്റൊരു സംഗതിയാണ്. ശാരീരിക ക്ഷമതയും ആരോഗ്യവും അവർക്കിടയിൽ സമമായ രീതിയിൽ വിതരണം ചെയ്യാൻ സാധ്യമല്ല. ദൃശ്യശ്രാവ്യ കഴിവുകൾ, രുചിയും സ്പർശനവും, ഇഷ്ടവും അനിഷ്ടവും, പ്രതിപത്തിയും വിപ്രതിപത്തിയും അതുപോലെ കലാപരമായ കഴിവുകൾ കലയോടും സംഗീതത്തോടുമുള്ള അഭിരുചി അതുപോലെ കലയോടുള്ള ആഭിമുഖ്യം, സാഹിത്യത്തോടുള്ള വാസന, പുസ്തകപ്പുഴുക്കളെ പോലെ വായിക്കുന്നതിനോടുള്ള വിരക്തി എന്നിവ വൈവിധ്യങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. ശാസ്ത്രീയ സോഷ്യലിസത്തിന്റെ വക്താക്കൾക്കും ഇത് നശിപ്പിക്കാൻ സാധ്യമല്ല. ഇത് വിധിക്കപ്പെട്ടു കഴിഞ്ഞ കാര്യമായി അവർ സ്വീകരിക്കേണ്ടതാണ്. പ്രശ്നമെന്താണെന്ന് വെച്ചാൽ ഈ വൈവിധ്യമാണ് മനുഷ്യ സമൂഹത്തിലെ എല്ലാ ദുഷിപ്പുകൾക്കും മൂലകാരണം. എല്ലാ സാമൂഹിക തിന്മകളും അതിൽ നിന്നും ഉടലെടുക്കുന്നു. അത്തരം പ്രവണതകൾക്കെതിരെയുള്ള ഏറ്റവും ഫലവത്തായ പരിഹാരം ദിവ്യവെളിപാടുകളിലധിഷ്ഠിതമായ ധാർമികസംഹിതകളാണ്. അവ ദൈവവിശ്വാസമില്ലാതെ യഥാവിധി പ്രവർത്തിക്കുന്നതല്ല. മനുഷ്യ വ്യവഹാരങ്ങളിൽ നിന്ന് ദൈവത്തേയും ദിവ്യവെളിപാടുകളെയും നീക്കം ചെയ്താൽ, അത് എന്ത് തന്നെയായാലും, അവിടെ സമാധാനം അവശേഷിക്കില്ല.

ദൈവരഹിതമായ മാർക്സിയൻ തത്ത്വശാസ്ത്രവും, വെളിപാട് സത്യങ്ങളിലുള്ള വിശ്വാസവും തമ്മിലുള്ള ആഴമേറിയ താരതമ്യ പഠനത്തിൽ നിന്നും ഈ സംഗതി വ്യക്തമാവും. ഒരു വശത്ത് ദിവ്യവെളിപാടുകളുടെ സഹായമില്ലാത്ത എല്ലാ മനുഷ്യ പ്രശ്നങ്ങളും മനുഷ്യന്റെ യുക്തി ചിന്ത സ്വയം തന്നെ പരിഹരിക്കാൻ ശ്രമിക്കുന്നു. മറുവശത്താകട്ടെ മനുഷ്യന്റെ അധാർമികതയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേവല നീതിയിലൂന്നിക്കൊണ്ടുള്ള ദൈവിക വെളിപാട് സത്യങ്ങളും ശ്രമിക്കുന്നു. മേൽ പ്രസ്താവിച്ചതിനെ സംബന്ധിച്ച് വിമർശനാത്മകമായി വിലയിരുത്തുന്ന ഒരാൾക്ക് എത്തിച്ചേരാൻ കഴിയുന്ന യുക്തിപരമായ ഒരേയൊരു തീരുമാനം സമാധാനത്തിലേക്കും ശാന്തിയിലേക്കും മനുഷ്യനെ ആനയിക്കാൻ മനുഷ്യ യുക്തികൊണ്ട് മാത്രം സാധ്യമല്ല എന്നാണ്. ദൈവിക പ്രവാചകൻമാർ മനുഷ്യനിലെ അധാർമികതയുമായി നടത്തുന്ന ഐതിഹാസികമായ സമരങ്ങളിലൂടെയാണ് സമാധാനവും ശാന്തിയും കൈവരുന്നത് എന്നാണ് മതചരിത്രത്തെപ്പറ്റിയുള്ള പഠനം വ്യക്തമാക്കുന്നത്. വിയർപ്പും രക്തവും കഷ്ടപ്പാടുകളും നിറഞ്ഞ ഒരു പ്രക്രിയയിലൂടെയാണ് കുറ്റകൃത്യങ്ങളുടെ അലറുന്ന മഹാസമുദ്രങ്ങൾക്ക് നടുവിൽ ശാന്തിയോടടുത്ത് നിൽക്കുന്ന മനുഷ്യ സമൂഹത്തിന്റെ ദ്വീപുകൾ എപ്പോഴും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ആ ദ്വീപുകളെ പ്രലോഭനങ്ങളുടെ മഹാസമുദ്രങ്ങൾ എപ്പോഴും വിധേയപ്പെടുത്തി വീണ്ടെടുത്ത് സ്വന്തമാക്കുകയും ചെയ്തിട്ടുണ്ട്. എങ്കിൽ പോലും മനുഷ്യന്റെ ധാർമിക നിലവാരം അൽപാൽപമായി ഉയർത്തപ്പെട്ടു. മനുഷ്യനെ ധാർമികമായി സുസജ്ജമാക്കുന്ന ദിവ്യ പ്രസ്ഥാനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്നത്തേതിനെക്കാൾ നൂറിരട്ടി സമൂഹം ദുഷിക്കുമായിരുന്നു. അതിനാൽ വെളിപാടുകളും വെളിപാടു സത്യങ്ങളും ഒഴിച്ചു കൂടാനാവാത്തതാണ് എന്നതിന് യാതൊരു സംശയവുമില്ല.


*Reference*

1. WESTFALL, R.C. (1993) *The Life of Issac Newton*. Cambridge, University Press, Cambridge, p. 124, 2. WESTFALL, R.C. (1993) *The Life of Issac Newton*. Cambridge University Press, Cambridge, p. 122, 3. WESTFALL, R.C. (1993) *The Life of Issac Newton*. Cambridge, University Press, Cambridge, p. 121, 4. GUTMAN, J. (1963) *Philosophy A to Z*. Grosset & Dunlap Inc, New York., 5.KIERNAN, T. (1966) *Who's Who In The History of Philosophy.* Vision Press, New York, p. 54, 6.COPLESTON, F. (1956) *Contemporary Philosophy*. Studies of Logical Positivism and Existentialism. Burns, Oates and Washbourne Ltd., London, pp.154–155, 7.. SARTRE, J. (1975) *Existentialism and Humanism*. Eyre Methuen Ltd., London, p.34

8. LENIN, V, I. (1963) *Collected Works*. Vol.38, Philosophical,Notebooks. Foreign Languages Publishing House, Moscow, p.201



www.alislam.org

# യുവ അഹ്മദി മിഷണറിമാരും യൂറോപ്പിലെ ഇസ്‌ലാമും

യൂറോപ്പിലുണ്ടായിരുന്ന വികലമായ ഇസ്‌ലാമിക ധാരണകളെ മാറ്റിതിരുത്താനും മനുഷ്യ ഹൃദയത്തെ കീഴടക്കുന്ന ഇസ്‌ലാമിന്റെ അജയ്യമായ സ്നേഹസാമ്രാജ്യത്തിലേക്ക് ലോകത്തെ വിശിഷ്യാ പാശ്ചാത്യ ലോകത്തെ സ്വാഗതം ചെയ്യാനും യൂറോപ്പിലെ തന്നെ ജാമിഅ: അഹ്മദിയ്യകളിൽ നിന്ന് പഠനം പൂർത്തിയാക്കി യുവ പ്രതിഭകളുടെ മിഷണറി സമൂഹം ഖലീഫത്തുൽ മസീഹിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു തുടങ്ങിക്കഴിഞ്ഞു. യൂറോപ്പിനു മുകളിൽ ഇസ്‌ലാമിന്റെ ജ്ഞാനസൂര്യൻ ഉദിച്ചുയരുകയാണ്. അഹ്മദിയ്യാ മിഷണറിമാരുടെ യൂറോപ്യൻ അനുഭവങ്ങൾ ഇവിടെ പങ്കുവെക്കുന്നു. ജാമിഅ: അഹ്മദിയ്യാ യു. കെ യിലെ ബിരുദ പഠനം പൂർത്തിയാക്കിയ ഒരു വിദ്യാർഥിയാണ് ലേഖകൻ.

ഷഹ്സാദ് അഹ്മദ്, യു കെ.

കഴിഞ്ഞ കുറേ മാസങ്ങളോളമായി മദ്ധ്യപൗരസ്ത്യദേശം സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുന്ന തീവ്രവാദത്തിന്റെ ഹീനവും ഭയാനകവുമായ പ്രവർത്തനങ്ങൾ നിസ്സംശയം ആശങ്കാജനകമാണ്. അത് കൂടുതൽ ഗുരുതരമാക്കുന്നത് ഈ അതിക്രമങ്ങളിൽ പങ്കാളികളാകുന്ന ആളുകളുടെ ജന്മദേശവും അവരുടെ പ്രായവുമാണ്. ഇസ്‌ലാമിക് സ്റ്റേറ്റ് ( Islamic State of Iraq and Syria or Islamic State of Iraq and al-Sham . Abbreviated- ISIS ) എന്നറിയപ്പെടുന്ന ഈ ഭീകര പ്രസ്ഥാനത്തിൽ ഒപ്പ്വെച്ച വിദേശികളിൽ നാലിൽ ഒന്ന് ബ്രിട്ടീഷുകാരായ മുസ്‌ലിംകളാണ്. ഒരു റിപ്പോർട്ട് പ്രകാരം സിറിയയിലും ഇറാഖിലും ഉടനീളം സഞ്ചരിക്കുകയും അതിക്രൂരവും പൈശാചികവുമായ പ്രവർത്തനങ്ങളിൽ പങ്ക് ചേരുകയും ചെയ്യുന്ന അത്തരം ബ്രിട്ടീഷ് മുസ്‌ലിംകളുടെ എണ്ണം 500 ലധികമാണെന്നാണ്.

ലോകത്തെ വിദൂര കോണുകളിൽ വിജനമായ പർവത മേടുകളിൽ കീറിപറിഞ്ഞ അയഞ്ഞ വസ്ത്രവുമായി കത്തിക്കാളുന്ന കൊടും



ജാമിഅ: അഹ്മദിയ്യാ, ലണ്ടൻ

ചൂടിൽ യുദ്ധം ചെയ്യുന്ന മൂന്നാം ലോകത്തിലെ ദരിദ്രരും ആധുനിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവരുമായ മദ്രസ്സാ വിദ്യാർഥികളാണ് ലോകത്തിന് മുമ്പിലുള്ള ഇസ്‌ലാമിക തീവ്രവാദിയുടെ ചിത്രം. ഇതിൽ നിന്ന് വിഭിന്നമായി പുതിയ തരം തീവ്രവാദികളാണ് ഇപ്പോൾ മാധ്യമങ്ങളിൽ ചിത്രീകരിക്കപ്പെടുന്നത്. ട്വിറ്ററുകളിലും ഫേസ് ബുക്കിലും സുന്ദരമായ ബ്രിട്ടീഷ് ചുവയോടെ ഇംഗ്ലീഷ് സംസാരിക്കുന്നവരാണ്, ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന ഭീകര പ്രവർത്തനങ്ങൾ വാഴ്ത്തുന്നത്. അവർ വളരെ മികച്ച വിദ്യാഭ്യാസം ലഭിച്ചു കൊണ്ടിരിക്കുന്നവരാണ്. നേരത്തെ പറഞ്ഞ മൂന്നാം ലോകത്തിലെ മുസ്‌ലിം തീവ്രവാദിയെക്കാൾ വികസിത ലോകത്തിന്റെ എല്ലാ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നു. തീർച്ചയായും ഇത് പടിഞ്ഞാറു നിന്നുള്ള ഒരു പുതിയ തരം ഭീകര വാദികളാണ്.

സിറിയയിലേക്കും ഇറാഖിലേക്കും തീവ്രവാദത്തിലാകൃഷ്ടരായി യാത്ര ചെയ്യുന്ന നൂറുക്കണക്കിന് യുവാക്കളിൽ കാർഡിഫിലെ 20 വയസ്സുകാരനായ നസ്സർ മുത്താന എന്ന മെഡിക്കൽ വിദ്യാർഥിയെക്കുറിച്ചുള്ള റിപ്പോർട്ടുണ്ടായിരുന്നു. അസീൽ എന്ന് പേരുള്ള 17 കാരനായ അവന്റെ സഹോദരനോടൊപ്പമാണ് അവൻ സിറിയയിലേക്ക് യുദ്ധത്തിനായി പോവുന്നത്.

**ജാമിഅ അഹ്മദിയ്യ**

രാഷ്ട്രീയവത്കൃതമായ ഇസ്‌ലാമിന്റെ ജിഹാദിൽ ആകൃഷ്ടരായി യുദ്ധക്കളത്തിലേക്ക് പോകുന്ന യൂറോപ്യൻ മുസ്‌ലിംകളുടെ പ്രത്യേകിച്ച് ബ്രിട്ടീഷ് മുസ്‌ലിംകളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ 'റിവ്യൂ ഓഫ് റിലീജ്യൻ' ഈയ്യിടെ ജാമിഅ: അഹ്മദിയ്യായിൽ നിന്ന് ബിരുദ പഠനം പൂർത്തിയാക്കിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷനറികളായി പ്രവർത്തിക്കുന്ന യുവ അഹ്മദികളോട് ഈ വിഷയം സംസാരിക്കുകയുണ്ടായി. അവരുടെ പ്രതികരണങ്ങൾ പിന്നീട് വിവരിക്കാം.



ബൈത്തുശ്ശുക്കൂർ ഇമാം അഹ്സൻ ഫഹിം ബട്ട് ഒരു പത്ര പ്രവർത്തകയുമായി അഭിമുഖം നടത്തുന്നു.

അഹ്മദികളുടെ പുതിയ പണ്ഡിത തലമുറയെ വാർത്തെടുക്കാനുള്ള ആഗ്രഹത്തോടെ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യാണ് ജാമിഅ: അഹ്മദിയ്യ എന്ന ഒരു അന്തർദേശീയ മതപഠനശാല 1906 ൽ സ്ഥാപിച്ചത്. അവസാന കാലത്ത് ലോകത്ത് വിവിധ അഭിധാനങ്ങളിൽ ആഗതനാവുമെന്ന് വിവിധ മതസ്ഥർ കാത്തിരുന്ന ദൈവ പ്രേഷിതനായ വാഗ്ദത്ത മതപരിഷ്ക്കർത്താവായ ഇമാം മഹ്ദി താനാണെന്ന വിപ്ലവകരമായ വെളിപ്പെടുത്തൽ അദ്ദേഹം നടത്തി. തന്റെ ദൗത്യം മനുഷ്യ സമുദായത്തെ ഒന്നിപ്പിക്കലാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ഇസ്‌ലാമിൽ ഇമാം മഹ്ദിയെക്കുറിച്ചുള്ള വിഷയം വളരെ വിപുലമാണ്. അത് വിശദമായി ചർച്ചചെയ്യാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. വിശ്വാസികളെ മുഴുവൻ ഒരു ഇമാമിന്റെ കീഴിൽ വീണ്ടും ഒന്നിപ്പിക്കാനുള്ള ഒരു ദൈവിക പദ്ധതിയാണ് ഇമാം മഹ്ദിയുടെ ആവിർഭാവം. ഇമാം മഹ്ദിയുടെ ഈ ദൗത്യത്തിനായി അഹ്മദി പ്രചാരകരും പ്രബോധകരും ജീവൻ സമർപ്പണം ചെയ്ത് രാപ്പകൽ ഭേദമന്യേ കഠിനമായി പ്രയത്നിച്ചു വരുന്നു. ഇമാം മഹ്ദിയുടെ മറ്റൊരു ശക്തമായ ഇസ്‌ലാമിക അദ്ധ്യാപനം വിശ്വാസകാര്യത്തിൽ ഒരിക്കലും ശക്തി ഉപയോഗിക്കാൻ പാടില്ല എന്നാണ്. ഇക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാർ പ്രചരിപ്പിച്ച ജിഹാദ് എന്ന വ്യാജ സിദ്ധാന്തത്തെ ഇമാം മഹ്ദി അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും എഴുത്തുകളിലും സംവാദങ്ങളിലുമടക്കം ജീവിതത്തിലുടനീളം എതിർക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രശസ്തമായ **'തിരിയാഖുൽ ഖുലൂബ്'** എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു:

***'യഥാർഥ മുസ്‌ലിം ഒരിക്കലും തന്നെ ഇസ്‌ലാം വാൾകൊണ്ട് പ്രചരിച്ചതാണെന്ന് വിശ്വസിക്കുന്നില്ല. ഇസ്‌ലാം എല്ലായ്പ്പോഴും തന്നെ അതിന്റെ ആന്തരീകമായ ഗുണങ്ങൾ കൊണ്ടാണ് പ്രബോധിക്കപ്പെട്ടത്. ഇസ്‌ലാംമതത്തെ വാൾ കൊണ്ട് പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന മുസ്‌ലിം എന്ന് വിളിക്കപ്പെടുന്നവരാരോ അവർക്ക് ഇസ്‌ലാമിന്റെ ഈ ആന്തരിക ഗുണങ്ങളെപറ്റി യാതൊരു അറിവുമില്ല. അവരുടെ പെരുമാറ്റം കാട്ടിലെ മൃഗങ്ങൾക്ക് തുല്യമാണ്.'***

ജാമിഅ: അഹ്മദിയ്യയിലെ വിദ്യാർഥികൾക്ക് ഏഴ് വർഷത്തെ കോഴ്സാണുള്ളത്. വിശുദ്ധ ഖുർആനെ സംബന്ധിച്ചും ഹദീസിനെ സംബന്ധിച്ചും അഗാധമായ അറിവ് ഈ കാലയളവിൽ അവർ കരഗതമാക്കു



ലൈബീരിയയിലെ ഇമാം ഉസ്മാൻ ഷഹ്സാദ് ബട്ട് അഫ്രിക്കയിലെ ഗ്രാമവാസികളോടൊപ്പം

ന്നു. അപ്രകാരം തന്നെ മതതാരതമ്യ പഠനത്തിന് അതീവ പ്രാധാന്യം നൽകുകയും ചെയ്യുന്നു. ഇസ്‌ലാം മതത്തെ അതിന്റെ മൂല സ്രോതസ്സിൽ നിന്ന് പഠിക്കുകയും ഇസ്‌ലാം മതത്തിന്റെ ദിവ്യസ്ഥാപകരുടെ ജീവിതത്തെ സംബന്ധിച്ച് വിശദവും സൂക്ഷ്മവുമായ പഠനങ്ങളും നടത്തുന്നു. കൂടാതെ മറ്റു വിവിധങ്ങളായ ഭൗതിക വിജ്ഞാനങ്ങളും പ്രഭാഷണ കലയും അഭ്യസിക്കുന്നു.

ജാമിഅ: അഹ്മദിയ്യ വാഗ്ദത്ത മസീഹി(അ)നാൽ സ്ഥാപിക്കപ്പെട്ട തുല്യതയില്ലാത്ത സ്ഥാപനമാണ്. ഇസ്‌ലാമിന്റെ തനത് വിജ്ഞാനം അതിന്റെ പൂർണ പരിശുദ്ധിയോടെയാണ് ജാമിഅ: പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. അതിലെ വിദ്യാർഥികൾ വളരെ ഊർജസ്വലവും കഠിനവുമായ ഒരു പാഠ്യക്രമത്തിലൂടെയാണ് കടന്നു പോകുന്നത്. അത് അവരുടെ ധാർമികവും ആത്മീയവും കായികവുമായ ആരോഗ്യത്തെ ത്വരിതപ്പെടുത്തുന്നു. ജാമിഅ: വിദ്യാർഥികൾ തങ്ങളുടെ പഠനത്തിന്റെ ഭാഗമായി ചാരിറ്റി വാക്ക്, രക്തദാനം, അഗതികളെ ആഹരിപ്പിക്കൽ, രോഗികളെ സന്ദർശിക്കൽ മുതലായ എണ്ണമറ്റ ജീവകാരുണ്യ പ്രവർത്തനങ്ങളിലും മനുഷ്യസേവനങ്ങളിലും ഏർപ്പെടുന്നു. ഇത് അവരുടെ ധാർമിക നിലവാരമുയർത്തുകയും സമുന്നതമായ ആദർശ ജീവിതത്തിന് സഹായകമാവുകയും അവരുടെ ഇസ്‌ലാമിക മിഷണറി ജീവിതത്തിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നു.

ഇന്ന് ജാമിഅ: അഹ്മദിയ്യ ഇംഗ്ലണ്ട്, ജർമനി, കാനഡ, ഘാന അടക്കം അതിന്റെ ശാഖകൾ ലോകത്തിലുടനീളം ആരംഭിച്ചിരിക്കുന്നു. ഈ ജാമിഅകളിൽ നിന്നും പഠിച്ചുവരുന്ന മിഷണറിമാരെ ഇസ്‌ലാമിന്റെ യഥാർഥ സമാധാന സന്ദേശം പ്രചരിപ്പിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയക്കുന്നു. ഇംഗ്ലണ്ടിൽ നടന്ന 48-ാമത് അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ലോകത്തുള്ള മിക്ക അഹ്മദിയ്യാ യുവ മിഷണറിമാരും സംബന്ധിക്കുകയുണ്ടായി. ജാമിഅ: ഇംഗ്ലണ്ടിൽ നിന്നും ഇയ്യിടെ ബിരുദ പഠനം പൂർത്തിയാക്കി വാട്ട് ഫോർഡിൽ ഇമാമായി സേവന മനുഷ്ഠിക്കുന്ന ഉസ്മാൻ ഷഹ്സാദ് ഭട്ട് (24 വയസ്സ്) പറയുന്നു: ***'നിർഭാഗ്യകരമെന്ന് പറയട്ടെ വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിന്റെ തീവ്രവാദ പ്രവർത്തന ഫലമായി ഇസ്‌ലാം ഭീകരമതമായി ചിത്രീകരിക്കപ്പെടുകയാണ്. ഇസ്‌ലാം എന്നാൽ സമാധാനമാണ്. ബഹുഭൂരി പക്ഷം മുസ്‌ലിംകളും സമാധാന പ്രിയരും രാജ്യത്തോട് കൂറുള്ള പ്രജകളുമാണ്.'*** ഇമാം എന്ന നിലക്ക് തന്റെ പങ്കിനെ പറ്റി ഷഹ്സാദ് തുടർന്നു: ***'ഒരു മുസ്‌ലിം മിഷണറി എന്ന നിലക്ക് എന്റെ ഉത്തരവാദിത്വങ്ങൾ ഇപ്പോൾ വലുതാണ്. ജനങ്ങളിലേക്ക് റസൂൽ തിരുമേനി (സ) മാതൃക കാട്ടിയ സ്വച്ഛവും സത്യസന്ധവുമായ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ പകരേണ്ടതുണ്ട്. എന്റെ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ജനങ്ങൾക്ക് നല്ല മാതൃകയും നൽകേണ്ടതുണ്ട്.'***

**ഉദ്ഗ്രഥനം**

ജാമിഅ: അഹ്മദിയ്യായിൽ നിന്നുള്ള അഹ്മദി ഇമാമുമാരിൽ പലരും സമൂഹം ഉദ്ഗ്രഥിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. ജർമനിയിലെ ഫ്രാങ്ക്ഫർട്ടിലെ ഇമാം മുഹമ്മദ് ജരിയുല്ലാഹ്(24) പറയുന്നു: ***'സമൂഹങ്ങൾതമ്മിൽ നല്ലത് പോലെ ഉദ്ഗ്രഥിക്കപ്പെട്ടെങ്കിൽ മാത്രമേ ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം വിനിമയം ചെയ്യാൻ സാധിക്കൂ. താൻ പുറത്ത് പ്രഭാഷണത്തിനായി പോവുമ്പോൾ അഭിമുഖീകരിക്കുന്ന ആദ്യത്തെ ചോദ്യം നിങ്ങൾക്ക് ജർമൻ ഭാഷ അറിയുമോ എന്നാണ്. നമ്മൾ ഒരേ ഭാഷ സംസാരിക്കുന്നതോടു കൂടി നിരവധി തടസ്സങ്ങൾ നീങ്ങികിട്ടും. അപ്പോൾ നാം തമ്മിൽ ഒരു പൊതു ഘടകം രൂപപെട്ടു വരികയും ചെയ്യും. എനിക്ക് അനുഭവപ്പെട്ടത് ജർമനിയിലെ പൊതുജനം ഇസ്‌ലാമിക സന്ദേശം സ്വീകരിക്കാൻ സന്നദ്ധരാണെന്നാണ്. അതായത്, സമൂഹങ്ങൾ തമ്മിൽ ഉദ്ഗ്രഥിക്കാൻ ഭാഷ ഒരു മുഖ്യ ഘടകമാണ്.'*** ജർമനിയിലെ തന്നെ ഗ്രോസ്സ് ഗെരാവുയിൽ, ബൈത്തുശ്ശുക്കൂറിൽ ഇമാമായ മറ്റൊരു മിഷണറിയാണ് അഹ്സൻ ഫഹിം (26) ***'ഞാൻ ജർമനിയിൽ ജനിച്ചുവളർന്നതിനാൽ എനിക്ക് ജർമൻ സംസ്കാരവും ജർമനിയുടെ സാമൂഹിക പ്രശ്നങ്ങളും എന്താണെന്നറിയാം. അതിനാൽ കൂടുതൽ സന്തു ലനാത്മകമായ ഒരു സമീപനം കൈകൊള്ളാൻ എനിക്ക് സാധിക്കും. ഞങ്ങളുടെ സമീപനം വിശുദ്ധ ഖുർആന്റെ അതിമനോഹരമായ സമീപനത്തെ അടിസ്ഥാന മാക്കിയാണ്. അതല്ലാതെ മറ്റൊരു സമീപനവും ഞങ്ങൾക്കില്ല. ഖുർആനാണ് ഞങ്ങളുടെ മാർഗദർശി. സമാധാനത്തിന്റേയും സൗഹൃദത്തിന്റേയും വഴി കാട്ടിയും ഖുർആൻ തന്നെ.'*** അഹ്സൻ ഫഹിം പറഞ്ഞു.

അഹ്മദിയ്യാ മുസ്‌ലിം സമൂഹം ഇസ്‌ലാമിന്റെ സ്വച്ഛവും പരിശു



അബ്ദുൽ ഖുദ്ദൂസ് ആരിഫ് ബിബിസി പരിപാടിയിൽ

ദ്ധവുമായ ആദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നത് തുടരുകയാണ്. ദശലക്ഷക്കണക്കിന് അഹ്മദികൾ 'Love For All Hatred For None' എന്ന മുദ്രവാക്യമാണ് ലോകം മുഴുവൻ പ്രബോധിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നത്.

ത്വാഹിർ ഖാൻ (24) നോർവേയിൽ ഇമാമാണ്. അദ്ദേഹം പറയുന്നു: ***'നോർവേയിലെ പള്ളി നിരവധി സന്ദർശകരെ ആകർഷിക്കുന്നു. ഇയ്യിടെ ചില വിദ്യാർഥിനികൾ നമ്മുടെ പള്ളി സന്ദർശിക്കാൻ വന്നു. വനിതകളുടെ അവകാശങ്ങളെ പറ്റിയുള്ള ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ അവരുമായി ചർച്ച ചെയ്യാൻ എനിക്ക് അവസരം ലഭിച്ചു. അവർ എന്റെ ഈ വിവരണത്തിൽ വളരെയധികം ആകൃഷ്ടരായിക്കൊണ്ട് പറഞ്ഞു: ഇതാണ് യാഥാർഥത്തിൽ ഇസ്‌ലാമിന്റെ അദ്ധ്യാപനമെങ്കിൽ എല്ലാവരും ഇസ്‌ലാം സ്വീകരിക്കുന്നതാണ്.'***

ഇസ്‌ലാമിനെ സംബന്ധിച്ച് മാധ്യമങ്ങളിൽ വർധിച്ചു വരുന്ന വികലമായ ചിത്രീകരണങ്ങൾ ഇസ്‌ലാമിനെ സംബന്ധിച്ച് മോശമായ പ്രതിഛായയാണ് ജനങ്ങളിലുണ്ടാക്കിയിരിക്കുന്നത്. ഇതിനെ നേരിടാൻ കൂടുതൽ മുസ്‌ലിം മിഷണറിമാരുടെയും ഇമാമുമാരുടെയും ആവശ്യമുണ്ട്.

തൗസീഫ് അഹ്മദ് (27) യു. കെ. ജാമിഅ: യിൽ ചേർന്നത് 2005 ലാണ്. അദ്ദേഹം ഇപ്പോൾ തന്റെ ജന്മദേശമായ ബെൽജിയത്തിൽ കെസ്സൽ നഗരത്തിൽ മിഷണറിയായി സേവനമനുഷ്ഠിക്കുന്നു. തൗസീഫ് പറയുന്നു: ***'ഞാൻ മിഷണറിയായി സേവനം ചെയ്തു തുടങ്ങിയപ്പോൾ ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം പ്രചരിപ്പിക്കുന്ന ഒരു ഇമാം ഞങ്ങളുടെ പ്രദേശത്ത് സേവനമനുഷ്ഠിക്കുന്നതിൽ ഞങ്ങൾ അതീവസന്തുഷ്ടരാണെന്ന് അവിടത്തുകാർ പറഞ്ഞു.'***

**പരിഷ്ക്കരണം**

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഒരിക്കൽ പറയുകയുണ്ടായി. ***'യുവാക്കൾ പരിഷ്ക്കരിക്കപ്പെടാതെ ഒരു സമൂഹം പരിഷ്ക്കരിക്കപ്പെടുകയില്ല.'***

വളരെ പ്രധാന്യമുള്ള ഒരു ഒരുപ്രസ്താവനയാണിത്. നിരവധി വിദഗ്ധരുടെ അഭിപ്രായത്തിൽ, ഉദാഹരണത്തിന് ലണ്ടനിലെ 'സെന്റർ ഫോർ ദ സ്റ്റഡി ഓഫ് റാഡിക്കലൈസേഷൻ' എന്ന സ്ഥാപനത്തിലെ വിദഗ്ധരുടെ പഠനത്തിൽ ഇത്തരത്തിൽ ഭീകര പ്രവർത്തനത്തിനും തീവ്രവാദത്തിനും കൂടുതൽ വിധേയപ്പെടുന്നത് യുവാക്കളാണ് എന്നാണ്. അഹ്മദിയ്യാ യൂത്ത് അസോസിയേഷൻ (മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ AMYA)എന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു ശാഖാ സംഘടനയാണ്. ഈ യുവജന സംഘടന അതിലെ അംഗങ്ങൾക്ക് ധാർമികവും ആദ്ധ്യാത്മികവും കായികവുമായി പുരോഗമിക്കാനുള്ള പരിശീലനങ്ങൾ നൽകുന്നു. അങ്ങനെ അവർ സമൂഹത്തിലെ ഉത്തമ പൗരന്മാരായി മാറുന്നു. AMYA സമൂഹത്തിൽ വിശക്കുന്നവന് ഭക്ഷണം നൽകുകയും മുതിർന്നവർക്കും രോഗികൾക്കും സ്നേഹവും പരിചരണവും നൽകുകയും, അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും രക്തം ദാനം ചെയ്യുകയും അനാഥകളെ സഹായിക്കുകയും ചെയ്യുന്നു. അവശതയനുഭവിക്കുന്ന ആളുകൾക്ക് ഉയരങ്ങൾ എത്തിപ്പിടിക്കാൻ അവരെ ശാക്തീകരിക്കുന്നു. ഇത്തരം നിരവധി സേവനപ്രവർത്തനങ്ങൾ രേഖപ്പെടുത്താതെ പോവുന്നു. ഇതെല്ലാം തന്നെ കൂടുതൽ ശാന്ത പൂർണവും സൗഹൃദപരവുമായ ഒരു സമൂഹത്തിന്റെ നിർമിതിയിലേക്കാണ് നയിക്കുക.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ (AMYA) പ്രവർത്തനങ്ങളെ അംഗീകരിച്ച് കൊണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രി പറഞ്ഞത് ശ്രദ്ധേയമാണ്: ***'ലോകത്തുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും ജന്മഗേഹമാണ് ബ്രിട്ടൻ എന്നതിന് ഈ രാജ്യത്തെ നിങ്ങളുടെ സാന്നിദ്ധ്യം തന്നെ ഒരു സജീവ ദൃഷ്ടാന്തമാണ്. നിങ്ങൾ യുവാക്കളും മുതിർന്നവരും ഒരു പോലെ നടത്തുന്ന എണ്ണമറ്റ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ആയിരക്കണക്കിന് മരങ്ങൾ നട്ടു കൊണ്ട് നടത്തുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾ, അഗതികൾക്ക് നിങ്ങൾ നൽകുന്ന ആഹാരങ്ങൾ, രക്തദാനങ്ങൾ മുതലായ നിങ്ങളുടെ സേവനങ്ങളിൽ കുറച്ചെണ്ണം കൊണ്ട് തന്നെ ബ്രിട്ടന് നിങ്ങളെക്കുറിച്ച് അഭിമാനിക്കാം. ഇതാണ് യഥാർഥത്തിലുള്ള വിശ്വാസ ചോദിതമായ പ്രവർത്തനങ്ങൾ'***

ഗില്ലിംങ്ഹാമിലെ ഒരു യുവ അഹ്മദി നേതാവാണ് റഫീഖ് ബാട്ടി. നാസർ മോസ്കിലെ പ്രാദേശിക ഇമാമായി നിയമിതനായ സഫീർ സർതാസ്ത് (24) നെക്കുറിച്ച് സംസാരിക്കുകയായിരുന്നു റഫീഖ് ബാട്ടി. ***'യുവാക്കളുടെ മേൽ അദ്ദേഹത്തിന്***



ജാമിഅ: അഹ്മദിയ്യ യു കെ യിലെ വിദ്യാർഥികൾ സ്പെയിനിൽ

***(യുവ ഇമാമിന്) വമ്പിച്ച സ്വാധീനമാണ് ഉള്ളത്. സമൂഹത്തിലെ നിരവധി നിർമാണ പ്രവർത്തനങ്ങളിൽ അദ്ദേഹം യുവാക്കളെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്നു. യുവാക്കളെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുകയാണ് അവരിൽ നിന്ന് തീവ്രവാദം ഉന്മൂലനം ചെയ്യാൻ ഏറ്റവും ഉചിതമായ പ്രവർത്തനമെന്ന് എനിക്ക് ബോധ്യപ്പെടുകയുണ്ടായി.'***

മാഞ്ചസ്റ്ററിലെ ദാറുൽ അമാൻ മോസ്കിൽ യുവ ഇമാമായിരുന്ന മുഹമ്മദ് അഹ്മദ് ഖുർശിദ്(24) യുവാക്കളെ പറ്റി വിശ്വസിക്കുന്നത്: ***'യുവാക്കൾ സമൂഹത്തിലെ ഏറ്റവും വികാര സാന്ദ്രമായ വിഭാഗമാണ്. അവർ സമൂഹത്തിന്റെ അരികുപാളികളാണ്. അവർ ഒരു തീവ്രതയിൽ നിന്നും മറ്റൊരു തീവ്രതയിലേക്ക് എത്തി ച്ചേരുകയാണ്. ഇത് നല്ല ക്രിയാത്മകമായ റോൾ മോഡലുകളില്ലാത്തതു കൊണ്ടാണ് സംഭവിക്കുന്നത്'*** അഹ്മദ് നിരന്തരം യുവാക്കളുമായി ഇടപഴകുന്ന ഒരാളാണ്. അദ്ദേഹം തുടരുന്നു. ***'സ്പോർട്സ് യുവാക്കളുമായി ഇന്റർആക്റ്റ് ചെയ്യാൻ ഏറ്റവും പറ്റിയ ഒരു ഉപാധിയാണ്. ഞാൻ സ്ഥിരമായി വാരാന്ത്യ സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. അത് യുവാക്കളുമായി ഒരു ശക്തമായ ബന്ധം സ്ഥാപിക്കാൻ എനിക്ക് അവസരം നൽകുന്നു. അവരുടെ ന്യൂനതകൾ എന്താണെന്ന് തിരിച്ചറിയാനും അതിനനുസരിച്ച് അവരെ സമീപിക്കാനും എനിക്ക് കഴിയുന്നു.'***

മറ്റൊരു യുവ മിഷണറിയാണ് അബ്ദുൾ ഖുദ്ദൂസ് ആരിഫ് (24). അദ്ദേഹം യു. കെ. യിൽ തന്നെ മറ്റൊരു സ്ഥലത്ത് ഇസ്ലാമിക സേവനവുമായി കഴിയുന്നു. ആരിഫ് ഈയ്യിടെ ബി ബി സി റേഡിയോ, എൽ ബി സി ഐ ടി വി തുടങ്ങി നിരവധി മാധ്യമങ്ങളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. മാധ്യമങ്ങളിൽ അദ്ദേഹം തീവ്രവാദത്തെ ശക്തമായി അപലപിക്കുകയും അതിനെ പിന്തുണച്ച് ചർച്ചയിൽ പങ്കെടുത്തിരുന്ന ആളുടെ നയത്തെ വാദിച്ചു തോൽപ്പിക്കുകയും ചെയ്തു. ഒരവസരത്തിൽ ആരിഫ് ഖുദ്ദൂസ് ISIS വക്താവിന് അഭിമുഖമായിട്ടാണ് ചർച്ചയിൽ പങ്കെടുത്തത്. ISIS വക്താവിന്റെ അഭിപ്രായങ്ങളെ വളരെ യുക്തി സഹമായി ഖണ്ഡിച്ചു കൊണ്ട് പരിപാടിയിൽ വിഷയം അവതരിപ്പിക്കാൻ സാധിച്ചു. അദ്ദേഹം പറയുന്നത്: ***'എന്റെ ഒരു നേട്ടമെന്താണെന്ന് വെച്ചാൽ എന്റെ വാദമുഖങ്ങൾ പൂർണമായും അവതരിപ്പിച്ചത് വിശുദ്ധ ഖുർആനെയും റസൂൽ തിരുമേനി (സ) യുടെ നടപടികളെയും അടിസ്ഥാനമാക്കിക്കൊണ്ടായിരുന്നു. എന്റെ മറുപക്ഷത്തിരുന്ന വ്യക്തിയുടെ വാദങ്ങളെ ശക്തിയായി ഖണ്ഡിക്കുക മാത്രമല്ല അദ്ദേഹത്തിന്റെ വാദങ്ങൾ എത്ര നിരർഥകവും അടിസ്ഥാനരഹിതവുമാണെന്ന് സമർഥിക്കാനും എനിക്ക് സാധിച്ചു.'***


ജാമിഅ:യിൽ നിന്ന് പഠിച്ചുവരുന്ന നിരവധി മിഷണറിമാർ വിവിധ പള്ളികളിൽ ഉത്തരവാദിത്വമുള്ളവരും ചുറ്റുമുള്ള സമൂഹങ്ങളോട് ഊർജസ്വലരായി ഇന്റർആക്റ്റ് ചെയ്യുന്നവരുമാണ്. ജർമനിയിൽ വീസ് ബേദനിൽ പള്ളിക്ക് ശിലാസ്ഥാപനം നിർവഹിക്കവേ ഖലീഫത്തുൽ മസീഹ് പറഞ്ഞു: ***'ഈ മസ്ജിദിന്റെ പണി പൂർത്തിയാവുമ്പോൾ യഥാർഥത്തിലുള്ള ഒരു മസ്ജിദ് വിദ്വേഷവും തിന്മയും പരത്തുന്ന ഒരു സ്ഥാപനമല്ലെന്നും മറിച്ച് ലോകം മുഴുവൻ സ്നേഹവും ഐക്യവും പരത്തുന്ന സ്ഥലമാണെന്നും നിങ്ങൾ സാക്ഷ്യം വഹിക്കുന്നതാണ്.'***

അഹ്മദിയ്യാ മുസ്ലിം സമൂഹം ലോകം മുഴുവൻ പതിനായിരത്തോളം പള്ളികൾ പണിതുകഴിഞ്ഞു. ഈ വർഷം(2014) ആദ്യത്തിൽ അയർലണ്ടിലെ ഗാൽവേയിലാണ് ആദ്യത്തെ പള്ളി ഉദ്ഘാടനം ചെയ്യുന്നത്. അയർലണ്ടിൽ ഇയ്യിടെ നിയമിതനായ ഇമാം റബീബ് മിർസാ പറഞ്ഞു: ***'അഹ്മദിയ്യാ സമൂഹം ഒരു തുറന്ന പുസ്തകമാണ്. ഞങ്ങളുടെ പള്ളികളുടെ വാതായനങ്ങൾ സത്യത്തിന്റെയും പ്രകാശത്തിന്റെയും ധാവള്യം പരത്തിക്കൊണ്ട് എല്ലാവർക്കും വേണ്ടി തുറന്നു വെച്ചിരിക്കുന്നു.'*** കഴിഞ്ഞ മാസം അവസാനത്തിൽ അയർലണ്ട് ജമാഅത്തിന്റെ 13-ാമത് വാർഷിക സമ്മേളനമായിരുന്നു. ധാരാളം അമുസ്ലിം സഹോദരന്മാർ പരിപാടിയിൽ പങ്കെടുത്തു. ഇസ്ലാമിനെ സംബന്ധിച്ച് പഠിക്കാൻ അവർക്ക് ഈ സമ്മേളനം അവസരമൊരുക്കുകയുണ്ടായി. അദ്ദേഹം തുടർന്നു: ***'ഞങ്ങൾ സ്ഥിരമായി പൊതു സമൂഹത്തിൽ നിന്നുള്ളവരെ പള്ളിയിലേക്ക് ക്ഷണിക്കുകയും നമ്മുടെ പരിപാടികളിൽ സമൂഹത്തിലെ വിശാല വൃത്തത്തിൽ നിന്നും ആളുകളെ പങ്കെടുപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.'***

2013 ൽ ജാമിഅ: അഹ്മദിയ്യായിൽ നിന്നും ബിരുദം നേടി വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർഥി

കളെ അവരുടെ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ( അയ്യദഹു..) സ്പെയിനിലേക്ക് അയക്കുകയുണ്ടായി. അവർ രണ്ട് ആഴ്ച്ച കാലം സ്പെയിനിൽ താമസിക്കുകയുണ്ടായി. ഈ കാലയളവിൽ സ്പെയിനിലുടനീളം ഇസ്ലാമിന്റെ സമാധാന സന്ദേശം വിളംബരം ചെയ്തു കൊണ്ടുള്ള മൂന്ന് ലക്ഷം ലഘു ലേഖകൾ അവർ അവിടെ വിതരണം ചെയ്തു. സ്പെയിനിലെ ഈ അനുഭവം അതിലൊരാൾ വിവരിക്കുന്നത് കാണുക.

*'അത് തികച്ചും അവിശ്വസനീയമായൊരു അനുഭവമായിരുന്നു. ഞങ്ങൾക്ക് അവരുടെ ഭാഷ അറിയില്ലായിരുന്നു. അതിനാൽ അവരുമായി ആശയ വിനിമയത്തിന് സാധ്യമല്ലായിരുന്നു. മഴയത്ത് നനഞ്ഞ് കുതിർന്നിരുന്ന ഞങ്ങൾ തണുപ്പിൽ നിൽക്കുകയായിരുന്നു. ഞങ്ങളുടെ ക്ഷമയും സഹനവും സൗഹൃദ പൂർണമായ മന്ദസ്മിതവും ഞങ്ങളുടെ സദുദ്ദേശവും സമാധാന സന്ദേശവും അവരിലേക്ക് സദാസമയവും പ്രേഷണം ചെയ്യുന്നുണ്ടായിരുന്നു. പലരും അഭിനന്ദിച്ചു കൊണ്ടും അനുമോദിച്ചു കൊണ്ടും ഞങ്ങളുടെ മുതുകിൽ തട്ടി. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേർന്നു. ഒരിക്കൽ ഒരാൾ ഞങ്ങളുടെ ലഘുലേഖ പിടിച്ച് പറിച്ചു തുണ്ടംതുണ്ടമാക്കി നിലത്തിട്ടു. ഞാനും എന്റെ സഹപാഠികളും ആ കഷ്ണങ്ങളെല്ലാം പെറുക്കിയെടുക്കുകയായിരുന്നു. ഞങ്ങളെ അത്ഭുതപ്പെടുത്തുമാറുണ്ടായ സംഭവം ഇതിന് സാക്ഷ്യം വഹിച്ച്നിന്ന ഒരു വഴിപോക്കൻ കഷ്ണിച്ച് തുണ്ടമാക്കിയ ലഘു ലേഘപെറുക്കുന്ന ഉദ്യമത്തിൽ ഞങ്ങളെ സഹായിക്കുകയായിരുന്നു. അപ്പോൾ നിങ്ങൾ എന്തുകൊണ്ട് ഈ സമാധാന സന്ദേശത്തിൽ ഇത്രമാത്രം ആകൃഷ്ടരായി എന്ന് ചിലർ അന്വേഷിച്ചു കൊണ്ട് ലഘുലേഖ താൽപര്യപൂർവം വാങ്ങിക്കൊണ്ടു പോകുന്നുണ്ടായിരുന്നു.'*



അബ്ദുന്നാസർ, ഗ്രീസിലെ ഒരു പ്രാദേശിക അഹ്മദി ഇമാമാണ്. അദ്ദേഹം അവിടുത്തെ കപോടിസ്ട്രിയൻ യൂണിവേഴ്സിറ്റിയിലെ റെക്റ്റർ തൊടോസിസ് പെലിഗ്രിസിനോടൊപ്പം.

മൻസൂർ അഹ്മദ് 2012 ൽ ജാമിയയിൽ നിന്ന് ബിരുദം പൂർത്തിയാക്കിയ ഒരു ഇമാമാണ്. ഐസ്ലണ്ടിൽ സേവനമനുഷ്ഠിക്കുന്നു. മൻസൂർ ഐസ്ലണ്ടിൽ ഒരു കോളേജിൽ പഠനം നടത്തുകയും ചെയ്യുന്നുണ്ട്. അദ്ദേഹം ഇത്തവണ വാർഷിക സമ്മേളനത്തിന് വരുമ്പോൾ തന്റെ ഗുരുനാഥൻ എർല്ലാ ബൊല്ലാഡോട്ടിറിനെയും കൂട്ടിക്കൊണ്ടാണ് വന്നത്. മൻസൂർ തന്റെ മിഷണറി പ്രവർത്തനങ്ങൾ വിവരിക്കുന്നത് കാണുക.*'ഇമാമുകൾ അവരുടെ പള്ളികളിൽ തന്നെ കഴിയുന്ന വരാണ് എന്നാണ് പൊതുവേധരിച്ചു വെച്ചിരിക്കുന്നത്. പള്ളിക്കകത്ത് മാത്രം പ്രസംഗിക്കുന്നവരാണ് എന്നും കരുതുന്നു. അതു കൊണ്ട് ജനങ്ങൾ അവരെ സംശ യത്തോടെയും ആശങ്കയോടെയും നോക്കുന്നവരാണ്.'* അതുകൊണ്ട് മൻസൂർ സാഹിബ് ദിവസവും നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്ലാമിന്റെ യഥാർഥ സന്ദേശം അടങ്ങിയ ലഘുലേഖ വിതരണം ചെയ്യാൻ വേണ്ടി പുറത്ത് പോകും. ഇസ്ലാമിനെ സംബന്ധിച്ച് എക്സിബിഷനുകൾ സംഘടിപ്പിക്കുകയും ചെയ്യും. ഇസ്ലാമിന്റെ സന്ദേശമടങ്ങിയ ലഘുലേഖകൾ പാർലമെന്റ് അംഗങ്ങൾ, നിയമജ്ഞന്മാർ, ഡോക്ടർമാർ, വിദ്യാർഥികൾ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിലുമുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും വിതരണം ചെയ്യുകയും ചെയ്യും. ഈ വർഷം ധാരാളം യുവ അഹ്മദി ഇമാമുകൾ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അവരെല്ലാം തങ്ങളുടെ രാജ്യത്തു നിന്നും അതിഥികളെ കൊണ്ടു വന്നിരുന്നു.

നവീദ് അഹ്മദ് മംഗ്ലാ 2010 ൽ കാനഡാ ജാമിഅ:യിൽ നിന്നും ബിരുദം നേടിയ ഇമാമാണ്. മദ്ധ്യ അമേരിക്കയിലെ ബെലിസിയിൽ ഇമാമായി സേവനമനുഷ്ഠിക്കുന്നു. ബെലിസി അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായ 206-ാമത്തെ രാജ്യമാണ്. ബെലിസി സിറ്റി മേയർ ദാറൽ ബ്രാഡ്ലിയെ ജമാഅത്ത് വാർഷിക സമ്മേളനത്തിൽ കൊണ്ട് വരാൻ നവീദ് അഹ്മദിന് ഭാഗ്യം സിദ്ധിച്ചു. മേയർ അഹ്മദിയ്യാ ജമാഅത്ത് നടത്തുന്ന സമാധാന ശ്രമങ്ങളിലും മനുഷ്യ സേവന പരിപാടികളിലും വളരെയേറെ ആകൃഷ്ടനാണ്. പുതിയ യുവ ഇമാമുമാർ സേവനം ചെയ്യുന്ന ഫ്രഞ്ച് ഗയാന, ഗ്രീസ്, ഐസ്ലണ്ട് മുതലായ രാജ്യങ്ങളിൽ നിന്നെല്ലാം വന്ന അതിഥികൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നേതൃത്വത്തിൽ നടന്ന ആഗോള സമ്മേളനത്തിൽ വളരെയേറെ പ്രഭാവിതരാണ്.

ഗ്രീസിൽ ഇമാമായി സേവനം ചെയ്യുന്ന അത്താവുന്നാസിറിന്റെ പരിചയത്തിൽ സമ്മേളനത്തിലേക്ക് ക്ഷണിച്ചതനുസരിച്ച് വാർഷിക സമ്മേളനത്തിന് അതിഥികളായെത്തിയവരിൽ ഗ്രീസിൽ നിന്നും പെനാജിയോട്ടിസ് ടിയോളിസ (കെമി

സ്റ്റ്) അടിഗോണി ലവ്ഡാകി (ഭാഷാ വിദഗ്ദൻ) എന്നിവർ എത്തിയിരുന്നു. വാർഷിക സമ്മേളനത്തെ കുറിച്ച് അവരുടെ അഭിപ്രായം അവർ രേഖപ്പെടുത്തുകയുണ്ടായി.

***‘ഇത്തരത്തിലുള്ള ധാരാളം ആളുകളെ അതായത് അക്ഷരാർഥത്തിൽ ആയിരക്കണക്കിനാളുകളെ ഇത്ര സമാധാനപരമായും സൗഹാർദത്തിലും അവരുടെ സ്നേഹം പങ്ക്വെച്ചും അവരുടെ അനുഭവങ്ങൾ പങ്കുവെക്കാനും ബുദ്ധിമുട്ടുന്നവനെ സഹായിക്കാനും ജീവകാരുണ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനും പ്രാർഥിക്കാനും വേണ്ടി ആളുകൾ ഒരുമിച്ചുകൂടുക എന്നത് പഴയ കാലത്ത് സാധാരണമല്ല. നിരവധി പേർ ഒന്നിച്ചു കൂടി ആവശ്യക്കാരെ യാചകരെ പോലെകണക്കാക്കാതെ അവരെ സ്വന്തം കാലിൽ നിൽക്കാൻ സഹായിക്കുക എന്നതും സാധാരണമല്ല. അവസാനമായി ഈ ആളുകൾ ഇത്രയെല്ലാം ചെയ്തിട്ടും വളരെ എളിമയോടെയും താഴ്മയോടെയും നിൽക്കുക എന്നതും, ഇങ്ങനെ ജീവിക്കൽ തികച്ചും സ്വാഭാവികമാണ് അതല്ല ഇങ്ങനെ ജീവിക്കൽ മാത്രമാണ് സ്വാഭാവികമായിട്ടുള്ളത് എന്ന മട്ടിൽ നിൽക്കുന്നതും സാധാരണമല്ല. ആരെങ്കിലും എന്തെങ്കിലും ഒന്നിന്റെ പേരിൽ ഇവിടെ പരാതി പറഞ്ഞതായി ഞങ്ങൾ ഓർക്കുന്നില്ല. ഒരാളെ പോലും ഒരു ചെറുപുഞ്ചിരിയോടു കൂടിയല്ലാതെ ഞങ്ങൾ കണ്ടില്ല. ഒരു സെക്കന്റ് പോലും ഒരാളും ഉച്ചത്തിൽ സംസാരിച്ചില്ല. ഈ ദിവസങ്ങളത്രയും ഇത്രയധികം ആളുകൾ ഇങ്ങനെയായിരുന്നു പെരുമാറിയത്.’***

ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അനുഗൃഹീതമായ മാർഗദർശനത്തിന് കീഴിലാണ് ജാമിഅ: യിലെ വിദ്യാർഥികൾ. ജാമിഅയിലെ ആദ്യത്തെ ബിരുദദാന ചടങ്ങിൽ സംസാരിക്കവേ ഖലീഫത്തുൽ മസീഹ് പുറത്തിറങ്ങിയ ഇമാമുകളെ അഭിസംബോധന ചെയ്തുകൊണ്ട് അവരുടെ യഥാർഥ ജീവിതോദ്ദേശ്യം ജീവിതത്തിലുടനീളം ഇസ്ലാമിനെ സേവിക്കലാണെന്ന് ഓർമിപ്പിച്ചു. വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനി(സ)യുടെയും സ്വച്ഛവും സുന്ദരവുമായ അദ്ധ്യാപനങ്ങൾ ലോകത്തെ അറിയിക്കൽ അവരുടെ കടമയാണ്. അവരെ ഖലീഫത്തുൽ മസീഹ് ഒരു കാര്യം കൂടി ഓർമിപ്പിച്ചു. അവരവർ കാലത്തിന്റെ ഖലീഫയുടെ അംബാസഡർമാരാണ്. എല്ലാ സമുന്നതമായ ധാർമിക ഗുണങ്ങളും പ്രാപിക്കുക എന്നത് അവരുടെ കടമയായിരിക്കണം. ജാമിഅ: അഹ്മദിയ്യാ കനഡയിലെ ബിരുദ ധാരികളെ അഭിസംബോധന ചെയ്തുകൊണ്ട് ഖലീഫത്തുൽ മസീഹ് തിരുമനസ്സ് പറഞ്ഞു.

‘എപ്പോഴും ഓർക്കേണ്ട ഒരു കാര്യം നിങ്ങളുടെ വിജയത്തിന്റെ താക്കോൽ നിങ്ങളുടെ വിനയമാണ്. നിങ്ങൾ ഒരിക്കലും മറ്റുള്ളവരെ നയിക്കുകയും വാചക മടിക്കുകയും മാത്രം ചെയ്യുന്ന രീതിലുയിള്ള മിഷണറിയാവരുത്. നിങ്ങൾ മറ്റുള്ളവരോട് ഉപദേശിക്കാനാഗ്രഹിക്കുന്ന ഒരോ സന്ദർഭത്തിലും അക്കാര്യം നിങ്ങളുടെ ഉള്ളിൽ തന്നെ വളർത്തിയെടുത്തിട്ടുണ്ട് എന്ന് നിങ്ങൾ ഉറപ്പ് വരുത്തണം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ 5 വർഷമായി ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ള അഹ്മദിയ്യാ ജാമിഅ: കളിൽ നിന്നും 500 മിഷണറികൾ പുറത്തിറങ്ങിയിട്ടുണ്ട്. ഈ യുവ മിഷണറികൾ അവരുടെ ജീവിതം ഇസ്ലാമിനും അഹ്മദിയ്യത്തിനും വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ഇസ്ലാമിന്റെ ശാന്ത പൂർണമായ അദ്ധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുകയും മനുഷ്യ സമൂഹത്തെ സേവിക്ക ലുമാണ് അവരുടെ ദൗത്യം. അതാണ് യഥാർഥ ജിഹാദ്! സ്നേഹത്തിന്റെയും ശാന്തിയുടെയും ജിഹാദ് !!

*വിവ: എ.എം.* ***Review of Religions , Oct 2014***

---

**ഖുത്ബ** പേജ് 11 ൽ നിന്ന് തുടർച്ച

എപ്പോഴും ഉയർന്നുകൊണ്ട് പോകുന്നവരായിത്തീരട്ടെ. അവിടത്തെ ശരീഅത്ത് പ്രചരിപ്പിക്കുന്ന പ്രവർത്തിയിൽ നമ്മുടെ കഴിവുകളെ ചെലവഴിക്കുന്നവരാകട്ടെ. നബി(സ)തിരുമേനിയുടെ പാഠങ്ങളനുസരിച്ച് ലോകത്ത് നിന്ന് ഫിത്നയും ഫസാദും അവസാനിപ്പിക്കുന്നതിന് നമ്മുടേതായ പങ്ക് നിർവഹിക്കുന്നവരാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഹുദൂർ രണ്ടുപേരുടെ ജനാസ ഗായിബ് നമസ്കരിക്കുകയുണ്ടായി. ഒന്നാമത്തേത് 2015 ജനുവരി 10 ന് 97-ാം വയസ്സിൽ വഫാത്തായ ഖാദിയാനിലെ മൗലവി അബ്ദുൽ ഖാദിർ സാഹിബ് ദഹ്ലവിയുടേതായിരുന്നു. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. രണ്ടാംലോക മഹായുദ്ധ കാലത്ത് പരേതൻ പോപ് സാഹിബിന് ഇസ്ലാമിന്റെ സന്ദേശം എത്തിക്കുകയുണ്ടായി. ഈ സംഭവം താരീഖെ അഹ്മദിയ്യത്ത് വാള്യം 10 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കാലഘട്ടത്തിൽ ‘പോപ്പിന് ഇസ്ലാമിന്റെ സന്ദേശം’ എന്ന പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ പരേതനായ ബശീർ അഹ്മദ് സാഹിബ് ഫാഫിളാബാദി ദർവേശ് ഖാദിയാന്റെ ഭാര്യ മുബാറക്ക ബീഗം സാഹിബയുടേതാണ്. 2015 ജനുവരി 3 ന് 83-ാം വയസ്സിൽ അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ.

# ഒരു പുണ്യാത്മാവിനെ എറിഞ്ഞു കൊല്ലുന്നു

ദിവ്യജ്ഞാനങ്ങൾകൊണ്ട് അനുഗൃഹീതനും അഫ്ഘാൻ രാജാവിന്റെ കിരീടധാരണം നടത്താൻ പരികർമിസ്ഥാനവുമുള്ള അത്യുന്നത വ്യക്തിത്വമായിരുന്നു സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ് (റ) വാഗ്ദത്ത മസീഹ്(അ) നെ സ്വീകരിച്ച കാരണം കൊണ്ട് അഫ്ഘാൻ രാജഭരണം ആ പുണ്യാത്മാവിനെ അതിക്രൂരമായി ശഹീദാക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിശുദ്ധ രക്തം ചിന്തിയ അഫ്ഘാൻ ഭൂമിയെ നോക്കി വാഗ്ദത്ത മസീഹ് ഭയാനകമായ താക്കീതുകൾ നൽകുകയുണ്ടായി. അന്ന് മുതൽ ഒരു നൂറ്റാണ്ടു കാലമായി അഫ്ഘാനിസ്താൻ സമാധാനമെന്തന്നറിഞ്ഞിട്ടില്ല. ആ ദേശം മാത്രമല്ല അയൽ രാജ്യങ്ങളിലേക്കും ലോകസമാധാനത്തിനും ഭീഷണിയാകുമാറ് ക്രൂരമായ ഹിംസാത്മകതയുടെ പ്രഭവ കേന്ദ്രമായി അഫ്ഘാനിസ്താൻ തുടരുന്നു.

**എൻ.അബ്ദുർറഹിം സാഹിബ്**

ദാതാഗഞ്ച്ബക്ഷ് എന്ന പേരിൽ പ്രഖ്യാതനായ ശേഖ് അബുൽ ഹസൻ അലി ഹജ്‌വേരി എന്ന സൂഫി വര്യന്റെ പിന്തുടർച്ചയിൽപ്പെട്ട മതഭക്തനും അഫ്ഘാനിസ്താനിലെ ഘോസ് നിവാസിയുമായിരുന്ന ഹദ്റത്ത് സാഹിബ് സാദാ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് ഇമാം മഹ്ദിയുടെ ശിഷ്യത്വം സ്വീകരിച്ചത് ഒരു വലിയ സംഭവമായി. ഒരു മത നേതാവും മഹാപണ്ഡിതനും ഭക്ത ശിരോമണിയുമായിരുന്ന അദ്ദേഹത്തിന് അഫ്ഘാനിസ്താനിൽ ആയിരക്കണക്കായ മുരീദന്മാരുണ്ടായി രുന്നു. ഖോസ്തിലും ചുറ്റു വട്ടത്തി ലുമുള്ള ബ്രിട്ടീഷ്സംരക്ഷിത പ്രദേശങ്ങളിലും അദ്ദേഹത്തിന് ധാരാളം സ്വത്തുക്കളും ഉണ്ടായിരുന്നു. ദിവ്യ വെളിപാടുകളാലും ആത്മ ദർശനങ്ങളാലും അനുഗൃഹീതനായ ഒരു പുണ്യ പുരുഷനെന്നോണം അറിയപ്പെടുന്ന അദ്ദേഹത്തിന് അഫ്ഘാൻ കൊട്ടാരത്തിലും അത്യുന്നതമായ സ്ഥാനം ഉണ്ടായിരുന്നു. അഫ്ഘാൻ രാജകുടുംബത്തിൽ തന്നെ പലരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിട്ടുണ്ടായിരുന്നു. അഫ്ഘാൻ രാജാവിന് കിരീടധാരണം നടത്തുന്ന ചടങ്ങിന് കാർമികത്വം വഹിച്ചിരുന്നത് ഇദ്ദേഹമാണെന്ന് വരുമ്പോൾ അദ്ദേഹത്തിന്റെ ഉന്നതസ്ഥാനം ഊഹിക്കാമല്ലോ. 1894ലെ അഫ്ഘാൻ ഇന്ത്യഅതിർത്തിനിർണയത്തിന് നിയോഗിക്കപ്പെട്ട സുപ്രസിദ്ധമായ ഡ്യൂറന്റ് കമ്മീഷനിലെ രണ്ട് അഫ്ഘാൻ പ്രതിനിധികളിലൊരാളായി അദ്ദേഹമാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. കമ്മീഷനിലെ സീനിയർ ബ്രിട്ടീഷ് പ്രതിനി ധിയായിരുന്നു സർ മോർട്ടമർ ഡ്യൂറന്റ്.


അബ്ദുല്ലത്തീഫ് സാഹിബ് (റ)

വാഗ്ദത്ത മസീഹ് വെളിപ്പെട്ടു കഴിഞ്ഞുവെന്ന വിവരം ഹദ്റത്ത് അബ്ദുല്ലത്തീഫ് സാഹിബ് എങ്ങനെയോ അറിഞ്ഞു കഴിഞ്ഞിരുന്നു. ഡ്യൂറന്റ് കമ്മീഷനിലെ സ്റ്റാഫിൽപ്പെട്ട ഒരാൾ അദ്ദേഹത്തിന് ഹദ്റത്ത് അഹ്മദി(അ)ന്റെ 'ആയിനെ കമാലാത്തെ ഇസ്‌ലാം' എന്ന വിശ്രുത ഗ്രന്ഥത്തിന്റെ പ്രതി സമ്മാ

നിക്കുകയുണ്ടായി. വളരെ താൽപര്യത്തോടെ ആ കൃതി പരായണം ചെയ്തു. അദ്ദേഹത്തിന് ആ കൃതിയുടെ കർത്താവിനോടുള്ള മതിപ്പും ആദരവും വിവരണാതീതമായിരുന്നു. കമ്മീഷൻ ജോലി കഴിഞ്ഞതിന് ശേഷം ഹദ്റത്ത് അബുദുല്ലത്തീഫ് സാഹിബ് വാഗ്ദത്ത മസീഹുമായി ബന്ധം പുലർത്തി. വാഗ്ദത്ത മസീഹുമായി നേരിട്ടു ബന്ധം പുലർത്തുന്നതിന് അദ്ദേഹം നേരിട്ടു ഖാദിയാനിലേക്ക് തന്റെ ദൂതന്മാരെ അയക്കുകയുണ്ടായി. അവർ മഹ്ദി ഇമാമിന്റെ പുതിയ ചില കൃതികളും ലഘുലേഖകളുമായിട്ടാണ് തിരികെയെത്തിയത്.

**ആദ്യത്തെ അഹ്മദി രക്തസാക്ഷി**

ഹദ്റത്ത് അബ്ദുല്ലത്തീഫ് സാഹിബിന്റെ ദൂതന്മാരിൽ പ്രധാനിയായിരുന്ന ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ് പല തവണ ഖാദിയാൻ സന്ദർശിച്ചു.1900 ഡിസംബറിൽ അദ്ദേഹം സയ്യിദ് സാഹിബിന്റെ ഒപ്പിട്ട ബൈഅത്ത് പത്രിക വാഗ്ദത്ത മസീഹിന് സമർപ്പിക്കുകയും താനും ബൈഅത്ത് ചെയ്ത് ശിഷ്യഗണത്തിൽ പ്രവേശിക്കുകയും ചെയ്തു.

അക്കാലത്ത് അതിതിർത്തി പ്രദേശങ്ങളിൽ ബ്രിട്ടീഷുകാർക്കെതിരെ പ്രക്ഷോഭം നടക്കുകയായിരുന്നു. മുല്ലമാർ അതിന് ജിഹാദ് എന്നായിരുന്നു പറഞ്ഞിരുന്നത്. പല ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും നിഷ്ക്കരുണം നിഗ്രഹിക്കപ്പെടുകയുണ്ടായി. വാഗ്ദത്ത മസീഹ് ഈ നീക്കങ്ങളെ വിമർശിക്കുകയും ജിഹാദിനെ സംബന്ധിച്ച ഇസ്‌ലാമിന്റെ ശരിയായ പാഠത്തെ വിശദീകരിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ ഈ ലഘുലേഖകളും വാഗ്ദത്ത മസീഹിന്റെ മറ്റു കൃതികളുമെല്ലാം സൂക്ഷ്മമായി പഠിച്ച് അതിന്റെ പൊരുൾ മനസ്സിലാക്കിയാണ് കാബൂളിൽ തിരിച്ചെത്തിയത്. ഇമാം മഹ്ദി പ്രത്യക്ഷപ്പെട്ട ആനന്ദ വൃത്താന്തം രാജാവിനെ നേരിട്ട്കണ്ട് ബോധിപ്പിക്കാമെന്ന ആഗ്രഹവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലതല്ലി. മൗലവി അബ്ദുർറഹ്മാന്റെ പുതിയ വിശ്വാസങ്ങളും തത്ത്വങ്ങളും മുല്ലമാരുടെ ശ്രദ്ധയിൽപ്പെടാതിരുന്നില്ല. അവർ അദ്ദേഹത്തിനെ പറ്റി രാജാവിനെ ദുർബോധനപ്പെടുത്താൻ ശ്രമിച്ചു തുടങ്ങിയിരുന്നു. അമീർ അബ്ദുർറഹ്മാൻ മുല്ലമാരുടെ ഉപദേശങ്ങൾക്കും ഉപജാപങ്ങൾക്കും വിധേയനായി മൗലവി അബ്ദുർറഹ്മാൻ സാഹിബിൽ രാജ്യദ്രോഹം ആരോപിച്ച് അറസ്റ്റ് ചെയ്യാൻ കൽപ്പിക്കുകയും ചെയ്തു. അമീറിന്റെ നിർദേശ പ്രകാരം ഒടുവിൽ തടവുമുറിയിൽ വെച്ച്തന്നെ അദ്ദേഹത്തെ കഴുത്തിൽ മുണ്ടിട്ടു മുറുക്കി കൊന്നുകളഞ്ഞു. അങ്ങനെ വാഗ്ദത്ത മസീഹിന്റെ ശിഷ്യമാരിൽ ആദ്യത്തെ ശഹീദ് അഥവാ രക്തസാക്ഷിയാകാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. 20 വർഷം മുമ്പ് വാഗ്ദത്ത മസീഹിനുണ്ടായ വെളിപാടുകളിൽ 'ശാതാനി തുദ്ബഹാനി വകുല്ലുമൻ അലൈഹാ ഫാൻ '(രണ്ട് ആടുകൾ അറുക്കപ്പെടും, അതിന്മേലുള്ള സകലതും നശ്വരം) എന്നു പറയപ്പെട്ടിട്ടുള്ളതിലടങ്ങിയ പ്രവചനം അങ്ങനെ ഭാഗികമായി പൂർത്തിയായി. 1901 സെപ്റ്റമ്പർ 10-ാം തീയതിയാണ് നിരപരാധിയായ ഒരു പുണ്യപുരുഷന്റെ നേരെ ഈ പൈശാചിക വധം നടന്നത്.

ഈ വധത്തിന് ശേഷം കുറച്ച് ആഴ്ച്ചകൾ കഴിഞ്ഞ് അമീർ അബ്ദുർറഹ്മാൻ ഖാന് പക്ഷാഘാതം ഉണ്ടായി. കിടപ്പിലായ രാജാവ് 1901 ഒക്ടോബർ 3 ന് മരണമടയുകയുണ്ടായി. തുടർന്ന് അമീർ ഹബീബുല്ലാ ഖാൻ അഫ്ഘാൻ രാജാവായി വാഴിക്കപ്പെട്ടു.

1902 ഒടുവിൽ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് അമീർ ഹബീബുല്ലാഖാന്റെ സമ്മതത്തോടെ ഹജ്ജ് കർമം നിർവഹിക്കാനുള്ള ഉദ്ദേശ്യത്താൽ രണ്ടു ശിഷ്യ ന്മാരോടൊപ്പം ലാഹോറിലേക്ക് പുറപ്പെട്ടു. രാജാവ് അദ്ദേഹത്തെ പ്രസാദിച്ചു ആവശ്യമായ പണവും നൽകുകയുണ്ടായി. ലാഹോറിലാണ് പുണ്യാത്മാവായ ദാദാബക്ഷിന്റെ മൃതകുടീരം സ്ഥിതി ചെയ്യുന്നത്. ലാഹോറിൽ നിന്ന് ഖാദിയാനിൽ ചെന്ന് വാഗ്ദത്ത മസീഹിനെ കാണണമെന്ന മോഹവും അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം ഖാദിയാനിൽ വന്നെത്തി. വാഗ്ദത്ത മസീഹ് അദ്ദേഹത്തെ ആദരപൂർവം സ്വീകരിച്ചു. സയ്യിദ് സാഹിബിനെക്കുറിച്ച് പ്രഥമ ദർശനത്തിൽ തന്നെ തനിക്കുണ്ടായ അഭിപ്രായം വാഗ്ദത്ത് മസീഹ് ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു.

എന്റെ ജീവൻ ആരുടെ കയ്യിൽ സ്ഥിതിചെയ്യുന്നുവോ ആ സർവാധിനാഥനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുന്നു എന്നോടുള്ള സമർപ്പണഭാവത്തിലും അതുല്യമായ തരത്തിലും ആത്മാർഥതയുള്ള ആളും എന്നോടുള്ള ബന്ധത്തിലും എന്റെ എല്ലാ വാദങ്ങളും സ്വീകരിക്കുന്നതിലും പരമമായ വിശ്വസ്ഥത പുലർത്തുന്ന ആളും ആയിട്ടാണ് എനിക്കദ്ദേഹത്തെ കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ സ്നേഹവും ആദരവും അതീവ സുഗന്ധം പകരുന്ന അഛ്സ്ഫടികവും സുന്ദരവുമായ അത്തർ കുപ്പിയോട് സാദൃശ്യപ്പെടുത്താവുന്നതത്രെ. എന്നോടുള്ള സ്നേഹത്താൽ അത്യന്തം ആത്മാർഥതയുള്ള ആളായി ഞാൻ അദ്ദേഹത്തെ കാണുന്നു. അദ്ദേഹത്തിന്റെ വർത്തുളമായ സുന്ദര വദനം പോലെ പരിശുദ്ധമാണ് ആ ഹൃദയവും. ലൗകികമായ എല്ലാ കാര്യങ്ങളേക്കാൾ സത്യ വിശ്വാസത്തിന് അദ്ദേഹം പ്രാമുഖ്യം കൽപ്പിക്കുന്നു എന്നത്രെ ഞാൻ അദ്ദേഹത്തിൽ കണ്ട അസൂഹ്യാർഹമായ ഗുണവിശേഷം. (തദ്കിറത്തുശ്ശഹാദത്തെൻ)

ഏതാനും ദിവസം മാത്രം ഖാദിയാനിൽ തങ്ങാനാണ് അദ്ദേഹം തീരുമാനിച്ചത്. വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ടപ്പോൾ പിന്നെ ആ മഹാത്മാവിനെ വിട്ടുപിരിയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അത് കാരണം ഹജ്ജിന് പോകാനുള്ള പരിപാടി മാറ്റിവെക്കുകയും കുറേനാൾ ഖാദി യാനിൽ വസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സയ്യിദ് സാഹിബ് ആത്മീയ ദർശനങ്ങളും ദിവ്യാനുഭവങ്ങളുമുള്ള ആളായിരുന്നതിനാൽ വാഗ്ദ

ത്ത മസീഹിന്റെ ആത്മീയ ഔന്ന ത്യവും അഗ്രിമ പദവികളും ഉൾ ക്കണ്ണ് കൊണ്ട് നോക്കി കാണുവാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായി രുന്നില്ല. സയ്യിദ് സാഹിബ് ആറു മാസത്തെ വിടചോദിച്ചാണ് അമീറു മായി പിരിഞ്ഞത്. 3 മാസത്തിലേറെ അദ്ദേഹം ഖാദിയാനിൽ തന്നെ കഴിച്ചു കൂട്ടി. കാബൂളിലേക്ക് തിരിച്ചുപോകേണ്ട സമയമായപ്പോൾ അദ്ദേഹം മഹ്ദി ഇമാമിന്റെ അനു വാദം തേടി. അടുത്ത കൊല്ലം ഹജ്ജിന് പോകുന്നത് വരെ ഖാദി യാനിൽ താമസിച്ചുകൊള്ളാ മെന്ന് ഹദ്റത്ത് അഹ്മദ്(അ) നിർദേശി ച്ചുവെങ്കിലും ഹജ്ജിന് വീണ്ടും വരു ന്നതാണെന്ന് പറയുകയാൽ അദ്ദേഹ ത്തെ ഹിതാനുസരണം പ്രവർത്തി ച്ചുകൊള്ളുന്നതിന് അനു വദിക്കു കയുണ്ടായി.

സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് ഖാദിയാനിൽ നിന്ന് തിരിച്ചുപോകു മ്പോൾ വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തെ യാത്രയയക്കാനായി രണ്ടര നാഴിക അകലത്തോളം (മറ്റൊരു നിവേദനത്തിൽ വഡാല വരെ) അനുഗമിക്കുകയു ണ്ടായി. ഒടുവിൽ അവർ പിരിഞ്ഞ രംഗം വികാര നിർഭരമായിരുന്നു. സയ്യിദ് സാഹിബിനെ സംബന്ധിച്ചിടത്തോ ളം അത് അവസാനത്തെ കൂടി കാഴ്ച്ചയായിരുന്നുവെന്ന് ഉറപ്പിച്ചി രുന്നു. ഇനിയൊരിക്കലും തന്റെ ഗുരുവിനെ കാണുകയില്ലെന്ന് ഓർത്തപ്പോൾ അദ്ദേഹം ഗുരുവിന്റെ കാൽക്കൽ കുഴഞ്ഞു വീണു പൊട്ടിക്കരയുകയായിരുന്നു. ഇമാം മഹ്ദിയുടെ കണ്ണിലും വെള്ളം നിറഞ്ഞു. വളരെ പ്രയാസപ്പെട്ട് തന്റെ ശിഷ്യനെ എഴുന്നേൽപ്പിച്ചു. തന്റെ കാൽകീഴിൽ ആരെങ്കിലും വീഴുന്നതും തന്റെ പാദങ്ങൾ സ്പർ ശിക്കുന്നതും ആ മഹാത്മാവ് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ 'അൽ അംറു ഫൗഖൽ അദബ്' (കൽപ്പന അനുസരിക്കലാണ് മര്യാദ യിലും ഉയർന്നത്) എന്ന് നിർദേ ശിക്കേണ്ടി വന്നു. സയ്യിദ് സാഹിബ് ഗദ്ഗദത്തോടെ പറഞ്ഞു: 'ഇനി ജീവിതത്തിലൊരിക്കലും അങ്ങ യുടെ തിരുമുഖം എനിക്ക് കാണാൻ കഴിയുകയില്ല. ഇത് അവസാനത്തെ ദർശനമാണ് എനിക്ക് പൊറുത്തു തന്നാലും.'

താൻ നാട്ടിൽ തിരിച്ചെത്തുന്ന തോടെ ജീവൻ ബലിയാകേണ്ടി വരുമെന്ന് അദ്ദേഹം വെളിപാട് മുഖേന മുൻകൂട്ടി അറിഞ്ഞിരുന്നു. അദ്ദേഹം തന്റെ സ്നേഹിതന്മാരോട് പാർസിയിൽ പറഞ്ഞുകൊണ്ടിരുന്നു. 'ബാർ ബാർ ഇൽഹാം മേശൂദ് സർബുദ സർബുദ സർബുദ' (എനി ക്ക് അടിക്കടി ഇൽഹാം ഉണ്ടായി ക്കൊണ്ടി രിക്കുന്നു തല നൽകൂതല നൽകൂ തല നൽകൂ എന്ന്) 'ഫിർ ഔന്റെ യടുക്കൽ ചെല്ലുക' എന്ന് അദ്ദേഹത്തിന്ന് ഒരിക്കൽ ഇൽ ഹാമുണ്ടായി.

കാബൂളിലേക്കുള്ള മടക്കയാത്ര യിൽ ബ്രിട്ടീഷ് പ്രദേശത്ത് തന്നെ യായിരിക്കെ അദ്ദേഹം കാബൂളിലെ പോലീസ് കമ്മീഷണറും തന്റെ ഒരു ശിഷ്യനുമായിരുന്ന ബ്രിഗേഡിയർ മുഹമ്മദ് ഹുസൈന് ഒരു കത്തയച്ചു. തനിക്ക് ഹജ്ജിന് പോകാൻ കഴിയാ തെവന്ന സാഹചര്യങ്ങൾ വിശദീ കരിച്ചെഴുതുകയും അമീർ ഹബീ ബുല്ലാഖാന് തന്റെ വിശദീകരണം ബോധിപ്പിക്കാൻ നിർദേശിക്കു കയും ചെയ്തു. തന്റെ ആദരങ്ങൾ അറിയിക്കുന്നതിന് അമീറിന്റെ മു മ്പിൽ നേരിട്ട് ഹാജരാവാൻ അനു വാദമുണ്ടോ എന്ന് അന്വേഷിച്ചറി യാൻ ആവശ്യപ്പെടുകയും ചെയ്തു.

അമീറിൽ നിന്നുള്ള അനുകൂല ഭാവം അറിഞ്ഞ ഉടനെ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് ഖോസ്തി യിലേക്ക് പുറപ്പെട്ടു. എന്നാൽ അതിർത്തി കടന്ന ഉടനെ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും പോലീസ് അകമ്പടിയോടെ കാബൂളിൽ ഹാജ രാക്കപ്പെടുകയുമാണുണ്ടായത്. അമീർ തനിക്കെതിരെ വളരെയേറെ സ്വാധീനിക്കപ്പെട്ടിട്ടുണ്ടെന്ന് കബൂളിലെത്തിയപ്പോൾ സയ്യിദ് സാഹിബിന് മനസ്സിലായി. യാതൊര ന്വേഷണവും കൂടാതെ അമീർ ഹബീബുല്ലാ ഖാൻ കൽപ്പിച്ചത് അമീർ താമസിക്കുന്ന കോട്ടയിൽ തന്നെ ഒരു പ്രത്യേക തടവുമുറിയിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കണ മെന്നായിരുന്നു. കനത്ത ചങ്ങലകൾ ക്കൊണ്ട് കൈകാലുകൾ ബന്ധിച്ചി രുന്നു. കാരാഗൃഹത്തിൽ അദ്ദേഹ ത്തിന് ദുരിതപൂർണമായ ജീവിതം കഴിച്ചുകൂട്ടേണ്ടി വന്നു.

സയ്യിദ് സാഹിബ് ലാഹോറിൽ അൽപ്പം തങ്ങിയ ശേഷമാണ് ഖോ സ്ലിയിലേക്ക് പുറപ്പെട്ടത്. വഴിക്കൽ ശിഷ്യന്മാരോട് കാബൂളിന്റെ മണ്ണ് എന്റെ രക്തം ദാഹിച്ചു കൊണ്ടിരി ക്കയാണെന്ന് പറയാറുണ്ടായിരുന്നു. അനന്തരമുണ്ടായ സംഭവങ്ങൾ ഹദ്റത്ത് അഹ്മദ് (അ) വിവരി ക്കുന്നത് ഇപ്രകാരമാണ്.

'ബ്രിഗേഡിയർ മുഹമ്മദ് ഹു സൈൻ പ്രസ്തുത കത്ത് കിട്ടിയ പ്പോൾ അത് രാജാവിന് ഉടനെ സമർ പ്പിച്ചില്ല. എന്നാലദ്ദേഹത്തിന്റെ കീഴു ദ്യോഗസ്ഥൻ സംഗതി അറിഞ്ഞു. ആ കത്ത് മോഷ്ടിച്ചെടുത്ത് അമീറിന് സമർപ്പിച്ചു. അയാളാകട്ടെ സയ്യിദ് സാഹിബിന്റെ ഒരു കഠിന വിരോ ധിയും ഒരു കുസൃതിക്കാരനുമായി രുന്നു. രാജാവ് ബ്രിഗാഡിയരെ വിളി ച്ചന്വേഷണം നടത്തി. രാജാവ് ക്രു ദ്ധനാണെന്ന് കണ്ട് ഭയവിഹ്വലനായ ബ്രിഗാഡിയർ തനിക്ക് കത്ത് വന്നി ട്ടില്ലെന്ന് നിഷേധിച്ചു പറയുകയാ ണുണ്ടായത്. മൗലവി സാഹിബാ കട്ടെ മറുപടി ലഭിക്കാത്തത് കാരണം ബ്രിഗാഡിയർ മുഹമ്മദ് ഹുസൈന് വീണ്ടും ഒരു കത്തയച്ചു. ഈ കത്ത് പോസ്റ്റ്മാൻ പൊളിച്ചു വായിച്ചു നേരെ അമീറിന് അയച്ചു കൊടു ക്കുകയുണ്ടാണു ചെയ്തത്. വന്ദ്യ നായ മൗലവി സാഹിബിന്റെ രക്ത സാക്ഷിത്വം സ്വർഗത്തിൽ തീരുമാ നിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അദ്ദേഹ ത്തെ തന്റെ പിടിയിൽ ഒതുക്കുന്ന തിന് അമീർ വളരെ സൂത്രശാലി ത്വത്തോ ടെ കരുനീക്കങ്ങൾ നടത്തി. അനു കൂല ഭാവം പ്രകടിപ്പിച്ചു കൊ ണ്ട് പ്രോത്സാഹനജനകമായ ഒരു എഴുത്ത് അമീർ അയപ്പിച്ചു. വാഗ്ദ ത്ത മസീഹി (അ) നെ സംബന്ധിച്ച സത്യങ്ങൾ തന്നെ ബോദ്ധ്യപ്പെടു ത്തുന്ന പക്ഷം മൗലവി സാഹി ബിനെ പിന്തുടരുന്നതാണെന്ന് കൂടി രാജാവ് അറിയിച്ചു. അമീറിൽ

നിന്നുള്ള അനുകൂലമായ നിലപാട് അറിഞ്ഞപ്പോഴാണ് അദ്ദേഹം ഖോസ്തിലേക്ക് പുറപ്പെട്ടത്. അതോടെ വിധിയുടെ ചക്രം ചലിച്ചു.

'അദ്ദേഹം കാബൂളിലെ തെരുവിലൂടെ നടന്നു നീങ്ങിയത് കുതിരപ്പുറത്തായിരുന്നു. രാജാവിന്റെ എട്ടു കുതിരപ്പടയാളികൾ അദ്ദേഹത്തെ പിന്തുടർന്നിരുന്നു. അമീർ 'അഖുണ്ട് സാദാ' യുടെ നേരെ വഞ്ചന പ്രയോഗിച്ചതാണെന്നു നഗരവാസികൾക്കെല്ലാം അറിയാമായിരുന്നു. അഖുണ്ട് സാദയും കുതിര പടയാളികളും നീങ്ങിക്കൊണ്ടിരിക്കെ കാണികളും അവരെ പിന്തുടർന്നു. മൗലവി സാഹിബിനെ അറസ്റ്റ് ചെയ്യാൻ ഖോസ്ത് ഗവർണർക്ക് നേരത്തെ കൽപ്പന ലഭിച്ചിരുന്നു എന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. ഗവർണറുടെ കൽപ്പന പ്രകാരമാണ് കുതിര പടയാളികൾ അദേഹത്തെ രാജാവിന്റെ സന്നിധാനത്തിൽ ഹാജരാക്കാൻ അകമ്പടി സേവിച്ചത്. അസൂയാലുക്കളും ദുഷ്ടന്മാരുമായ ഉലമാക്കളും എതിരാളികളും രാജാവിന്റെ കാതുകളിൽ ഏഷണികൊണ്ട് വിഷം നിറച്ചു കഴിഞ്ഞിരുന്നതിനാൽ രാജാവ് ക്രുദ്ധനായിരുന്നു. (തദ്കിറത്തുശ്ശഹാദത്തൈൻ)

സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്ന് രാജാവ് കരുതിയിരുന്നില്ല എന്നാണ് മനസ്സിലാവുന്നത്. മുഫ്തിമാരുടെ അനിഷ്ടം നേരിടുമെന്ന് ഉത്കണ്ഠ മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് എന്തെങ്കിലും ഒരു ഒഴിവ് കഴിവ് പറഞ്ഞ് അദ്ദേഹത്തെ വിട്ടയക്കണമെന്ന് രാജാവ് ആഗ്രഹിക്കാതിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ നേരെ കടുത്ത ശത്രുത പുലർത്തിയിരുന്ന മുല്ലമാർ അദ്ദേഹത്തെ വകവരുത്താൻ തീർച്ചപ്പെടുത്തി യതിനാൽ പ്രത്യക്ഷത്തിൽ എന്തെങ്കിലും എതിരു പറയുവാൻ അമീറിന് ധൈര്യമുണ്ടായിരുന്നില്ല. താൻ താമസിച്ചിരുന്ന കോട്ടയിൽ സയ്യിദ് സാഹിബിനെ താമസിപ്പിക്കാൻ നിർദേശിച്ചതും അദ്ദേഹവുമായി ബന്ധപ്പെടുന്ന തിനും അദ്ദേഹത്തെ പിന്തിരിയാൻ പ്രേരിപ്പിക്കുന്നതിനും വേണ്ടി യായിരുന്നു. എന്നാൽ നിരന്തരമായ ആ ശ്രമത്തിന് യാതൊരു ഫലവുമുണ്ടായില്ല.

നാലു മാസം കഴിഞ്ഞപ്പോൾ അമീർ അദ്ദേഹത്തെ തന്റെ മുമ്പാകെ ഹാജരാക്കാൻ കൽപ്പിച്ചു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ തള്ളി പറയുന്ന പക്ഷം ജീവൻ രക്ഷിക്കാമെന്നും പൂർവോപരി ആദരവും പദവികളും ലഭിക്കുമെന്നും രാജാവ് അദ്ദേഹത്തോട് തുറന്ന് പറയുകയുണ്ടായി. സത്യത്തിന് വേണ്ടി സകലതും സംത്യജിക്കാനും എന്തും നേരിടാനും തയ്യാറായിരുന്ന ആ ദൈ വദാസൻ ഭീഷണിക്കോ പ്രലോഭനങ്ങൾക്കോ വംശവദനായിരുന്നില്ല.

താൻ സത്യം കണ്ടെത്തിക്കഴിഞ്ഞുവെന്നും സർക്കാർ തനിക്ക് നൽകുന്ന ശിക്ഷ മരണമാണെങ്കിൽ ദൈവത്തെ ധിക്കരിക്കുന്നത് മൂലം തനിക്ക് നിത്യനാശത്തെയാണ് നേരിടേണ്ടി വരികയെന്നും പറഞ്ഞ് കൊണ്ട് അദ്ദേഹം അമീറിന്റെ നിർദേശം തള്ളിക്കളഞ്ഞു. തന്നെ എതിർക്കുന്ന മുല്ലമാർ തന്റെ വിശ്വാസങ്ങളുടെ സത്യാസത്യങ്ങൾ തുറന്ന വാദപ്രതിവാദങ്ങളിലൂടെ തെളിയിക്കാൻ തയ്യാറാകുകയും താനുന്നയിക്കുന്ന പ്രമാണങ്ങളെ ഫലപ്രദമായി ഖണ്ഡിക്കുകയും ചെയ്യുന്ന പക്ഷം തന്റെ മേൽ കുറ്റം വിധിക്കുകയും എന്ത് ശിക്ഷയും കൽപ്പിക്കുകയും ചെയ്യാവുന്നതാണെന്ന് അദ്ദേഹം അറിയിച്ചു. ഈ നിർദേശം അമീർ അംഗീകരിക്കുകയും ഖാൻ മുല്ലാഖാനെയും എട്ട് മുല്ലമാരെയും സയ്യിദ് സാഹിബുമായി വാദപ്രതിവാദം നടത്തുന്നതിന് തെരഞ്ഞെടുക്കുകയും ചെയ്തു. അബ്ദുൾ ഖനി എന്ന് പേരായ ഒരു പഞ്ചാബി ഇക്കാര്യത്തിൽ മദ്ധ്യസ്ഥനായി നിശ്ചയിക്കപ്പെട്ടു. അയാളാകട്ടെ സയ്യിദ് സാഹിബിന്റെ കടുത്ത ശത്രുവായിരുന്നു.

വാദപ്രതിവാദം രാവിലെ ഏഴു മണിക്കാരംഭിച്ചു. വൈകുന്നേരം മൂന്നുമണിവരെ തുടർന്നു. പള്ളിക്കകം ജനനിബിഢമായിരുന്നു. എന്നാൽ വാദപ്രതിവാദം എഴുത്തു മുഖേനയായിരുന്നതിനാൽ ആർക്കും ഒന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. വാദപ്രതിവാദത്തിനൊടുവിൽ മിർസാ സാഹിബ് ഖാദിയാനിയാണ് വാഗ്ദത്ത മസീഹ് എങ്കിൽ ഈസാ നബി(അ)യുടെ രണ്ടാം വരവിനെ പറ്റി എന്ത് പറയുന്നു എന്ന് മുല്ലമാർ ചോദിച്ചു. ഈസാ നബി (അ) മരിച്ചു പോയതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതിനാൽ തിരിച്ചു വരാൻ നിവൃത്തിയില്ലെന്ന് സയ്യിദ് സാഹിബ് വെട്ടി തുറന്ന് പറഞ്ഞതോടെ മുല്ലമാർ പൊട്ടിത്തെറിക്കുകയും അദ്ദേഹം കാഫിർ ആണെന്ന് ആക്രോശിക്കുകയും ചെയ്തു. മുർത്തദ് ആണെന്ന് മുഫ്തിമാർ വിധിക്കുകയും ചെ യ്തു. ഉടൻ സാഹിബ് സാദാ സാഹിബിന്റെ കരണചരണങ്ങളിൽ കനത്ത ചങ്ങലകൾ വീഴുകയും ജയിലറയിലേക്ക് അദ്ദേഹം നീക്കപ്പെടുകയും ചെയ്തു. വാദപ്രതിവാദം നടത്തി കൊണ്ടിരിക്കെ എട്ട് സൈനികർ അദ്ദേഹത്തിന് ചുറ്റും ഊരിയ വാളുമായി കാവൽ നിന്നിരുന്നു.

മുഫ്തിമാരുടെ ഫത്വ അമീറിന് മുമ്പിൽ സമർപ്പിക്കപ്പെട്ടു. എന്നാൽ വിവാദത്തിന്റെ രേഖകൾ അമീറിന് മുമ്പിൽ സമർപ്പിച്ചിരുന്നില്ല. മുഫ്തിമാർക്ക് സാഹിബ് സാദാ സാഹിബിന്റെ വാദങ്ങളെ ഖണ്ഡിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതിലേക്ക് ഇത് തന്നെ തെളിവായിരുന്നു. മുഫ്തിമാരുടെ തീരുമാനത്തെ മാത്രം ആസ്പദമാക്കി ന്യായ ന്യായങ്ങൾ തുലനം ചെയ്യാതെയും പരി ശോധിക്കാതെയും അമീർ സയ്യിദ് സാഹിബിനെ എറിഞ്ഞുകൊല്ലാൻ കൽപ്പിക്കുകയാണ് ചെയ്തത്.

അടുത്ത ദിവസം രാവിലെ സയ്യിദ് സാഹിബിനെ സലാം ഖാനയിലേക്ക് ആനയിച്ചു. അവിടെ വലിയൊരു പുരുഷാരം ഉണ്ടായി രുന്നു. അമീർ കോട്ടയിൽ നിന്ന് പുറത്തിറങ്ങി. സലാം ഖാനയിലൂടെ കടന്ന് വരുമ്പോൾ സാഹിബ് സാദാ സാഹിബിനെ കണ്ടു. എന്താണ് തീരുമാനമെന്ന് രാജാവ് അന്വേഷിച്ചു. സയ്യിദ് സാഹിബ് മൗനം പാലിച്ചെങ്കിലും കുറ്റം വിധിച്ചതായി സൈനികർ

അറിയിച്ചു. അമീർ സലാം ഖാനയിൽ വീണ്ടും വന്നു. സയ്യിദ് സാഹിബിനോട് ഒരിക്കൽകൂടി അഭ്യർഥിച്ചു. താങ്കളെ മുർത്തദ് ആയി വിധിച്ചിരിക്കുന്നു. പാശ്ചാത്തപിച്ചു പിന്മാറുന്ന പക്ഷം ജീവൻ രക്ഷിക്കപ്പെടും. അദ്ദേഹം മറുപടി നൽകിയത് ഇപ്രകാരമായിരുന്നു. 'സത്യത്തിൽ നിന്ന് ഞാൻ വിട്ടു മാറുകയില്ല. എന്റെ ജീവൻ രക്ഷപ്പെടുന്നതിന് വേണ്ടി ഞാൻ അസത്യത്തിലേക്ക് ഒരിക്കലും മടങ്ങുകയില്ല,.'

ഉടൻ അമീർ സ്വന്തം കൈകൊണ്ട് തന്നെ വിധിഎഴുതി. മുഫ്തിമാരുടെ പ്രഖ്യാപന പ്രകാരം സാഹിബ് സാദാ സാഹിബ് ഒരു മുർത്തദ് ആണെന്നും അതിനാൽ എറിഞ്ഞു കൊല്ലപ്പെടാൻ വിധിച്ചിരിക്കുന്നു വെന്നും ! ഈ വിധിരേഖ സയ്യിദ് സാഹിബിന്റെ കഴുത്തിൽ കെട്ടിതൂക്കി. ആ മഹാമനുഷ്യന്റെ മൂക്കിന് തുടലിടാനും അതിലൂടെ കയർ കുടുക്കാനും കൊലക്കളത്തിലേക്ക് കെട്ടിവലിക്കാനും അമീർ കൽപ്പിച്ചു!! കൽപ്പന ക്ഷണം നടപ്പാക്കി. സയ്യദ് സാഹിബിനെ നഗരത്തിന്റെ പുറത്ത് കൊലക്കളത്തിലേക്ക് ആർത്തട്ടഹസിക്കുന്ന ശകാരം ചൊരിയുന്ന ക്ഷുഭിതരായ പുരുഷാരത്തിന്റെ മദ്ധ്യത്തിലേക്ക് ആനയിച്ചു. പ്രധാന ഖാസിയുടെയും മുഫ്തിമാരുടെയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയും സൈനികരുടെയും അകമ്പടിയോടെ അമീർ ഹബീബുല്ലഖാനും കൊലക്കളത്തിലേക്കിറങ്ങി.

കൊലക്കളത്തിൽ ഒരു കുഴിയുണ്ടാക്കപ്പെട്ടിരുന്നു. സയ്യിദ് സാഹിബിനെ ആ കുഴിയിൽ നിർത്തി അരയോളം മണ്ണിട്ട് മൂടി. അമീറും അദ്ദേഹത്തിന്റെ സഹോദരനായ നസ്റുല്ലാ ഖാൻ , സൈന്യാധിപൻ അബ്ദുൾ അഹ്ദ് എന്നിവരും കുതിരപ്പുറത്തായിരുന്നു. അവസാന ശ്രമമെന്ന നിലയിൽ അമീർ സാഹിബ് സാദാ സാഹിബിനെ ഒരിക്കൽ കൂടി സമീപിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ തള്ളി പറയാൻ അഭ്യർഥിച്ചു. അതിന് തയ്യാറാണെങ്കിൽ ആ ഘട്ടത്തിലും മോചിതനാകാൻ കഴിയുമെന്ന് അമീർ കാതിൽ മന്ത്രിച്ചു. തന്നോട് തന്നെയും കുടുംബാംഗങ്ങളോടും കാരുണ്യം കാണിക്കണമെന്നും സയ്യിദ് സാഹിബിനോട് വിനയ പൂർവം അപേക്ഷിച്ചു. ജീവൻ രക്ഷിക്കാൻ സത്യത്തെ ഉപേക്ഷിക്കാൻ തനിക്ക് സാദ്ധ്യമല്ലെന്ന് സയ്യദ് സാഹിബ് ആ അവസര ത്തി ലും അസന്ദിഗ്ധമായ വാക്കുകളിൽ പ്രതിവചിച്ചപ്പോൾ ഖാസിമാരും ജൂറിമാറും ആർപ്പു കൂട്ടുകയും ഉടൻ കഥകഴിക്കേണ്ട കൊടിയ കാഫിർ ആണ് കഥാപുരുഷനെന്ന് ഉച്ചത്തിൽ വിളിച്ച് പറയുകയും ചെയ്തു. ആദ്യത്തെ ശിലാ തുണ്ടം എറിയുവാൻ അമീർ പ്രധാന ഖാസിയോട് അഭ്യർഥിച്ചു. അമീർ ആണ് അതിനർഹനെന്നും അദ്ദേഹമാണ് രാഷ്ട്രത്തലവനെന്നും ഖാസി ബോധിപ്പിച്ചു. നിയമത്തിന്റെ അധികാരി ഖാസിയാണെന്നും അതുകൊണ്ട് ഖാസി തന്നെയാണ് തുടക്കം കുറിക്കാൻ അവകാശപ്പെട്ടതെന്നും രാജാവ് ഉണർത്തിച്ചു. അപ്പോൾ ഖാസി കുതിരപ്പുറത്ത് നിന്നിറങ്ങി. സാഹിബ് സാദായെ ലക്ഷ്യമാക്കി അയാൾ ഒരു കല്ലെടുത്തെറിഞ്ഞു. അത് ലക്ഷ്യം തെറ്റാതെ ഊക്കിൽ സാഹിബ് സാദാ സാഹിബിന്റെ നെറ്റിയിൽ പതിച്ചു. ആ ശിരോഭാഗം ചരിഞ്ഞു വീണു. തുടർന്ന് അമീർ ലാക്കു നോക്കി മറ്റൊരു ശിലാതുണ്ടം ചുഴറ്റിയെറിഞ്ഞു. അതോടെ നാനാ വശത്ത് നിന്നും കല്ലുവന്ന് വീഴുകയായിരുന്നു. ശിലാവർഷത്തെ തുടർന്ന് അവിടം ഒരു വൻ കൽകൂമ്പാരം രൂപപ്പെട്ടു. അതിനുള്ളിൽ ഒരു മഹാ ഭക്തന്റെ തുടിച്ചുകൊണ്ടിരിക്കുന്ന ജീവൻ പിടച്ചു പിടച്ചു അന്ത്യശാസം വലിച്ചു. 'ഇന്നാ ലില്ലാഹീ വ ഇന്നാ ഇലയ്ഹി റാജിഊൻ.' 1903 ജൂലായ് 14-ാം തിയതിയായിരുന്നു കിടിലം കൊള്ളിക്കുന്ന ആ മഹാ സംഭവം നടന്നത്.

ഹ്ദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഈ കൊടും കൊലയെ ഏറ്റവും ഹൃദയ സ്പൃക്കായ രീതിയിൽ തദ്ക്കിറത്തുശ്ശഹാദത്തൈൻ എന്ന കൃതിയിൽ വിവരിക്കുകയുണ്ടായി. ആ മഹാ പുരുഷൻ ഇപ്രകാരം എഴുതി.

'ശഹ്സാദാ അബ്ദുല്ലത്തീഫ് വധിക്കപ്പെട്ട രക്തസാക്ഷിത്വം അങ്ങനെ സംഭവിച്ചു കഴിഞ്ഞു. ഈ ദ്രോഹിക്കുള്ള പ്രതിക്രിയ ബാക്കി യായിരിക്കുന്നു. തന്റെ രക്ഷിതാവിന്റെ മുമ്പിൽ കുറ്റവാളിയായി ഹാജരാക്കുന്നവന് നിശ്ചയമായും നരകം ആകുന്നു. അവൻ അതിൽ മരണമടയുകയോ ജീവിക്കുകയോ ഇല്ല (20: 27) എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. കഷ്ടം ഈ അമീർ ഒരു സത്യവിശ്വാസിയെ കരുതിക്കൂട്ടി കൊല ചെയ്തവൻ എന്ന് പറയപ്പെട്ടതിൽ (വിശുദ്ധ ഖുർആൻ 4:94) ഉൾപെട്ടു കഴിഞ്ഞിരുന്നു. അണുഅളവ് അയാൾ അല്ലാഹുവിനെ പേടിച്ചില്ല. ആ സത്യവിശ്വാസിയാകട്ടെ അഫ്ഘാനിസ്താനിൽ അങ്ങോളമിങ്ങോളം തെരഞ്ഞാലും ഒരു സദൃശനെ കാണാൻ കഴിയാത്ത വിധം അത്യുന്നതനായ സത്യവിശ്വാസിയും. ഭാര്യാമക്കളെ കൂടി ഗണ്യമാക്കാതെ സത്യത്തിന് വേണ്ടി ജീവൻപോലും ഹൃദയ പൂർവം ബലികഴിക്കാൻ തയ്യാറാവുന്നതിൽപ്പെട്ട ഇത്തരക്കാർ സമുദായത്തിന്റെ സ്വത്ത് ആയി ഗണിക്കപ്പെടേണ്ടവർ ആകുന്നു.' (തദ്കിറത്തു ശ്ശഹാദത്തൈൻ)

വീണ്ടും പ്രസ്തുത കൃതിയിൽ പറയുന്നു. 'ഈ കൊല വലിയതായ കരുണയില്ലായ്മയോടെയാണ് നടത്തപ്പെട്ടത്. ആകാശത്തിന് കീഴിൽ ഇക്കാലത്ത് ഇത്തരം ഒരു കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ, കഷ്ടം! അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്!! ഒരു പരമ നിരപരാധിയെ അസാധാരണ നിർദയത്ത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായി തീർന്നിരിക്കുന്നു. ഓ കാബൂൾ ഭൂവേ നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടും പാതകം നടത്തപ്പെട്ടത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ, ദൈവദൃഷ്ടിയിൽ നീതരം താണുപോയിരിക്കുന്നു. ഈ മഹാ പാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമാണല്ലോ (റൂ. ഖസായിൻ ജിൽദ് 20 ഭാ. 74)

സാഹിബ് സാദാ അബ്ദുല്ലത്തീഫ് (റ) ഭാര്യയെയും അഞ്ചു മക്കളെയും പിന്നിട്ട് കൊണ്ടാണ് ഇഹലോക വാസം വെടിഞ്ഞത്. അഫ്ഘാൻ ഗവൺമെന്റിന്റെ നിർദേശ പ്രകാരം 25 കൊല്ലക്കാലം അവർ കൊടും മർദനങ്ങൾക്കും ദുരിതങ്ങൾക്കും ഇരയാക്കപ്പെട്ടു. എന്നാൽ, അവ രെല്ലാം തന്നെ സത്യവിശ്വാസത്തിൽ അണുവോളം വ്യതിചലിക്കാതെ ഉറച്ചു നിന്നു. രണ്ടു പുത്രന്മാർ ജയിലിൽ വെച്ച് പനി പിടിച്ചു മരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യയും മൂന്നു പുത്രിമാരും ഒരു സഹോ ദരിയും ഏതാനും പേരക്കുട്ടികളും അഫ്ഘാനിസ്താനിൽ നിന്നും നീങ്ങി ബ്രിട്ടീഷ് സംരക്ഷിത പ്രദേശ മായ ബന്നുവിൽ താമസമുറപ്പിച്ചു. അവർക്ക് അവിടെ സ്വത്തുക്കളു മുണ്ടായിരുന്നു.

**ശക്തിമത്തായ പ്രവചനം**

അഫ്ഘാനിസ്താനിലെ രാജാ വിന്റെ കൽപ്പന പ്രകാരം ഖാൻ മുല്ലാ ഖാനും എട്ട് മുല്ലമാരും അടങ്ങുന്ന ഉലമാ സംഘവുമായി ഹദ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ് നടത്തിയ വാദപ്രതി വാദ ത്തിലെ മുഖ്യവിഷയം ഈസാ നബി(അ)യുടെ മരണവും രണ്ടാം വരവും ആയിരുന്നു. എഴുത്തു മുഖേന ആയിരുന്നു വാദപ്രതിവാദം. അതുകൊണ്ട് ഉലമാ സംഘത്തിലെ ഉന്നതന്മാർക്കല്ലാതെ മറ്റാർക്കും അതിനെക്കുറിച്ച് അറിയാൻ കഴി ഞ്ഞിരുന്നില്ല. ഈസാ നബി (അ) മരി ച്ചു പോയെന്നും അതിനാൽ തിരിച്ചു വരില്ല എന്നും ഉദ്ഘോഷിച്ചത് കാര ണമാണ് മുഫ്ത്തിമാർ അദ്ദേഹത്തെ മുർത്തദായി വിധിക്കുകയും എറി ഞ്ഞു കൊല്ലാൻ കൽപ്പിക്കുകയും ചെയ്തത്. തന്നിമിത്തം ഈ സംഭവം വിവരിച്ചു കൊണ്ട് തദ്കിറത്തുശ്ശ ഹാദത്തൈൻ എന്ന ഗ്രന്ഥം രചിക്കു കയും ഈസാ നബി (അ) ഒരിക്കലും തിരിച്ചു വരികയില്ലെന്ന വിശ്വാസം മൂന്നു നൂറ്റാണ്ടുകൾക്കുള്ളിൽ ക്രിസ് ത്യാനികളും മുസ്‌ലിംകളും പറ്റെ കയ്യൊഴിയുമെന്നും തന്റെ പ്രസ്ഥാ നം വിജയശ്രീലാളിതമാവുമെന്നും ലോകം മുഴുവൻ കീഴടക്കുമെന്നും ആ ഗ്രന്ഥത്തിൽ ശക്തിമത്തായ ഭാഷയിൽ പ്രവചനം പ്രസിദ്ധപ്പെടു ത്തുകയും ചെയ്തു. ആ പ്രവചനം ഇപ്രകാരമായിരുന്നു:

പ്രിയ ജനങ്ങളേ, ഞാനിപ്പറയു ന്നത് ആകാശഭൂമികളുടെ കർത്താ വായ അല്ലാഹുവിന്റെ പക്കൽനിന്നു ള്ള ഒരു പ്രവചനമാണെന്ന് ധരിച്ചു കൊള്ളുവിൻ! ആ സർവൈകനാ ഥൻ എന്റെ അനുചര സംഘത്തെ എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കു മാറാകുകയും അവരെ യുക്തി വാദങ്ങളും ന്യായവാദങ്ങളും മുഖേന മറ്റെല്ലാവരുടെയും മേൽ വിജയിപ്പിക്കുകയും ചെയ്യുന്നതാണ്. ഞാൻ പ്രബോധിക്കുന്ന ഈ വി ശ്വാസ തത്ത്വങ്ങൾ മാത്രം ഭൂമുഖത്ത് ആദര പൂർവം ആചരിക്കപ്പെടുന്ന ആ കാലം ഇതാ വരുന്നു. അല്ല ആ കാലം ആസന്നമായിരിക്കുന്നു. ദൈവം ഈ വിശ്വാസത്തെയും ഈ പ്രസ്ഥാനത്തെയും അത്ഭുതകരമായ വിധത്തിൽ അനുഗൃഹീതമാക്കുക യും ഇതിനെ നശിപ്പിക്കാൻ ആലോ ചിക്കുന്നവരുടെ ഉദ്ദേശ്യം വിഫലമാ ക്കിതീർക്കുകയും ചെയ്യും. ഇതിന് ലഭ്യമാകുന്ന വിജയം ശാശ്വതമായി രിക്കുന്നതും ഇതിന് സിദ്ധിക്കുന്ന മേന്മ ലോകവസാനം വരെ നിലനിൽ ക്കുന്ന തുമായിരിക്കും. ഇപ്പോൾ ഞാൻ പരിഹസിക്കപ്പെടുന്നുവെ ങ്കിൽ അത്കൊണ്ട് യാതൊരു തര ക്കേടുമില്ല. എന്തെന്നാൽ പരിഹാസ ത്തിന് ലക്ഷ്യമാകാതിരുന്ന ഒരു പ്രവാചകനുമുണ്ടായിട്ടില്ല തന്നെ. ആകയാൽ വാഗ്ദത്ത മസീഹും പരിഹസിക്കപ്പെടേണ്ടത് ആവശ്യ മാണ്. 'മനുഷ്യർക്ക് അഹോ കഷ്ടം അവർ പരിഹസിക്കാത്ത ഒരു പ്രവാ ചകനും അവരുടെ അടുക്കൽ വരു ന്നില്ല' എന്ന് ഖുർആൻ പറഞ്ഞു വല്ലോ. എല്ലാ ഒരോ പ്രവാചകനും പരിഹാസത്തിനും ആക്ഷേപത്തി നും ലക്ഷീഭവിക്കുമെന്നത് ദൈവി കമായ അടയാളമാകുന്നു. എന്നാൽ ആകാശത്ത് നിന്ന് ഇറങ്ങിവരുന്ന ഒരാളെ ആരെങ്കിലും പരിഹസി ക്കാൻ മുതിരുമോ? ഇല്ല ഒരിക്കലു മില്ല. ആകയാൽ വാഗ്ദത്ത മസീഹ് ആകാശത്ത് നിന്ന് അവതരിക്കുമെ ന്നത് ഒരു മിഥ്യാ വിചാരമാണെന്ന് പ്രസ്തുത പ്രമാണത്തിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്. ' 'ആകാശത്ത് നിന്ന് ആരും ഒരി ക്കലും ഇറങ്ങിവരികയില്ലെന്ന് നി ങ്ങൾ നല്ല വണ്ണം ഓർത്തു കൊള്ളൂ വിൻ! ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ വിരോധികളിൽ എല്ലാവരും തങ്ങ ളിൽ ആരും ഈസബ്നു മറിയം ഇറങ്ങി വരുന്നത് കാണാതെ തന്നെ മരിച്ചൊടുങ്ങും. പിന്നെ ശേഷിക്കു ന്നവരുടെ സന്തതികളും ഈസബ്നു മറിയം ആകാശത്ത് നിന്ന് ഇറങ്ങു ന്നത് കാണാതെ തന്നെ മരണമടയു ന്നതാണ്. അതിൽ പിന്നെ ആ സന്ത തികളുടെ സന്തതികളും മരിച്ചു തീരും. എന്നാൽ അവരും മറിയ മിന്റെ മകൻ ആകാശത്ത് നിന്ന് ഇറങ്ങുന്നത് കാണുകയില്ല.'

'അപ്പോൾ ഈ വിശ്വാസവും പ്രതീക്ഷയും വെച്ചു കൊള്ളുന്നവ രുടെ ഹൃദയത്തിൽ പരിഭ്രമം ജനി ക്കും. കാരണം അന്ന് കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞു പോകു കയും ലോകം ഒരു നവീന ഘട്ട ത്തിൽ പ്രവേശിക്കുകയും ചെയ് തിട്ടു മുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ആകാശത്ത് നിന്ന് ഇറങ്ങിവരികയില്ല. തദവസര ത്തിൽ ചിന്താശീലർ ഇത്തരം വി ശ്വാസത്തെ പാടെ വെറുത്തു തുട ങ്ങും. അങ്ങനെ ഇന്ന് മുതൽ മൂന്നു നൂറ്റാണ്ട് പൂർണമാകുന്നതിന് മുമ്പെ തന്നെ ഈസായെ കാത്തിരിക്കു ന്നവർ മുസ്‌ലിംകളാകട്ടെ ക്രിസ്ത്യാ നികളാകട്ടെ എല്ലാവരും അദ്ദേഹ ത്തിന്റെ ആഗമനത്തെ കുറിച്ച് നിരാ ശപ്പെടുകയും തീരെ മനം മടുത്ത് ഈ മിഥ്യാവിശ്വാസത്തെ പരിത്യജി ക്കയും ചെയ്യും. പിന്നെ ലോകത്ത് ഒരേയൊരു മതവും ഒരേ നേതൃത്വ വും മാത്രമായിരിക്കും . ആ ബീജം എന്റെ കയ്യാൽ വിതക്കപ്പെട്ടിരിക്കു കയാണ്. അതിനി വളർന്ന് വരിക യും യഥാകാലം പൂക്കുകയും കായ് ക്കുകയും ചെയ്യും. ഇതിനെ തടയുക ആർക്കും സാദ്ധ്യമല്ല.' (തദ്കിറത്തു ശ്ശഹാദത്തൈൻ)

# ലുധിയാനയിൽ അരങ്ങേറിയ വാദപ്രതിവാദം

വാഗ്ദത്ത മസീഹിന്റെ പ്രതിയോഗിയായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായി നടത്തിയ വാദപ്രതിവാദം ഒരു ദിവ്യവിജയമായി കലാശിക്കുകയായിരുന്നു.

എ.ക്യു.മഹ്ദി

1891 ജൂലൈ 20. അന്നാണ് വാദപ്രതിവാദം, ലിഖിത രൂപത്തിലുള്ള സംവാദമാരംഭിച്ചത്. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഉൾപ്പെടെ മറ്റു ഏഴു പ്രമുഖ പണ്ഡിതന്മാർ ഉൾക്കൊള്ളുന്ന ഒരു പണ്ഡിത സംഘം ഹദ്റത്ത് അഹ്മദി(അ)ന്റെ വസതിയിലെത്തി ചേർന്നു. മൗലവി ബട്ടാലവി വാഗ്ദത്ത മസീഹിനു മുമ്പിൽ ഒരു ചോദ്യം എഴുതി സമർപ്പിച്ചു. ആ മഹാത്മാവ് ഉടൻ തന്നെ മറുപടി എഴുതി തുടങ്ങുകയും ചെയ്തു. ഹുസൂർ തിരുമനസ്സിനൊപ്പം ഏതാനും പ്രമുഖ വ്യക്തികളുമുണ്ടായിരുന്നു.

വാദ പ്രതിവാദത്തിന്റെ നിബന്ധനപ്രകാരം ആദ്യദിവസത്തെ ചോദ്യത്തിനുള്ള ഉത്തരം എഴുതി നൽകി കഴിഞ്ഞാൽ അന്നത്തെ പരിപാടി അവസാനിക്കും. അടുത്ത ദിവസം വീണ്ടും അതിനുള്ള ഉത്തരവും പ്രത്യുത്തരവുമായി ഈ പ്രക്രിയ ആവർത്തിക്കപ്പെടണം. എന്നാൽ ഹുസൂർ മറുപടി തയ്യാറാക്കി കഴിഞ്ഞതോടെ മൗലവി ബട്ടാലവി സാഹിബ് നിബന്ധനകൾക്കും നിർദേശങ്ങൾക്കും വിരുദ്ധമായി എഴുന്നേറ്റു നിന്ന് ഏകപക്ഷീയമായി ഒരു പ്രസംഗം ചെയ്യാനാരംഭിച്ചു. ഖുർആനാണ് പ്രഥമമായ പ്രമാണം എന്ന നിലപാട് ശരിയല്ലെന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം തന്റെ വാക്കുകൾ ആരംഭിച്ചത്. ഖുർആന്റെ യാഥർഥ്യങ്ങൾ നമുക്കു തുറന്നു കാട്ടിതരുന്നത് ഹദീസുകളാലാണെന്നും അതുകൊണ്ട് എപ്പോഴും പ്രഥമ സ്ഥാനം ഹദീസുകൾക്കാണെന്നുമായിരുന്നു മൗലവി ബട്ടാലവിയുടെ വാദം. വാദ പ്രതിവാദം വായ്മൊഴിയായല്ല വേണ്ടതെന്ന നിബന്ധന മൗലവി ബട്ടാലവി ലംഘിച്ചിരിക്കയാൽ തനിക്കും ഇപ്പോൾ സംസാരിക്കാനും മറുപടി പറയാനും അവകാശമുണ്ടെന്നതിനാൽ ഹുസൂർ തിരുമനസ്സ് സംസാരിച്ചു.

മൗലവി സാഹിബിന്റെ ദുർബലമായ വാദങ്ങളെ ഖണ്ഡിച്ചും പാടെ നിഷ്പ്രഭമാക്കിയും കൊണ്ടായിരുന്നു ഹുസൂർ തിരുമനസ്സിന്റെ അതിഗംഭീരമായ അവതരണം. ഖുർആൻ ഖണ്ഡിതമായ ദൈവവചനവും വെളിപാടു സത്യങ്ങളുമാണെന്നും, റസൂൽ തിരുമേനി(സ)യുടെ കാലത്ത് തന്നെ അവ ക്രോഡീകരിക്കപ്പെട്ടിരുന്നുവെന്നും ഹദീസുകളെ പറ്റി ഈ സ്വച്ഛത ഒരിക്കലും അവകാശപ്പെടാൻ സാദ്ധ്യമല്ലെന്നും അവ നബി (സ) തിരുമേനിയുടെ കാലത്ത് സമാഹരിക്കപ്പെട്ട് പൂർണമായും സംശുദ്ധി തെളിയിച്ചിട്ടുള്ളതല്ലെന്നും വാഗ്ദത്ത മസീഹ് സമർഥിച്ചു. വരമൊഴിയിലൂടെ മാത്രമേ വാദപ്രതിവാദം നടത്താവൂ എന്ന മുൻ നിശ്ചയത്തിനെതിരെ ഏകപക്ഷീയമായി ധിക്കാരപൂർവം മൗലവി ബട്ടാലവി തുടങ്ങി വച്ച പ്രസംഗമാണ് ഹദ്റത്ത് അഹ്മദി(അ)ന് തന്റെ പ്രസംഗം അവിടെ ആരംഭിക്കാൻ അവസരം നൽകിയത്. അഹ്മദ് (അ)ന്റെ പ്രസംഗം ദൈവികമായ ഒരു നടപടിയായിരുന്നുവെന്ന് പിന്നീടുണ്ടായ സംഭവ വികാസങ്ങളിലൂടെ വ്യക്തമാവുക യും ചെയ്തു.

അത്യുജ്ജ്വലമായിരുന്നു വാഗ്ദത്ത മസീഹിന്റെ (അ) പ്രസംഗം. അദ്ദേഹത്തിന്റെ വാക്കുകൾ സദസ്സിനെ ആകെ ആകർഷിക്കുകയും ശ്രോതാക്കളെല്ലാം ജ്ഞാന സമ്പൂർണവും യുക്തിഭദ്രവുമായ വാദഗതികൾ മനസ്സിൽ ഏറ്റു വാങ്ങുകയും ചെയ്തു. മിർസാ സാഹിബിന് പ്രസംഗപാടവമില്ലാത്തതിനാലാണ് എഴുത്തിലൂടെ വാദപ്രതിവാദത്തിനു സമ്മർദം ചെലുത്തിയ തെന്നും പറഞ്ഞു പരിഹസിച്ചവർ ഇപ്പോൾ ആ മഹാത്മാവിന്റെ അത്യുജ്ജ്വലമായ പ്രസംഗം കേട്ട് കോരിത്തരിച്ചിരുന്നത് പോലെ അനർഗളം പ്രവഹിച്ചുകൊണ്ടിരുന്ന ആവാഗ്ധോരണിയിൽ ആവേശഭരിതരായിതീർന്ന പലരും സദസ്സിലിരുന്ന് ഹർഷാവരം മുഴക്കിക്കൊണ്ടിരുന്നു. ആ ദിവ്യാത്മാവിന്റെ ഓരോ വാചകത്തിനും സുബ്ഹാനല്ലാഹ് എന്ന ദൈവിക കീർത്തനം ഉയർത്തിക്കൊണ്ടിരുന്നു. ഹദ്റത്ത് അഹ്മദ് (അ) ഒരു വ്യാജവാദിയാണെന്നും ഇസ്‌ലാമിന്റെ ശത്രുവാണെന്നും (നഊദു ബില്ലാഹ്) മുൻവിധി പുലർത്തിയിരുന്ന എത്രയോ പേർ സദസ്സിൽ തിങ്ങികൂടിയിരിപ്പുണ്ടായിരുന്നു. അവരിൽ പലരുടെയും ഹൃദയത്തിൽ സത്യവിശ്വാസത്തിന്റെ തിരിനാളമുയർത്താൻ ഹുസൂറിന്റെ ദിവ്യഭാഷണം കാരണമായി. സദസ്സിൽ ഉണ്ടായി രുന്ന പലരും പിന്നീട് അദ്ദേഹത്തിന്റെ ജമാഅത്തിൽ അംഗങ്ങളാവു കയുണ്ടായി. ഇതിനെല്ലാം സന്ദർഭവും അവസരവും സൃഷ്ടിക്കപ്പെട്ടത് സുഖമായ വാദപ്രതിവാദ രീതിയുടെ മുൻനിശ്ചയിച്ച ചട്ടം ലംഘിച്ചു കൊണ്ട് മൗലവി ബട്ടാലവി നടത്തിയ നിയമലംഘനമായിരുന്നു. അദ്ദേഹ മാണ് എഴുത്തിലൂടെയുള്ള വാദപ്രതിവാദം എന്ന മുൻ തീരുമാനം ലംഘിച്ച് വാക് സമരത്തിന് തുടക്കം

കുറിച്ചത്. അത് എല്ലാവർക്കും പ്രയോജനപ്രദമാകുമാറ് ഒരു നല്ല സന്ദർഭമാക്കി അല്ലാഹു മാറ്റി എന്നത് ഒരു ദൈവ നിശ്ചയം തന്നെയായിരുന്നു.

ഹദ്റത്ത് അഹ്മദിന്റെ വസതിയിൽ വെച്ച് തീരുമാനിക്കപ്പെട്ട ഈ വിവാദം ഏഴു ദിവസം വരെ നീണ്ടു നിന്നു. ബാക്കിയുള്ള രംഗങ്ങൾക്ക് വേദിയായത് മൗലവി മുഹമ്മദ് ഹുസൈൻ സാഹബിന്റെ വീടായിരുന്നു. വേദി മാറ്റാനുള്ള നിർദേശമുണ്ടായതും മൗലവി ബട്ടാലവയിൽ നിന്നു തന്നെയായിരുന്നു.

പന്ത്രണ്ട് ദിവസങ്ങൾ വാദ പ്രതിവാദം നീണ്ടു പോയി. എന്നിട്ടും ഒരു തീരുമാനത്തിലും എത്താതെ വന്നപ്പോൾ ഇതിൽ സജീവമായിപങ്കെടുത്തുകൊണ്ടിരുന്ന ശ്രോതാക്കൾ അസ്വസ്ഥരായി കാണപ്പെട്ടിരുന്നു. യഥാർഥ പ്രശ്നം മസീഹിബ്നു മറിയം ജീവിച്ചിരിപ്പുണ്ടോ അതോമരണപ്പെട്ടുപോയോ എന്നതായിരിക്കേ, ആ വിഷയത്തെ പറ്റി എന്തുകൊണ്ട് വിവാദം നടത്തുന്നില്ല എന്നുള്ള ചോദ്യം സ്വാഭാവികമായും കാണികളിൽ നിന്ന് ഉയർന്നു. ശ്രോതാക്കളുടെ പ്രതികരണം ചെറിയൊരു ബഹളത്തിൽ വരെ എത്തി. ക്രിസ്തു അഥവാ ഈസാ നബി(അ) ജീവിച്ചിരിപ്പുണ്ടോ എന്ന വിശ്വാസത്തിൽ തീരുമാനമാവുന്നതോടെ മറ്റു വിഷയത്തിലുള്ള തീരുമാനം പ്രയാസരഹിതമാവുമെന്നതിനാൽ ഇനിയെങ്കിലും വൈകാതെ യഥാർഥ വിഷയത്തിലേക്ക് പ്രവേശിക്കണമെന്ന് ഹദ്റത്ത് അഹ്മദി(അ)ന്റെ നിർദേശം ശരിയാണെന്ന് എല്ലാവർക്കും ബോദ്ധ്യമായി തുടങ്ങിയിരുന്നു.

പന്ത്രണ്ടുനാൾ പിന്നിട്ടപ്പോൾ വാദപ്രതിവാദം നടന്ന സ്ഥലം ജനനിബിഢമായി തുടങ്ങി. ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനി കളുമടങ്ങുന്ന ഒരു സംഘം ആളുകൾ ആവേശ പൂർവം ഈ രംഗത്തിന് സാക്ഷികളാവാൻ എത്തിചേർന്നിരിന്നു. പഞ്ചാബിലെ പത്രങ്ങളുടെ പത്രാധിപന്മാരും ലുധിയാനയിലെ ജില്ലാ മജിസ്ട്രേറ്റ് ഖാൻ ഹസൻ ഷാ തുടങ്ങിയ പ്രമുഖ വ്യക്തികളും അക്കൂട്ടത്തിലുണ്ടായിരുന്നു. സമാപന ദിവസം ഹദ്റത്ത് അഹ്മദ് തന്റെ ഉപസംഹാര പത്രിക ഇങ്ങനെയാണ് ഉപസംഹരിച്ചത്.

'എന്നെ ഒരു കള്ളവാദിയായി കരുതുകയും സ്വയം സാത്വികരും ഭക്ത ശിരോമണികളുമായി ചമയുകയും ചെയ്യുന്ന എന്റെ എതിരാളികൾ ധരിച്ചു കൊള്ളട്ടെ, 'നിങ്ങൾ കഴിവുള്ളോളം പ്രവർത്തിച്ചു കൊള്ളുക. ഞാനും പ്രവർത്തിച്ചു കൊള്ളാം' എന്ന് ഖുർആനിൽ പറഞ്ഞത് പോലെ എന്റെ സത്യാവസ്ഥ വ്യക്തമായി കാണിക്കാൻ ഞാനിതാ സന്നദ്ധനാകുന്നു. ഇക്കാര്യത്തിൽ ഒരു ദൈവികവിധി വെളിപ്പെടുന്നത് വരെ നമുക്ക് നാൽപത് ദിവസം കാത്തിരിക്കാം. അതിന് ശേഷം സാത്വികനായി തന്നെ പുറത്ത് വരികയും ദൈവസഹായത്തോടെ ദിവ്യമായ രഹസ്യങ്ങൾ വെളിപ്പെടുത്താൻ സാധിക്കുകയും ചെയ്യുന്നത് ആരാണോ, അയാൾ സത്യവാനായി കരുതപ്പെടുന്നതാണെന്നും നിശ്ചയിക്കാം. ഇവിടെ സമ്മേളിച്ചിട്ടുള്ള എല്ലാവരും കേട്ടുകൊള്ളട്ടെ മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിന് അല്ലാഹുവിന്റെ സഹായത്താൽ എനിക്ക് ചെയ്യാൻ കഴിയുന്നത് പോലെ എന്തെങ്കിലും ഒരു സ്വർഗീയ അടയാളം കാണിക്കാനോ ദൈവികമായ എന്തെങ്കിലും ഒരു രഹസ്യം വെളിപ്പെടുത്താനോ കഴിയുന്ന പക്ഷം ഒരു സംശയവും വേണ്ട എന്റെ എതിരാളികൾ വിധിക്കുന്ന ഏതൊരു ശിക്ഷക്കും ഞാൻ വിധേയനാവും. ഏത് ആയുധം കൊണ്ടും അവർക്ക് എന്നെ വക വരുത്താം. തീർന്നില്ല അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള ഏത് നഷ്ട പരിഹാരവും അവർക്ക് എന്നിൽ നിന്നും അവകാശപ്പെടാനാവുന്നതാണെന്നും ഞാനിതാ ദൈവനാമത്തിൽ വാക്കുതരുന്നു. ലോകത്ത് ഒരു താക്കീതുകാരൻ വന്നു ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കുന്നതും അദ്ദേഹത്തിന്റെ സത്യത്തെ അത്ഭുതകരമായ വിധമുള്ള അടയാളങ്ങളിലൂടെ വെളിപ്പെടുത്തുന്നതുമാണ്. ഞാനീ വിവാദം ഇതാ ഇവിടെ വെച്ച് അവസാനിപ്പിക്കുന്നു. ഇത് സംബന്ധിച്ച് മൗലവി ഹുസൈൻ സാഹിബിന് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അദ്ദേഹം അത് തന്റെ പത്രങ്ങളിലൂടെ എഴുതി പ്രസിദ്ധം ചെയ്യട്ടെ. പ്രാഥമിക വിഷയങ്ങൾ തന്നെ ഇങ്ങനെ അനന്ത മായി നീട്ടിക്കൊണ്ട് പോകുന്നത് തീർച്ചയായും ഉചിതമല്ല. എന്നാൽ ഞാൻ പുറപ്പെടുവിച്ച അടിസ്ഥാന വിഷയങ്ങളെ പറ്റിയുള്ള വിവാദം തുടർന്ന് നടത്തുന്നതിന് ഞാനിപ്പോഴും തയ്യാറാണ്.'

ഈ വിവാദത്തിന്റെ വിവരങ്ങൾ ഹദ്റത്ത് അഹ്മദ് (അ) തന്റെ 'ഇസാലയെ ഔഹാം' എന്ന പുസ്തകത്തിലെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്. കൂടാതെ വാദപ്രതിവാദത്തിന്റെ പൂർണ വിവരങ്ങൾ 'അൽഹഖ് ലുധിയാന' എന്ന പേരിൽ പുസ്തകരൂപത്തിലും പ്രസിദ്ധീകൃതമാവുകയുമുണ്ടായി.

ഈ വിവാദ വേളയിൽ കാണികളേയും ശ്രോതാക്കളേയും പണ്ഡിതന്മാരേയും ഒരു പോലെ അത്ഭുതപ്പെടുത്തുന്ന തരത്തിൽ ഹദ്റത്ത് അഹ്മദിന് ലഭിച്ച് ദൈവിക സഹായം പ്രസ്താവനാർഹമാണ്.

വിവാദം നടന്നുകൊണ്ടിരിക്കെ ഒരു പ്രത്യേക ഘട്ടത്തിൽ മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ബുഖാരിയിൽ നിന്നുള്ള ഒരു ഹദീസിനെ പറ്റി സംശയം പ്രകടിപ്പിക്കുകയും അത് കാണിച്ചു തരാൻ വാഗ്ദത്ത മസീഹിനോട് ആവശ്യപ്പെടുകയും ചെയ്തു. ഹുസൂറിനെ പെട്ടെന്ന് കുഴക്കാനും ബുദ്ധിമുട്ടിക്കാനുമുള്ള ദുഷ്ട ലാക്കോടു കൂടിയാണ് ബട്ടാലവി സാഹിബ് ഇപ്രകാരം പെട്ടെന്ന് ആവശ്യപ്പെട്ടത്. പ്രസ്തുത ഹദീസ് ബുഖാരിയിൽ ഏത് ഭാഗത്താണെന്നോ എത് അധ്യായത്തിലാണെന്നോ ഹുസൂറിന് അപ്പോൾ നിശ്ചയമുണ്ടായിരുന്നില്ല. അത് തെരഞ്ഞു കണ്ടുപിടിക്കാൻ കുറേ സമയം തന്നെ ചില വഴിക്കേണ്ടി വരും അവിടെ ഹുസൂറിനോ ടൊപ്പമുണ്ടായിരുന്ന ഹദീസ് പണ്ഡിതന്മാർക്ക് പോലും അൽപ്പം

# അമീറുൽ മുഅ്മിനിന്റെ തിരുസന്നിധിയിൽ

കെ.വി. ഹസ്സൻ കോയ

2014 ഏപ്രിൽ 15ന് കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് എമിറേറ്റ്സ് വിമാനത്തിൽ പുറപ്പെട്ട് പിറ്റേന്ന് ഗാറ്റ്സ്വിക്ക് വിമാനത്താവളത്തിൽ ലണ്ടൻ സമയം ഉച്ചക്കായിരുന്നു എത്തിയത്. മകൻ വസിം എയർ പോർട്ടിൽ കാറുമായി എത്തിയിരുന്നു. കർശനമായ പരിശോധന കഴിഞ്ഞതിന് ശേഷം താമസസ്ഥലമായ സട്ടണിലേക്ക് പോയി. വെള്ളിയാഴ്ച്ച ബൈത്തുൽ ഫുത്തൂഹിൽ ജുമുഅക്ക് പോയി. ഞാനും ഭാര്യയും ഖാദിയാനിലെ രജിസ്ട്രേഷൻ കാർഡ് കൈവശം വെച്ചതിനാൽ പള്ളിയുടെ അകത്തേക്ക് പ്രവേശിക്കാൻ പ്രയാസമുണ്ടായിരുന്നില്ല. ഖാദിയാനിൽ നിന്ന് ഇന്ത്യാ ഡസ്കിലേക്ക് അയച്ച കത്തുകൾ അവിടെ എത്തിയിട്ടുണ്ടായിരുന്നില്ല. അടുത്ത ജൽസ വരെ പള്ളിയിലും മറ്റു ജമാഅത്തിന്റെ സ്ഥാപനങ്ങളിലും പോവാൻ വേറെ രേഖകൾ ആവശ്യമായി വന്നില്ല. ഹുസൂറുമായി മുലാഖാത്ത് നടത്താൻ അനുമതിക്ക് വേണ്ടി എഴുതിക്കൊടുത്തു. മെയ് 13-ാം തീയതിയാണ് കൂടിക്കാഴ്ച്ച അനുവദിച്ചത്.

അതിവിശാലമായ പള്ളിയിൽ ലൈബ്രറി, നാസിർ ഹാൾ, ത്വാഹിർ ഹാൾ എന്നിവയുണ്ട്. നമസ്കരിക്കുമ്പോൾ നിൽക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് കസേരയിലിരിക്കാൻ പള്ളിയിൽ സൗകര്യമുണ്ട്. ഖുത്ുബ നടക്കുന്നതും വുളു ചെയ്യാനുള്ള സൗകര്യവും ടോയി ലറ്റുള്ളതും ഒന്നാം നിലയിലാണ്. പള്ളിയിൽ വുളു ചെയ്യുന്നിടത്ത് അത്യാധുനിക സൗകര്യമാണുള്ളത്. ഹാൻഡ് ടിഷ്യൂ പേപ്പറും സുലഭമായി ഉണ്ട്. വുളു ചെയ്യുമ്പോൾ വെള്ളം പാഴായി പോവുന്നില്ല. ടോയിലറ്റിലെ ഫ്ളഷ് സംവിധാനവും ആധുനികം തന്നെ. പല വെള്ളിയാഴ്ച്ചയും മാധ്യമ പ്രവർത്തകർ ക്യാമറയോടും പ്രൊജക്ടറോടും കൂടി സന്നിഹിതരായിരുന്നു. അവരിലധികവും യൂറോപ്യൻ പത്രപ്രവർത്തകന്മാരായിരുന്നു. ചിലർ ഹുസൂറിന്റെ വെള്ളിയാഴ്ച്ച ഖുത്ബ മുഴുവനും റിക്കാർഡ് ചെയ്യുന്നത് കാണാമായിരുന്നു. ഒരു വെള്ളിയാഴ്ച്ച മാധ്യമ പ്രവർത്തകരായ 20 ലധികംപേർ ഒന്നിച്ചു വന്നു. അതിഥി സൽക്കാരത്തിനുള്ള എല്ലാ ഏർപ്പാടുകളും ജമാഅത്ത് ചെയ്യാറുണ്ട്.

ജനാസ ഗായിബിന് ഹുസൂർ

പരിഭ്രമം തോന്നിയ സന്ദർഭമായിരുന്നു അത്. ഹദ്റത്ത് അഹ്മദ് (അ) ബുഖാരീ ശരീഫ് കൈയിലെടുത്ത് അതിലെ പേജുകൾ ദ്രുതഗതിയിൽ തുടർച്ചയായി മറിച്ചു നോക്കിക്കൊണ്ടിരുന്നു. ഉത്കണ്ഠാകുലമായ നിമിഷങ്ങൾ! ഹുസൂർ തിരുമനസ്സിനെ ബുദ്ധിമുട്ടിക്കുന്നതിലുള്ള ഗൂഢമായ ഒരാനന്ദം ബട്ടാലവി സാഹിബിന്റെ മുഖത്ത് ദൃശ്യമായി.

ഹുസൂർ തിരുമനസ്സ് ബുഖാരിയിലെ പേജുകൾ മറിക്കുന്ന തിരക്കിലാണ്. പെട്ടെന്ന് ഒരു പേജിലെത്തിയപ്പോഴതാ ഇവിടെ നോക്കൂ എന്ന് പറഞ്ഞ് ശിഷ്യന്റെ കയ്യിൽ ആ ഗ്രന്ഥം കൊടുത്തിട്ട് തന്റെ എഴുത്ത് തുടർന്നു.

എന്തൊരത്ഭുതം, സകലരും മിഴിച്ചുനോക്കിക്കൊണ്ടിരിക്കേ തെരയപ്പെട്ട ആ രേഖ അതേ പേജിൽ കണ്ടെത്തപ്പെടുകയുണ്ടായി. ഇതിനെ പറ്റി പിന്നീട് ചോദിച്ചപ്പോൾ ഹുസൂർ പറഞ്ഞത് ഇപ്രകാരമാണ്.

'ഞാൻ ബുഖാരി ശരീഫ് വാങ്ങി പേജുകൾ മറിച്ചു നോക്കി കൊണ്ടിരിക്കുമ്പോൾ അവയെല്ലാം യാതൊരു എഴുത്തുമില്ലാത്ത ശൂന്യമായ പേജുകളായാണ് എന്റെ ദൃഷ്ടിയിൽ പതിഞ്ഞത്. അതിനാലെനിക്ക് വേഗം താളുകൾ മറിക്കേണ്ടി വന്നു. ഒടുവിൽ എന്തോ രേഖപ്പെടുത്തിയിട്ടുള്ള ഒറ്റ പേജ് ഞാൻ കണ്ടു. അപ്പോൾ ഞാൻ തെരയുന്ന രേഖ ആ പേജിൽ തന്നെയാണുള്ളതെന്ന് എനിക്കുറപ്പായി.'

അതിവിപുലമായ ഒരു പ്രകാശനത്തിലൂടെ പ്രസ്തുത പ്രതിസന്ധി നിമിഷ നേരത്തേക്ക് പോലും നീണ്ടു നിൽക്കാതെ തരണം ചെയ്യാനായത് സദസ്സാകെ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതൊരു ദൈവിക സഹായം തന്നെയാണെന്ന് അവിടെ കൂടിയിരുന്ന സഹൃദയന്മാർക്ക് ബോദ്ധ്യമാവുകയും ചെയ്തു. ഇത്തരം ദൈവിക സഹായങ്ങൾ ആ മഹാത്മാവിന്റെ ജീവിതത്തിൽ പല കുറി ഉണ്ടായിട്ടുള്ളതായി അവിടുത്തെ ശിഷ്യന്മാർ പല തവണ സാക്ഷിയായിട്ടുണ്ട്. അല്ലാഹു അവന്റെ ഇഷ്ട ദാസന്മാർക്ക് ജ്ഞാനമിറക്കിക്കൊടുക്കുകയും സന്ദർഭോചിതമായ സഹായങ്ങൾ ആ ദിവ്യാത്മാവിന്റെ ജീവിതത്തിൽ നൽകികൊണ്ടിരിക്കുകയും ചെയ്യുന്നത് എങ്ങനെയാണെന്നതിലേക്ക് ഒരു മഹത്തായ ഉദാഹരണം തന്നെയായിരുന്നു.

ഇതൊക്കെയായിട്ടും മൗലവി ബട്ടാലവി സാഹിബ് അടങ്ങിയിരിക്കാൻ തയ്യാറായിരുന്നില്ല. ഏതോ ഒരു ധാർഷ്ട്യഭാവം അദ്ദേഹത്തെ കീഴടക്കിയിരുന്നു. അനുഭവങ്ങളിലൂടെ അറിഞ്ഞിട്ടും മൗലവി ബട്ടാലവി ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രവാചകത്വം അംഗീകരിക്കാൻ കൂട്ടാക്കിയില്ല. വാദപ്രതിവാദം നടന്ന പിറ്റേദിവസം തന്നെ ബട്ടാലവി സാഹിബ് ഒരു നോട്ടീസ് അടിച്ചിറക്കി. അതിൽ വാഗ്ദത്ത മസീഹിനെതിരെ വളരെയേറെ ദുരാരോപണങ്ങളും നുണകളും എഴുതി നിറച്ചിരുന്നു. ബട്ടാലവി സാഹിബ് അദ്ദേഹത്തിന്റെ കുത്സിത പ്രവർത്തികൾ തുടരുമ്പോഴും വാഗ്ദത്ത മസീഹിന് അല്ലാഹു മേൽക്കുമേൽ വിജയം നൽകി അനുഗ്രഹിച്ചുകൊണ്ടിരുന്നു.

പള്ളിയിൽനിന്ന് തന്നെ നേതൃത്വം നൽകാറുണ്ടെങ്കിലും ജനാസ പള്ളിയുടെ പുറത്തുണ്ടെങ്കിൽ ഹുസൂർ പള്ളിയിൽ നിന്ന് പുറത്ത് പോയി നമസ്കരിക്കും. ഞങ്ങൾ 13-ാം തീയതി വൈകുന്നേരം 6 മണിക്ക് ഹുസൂറിന്റെ ഓഫീസിലെത്തി. അന്നേ ദിവസം നാലാമത്തെ നമ്പറായിരുന്നു ഞങ്ങളുടേത്. കൂടികാഴ്ച്ച രാത്രി 8 മണിക്കാണ് നടന്നത്. അവിടെ കൂടിക്കാഴ്ച്ചക്ക് വരുന്നവർക്ക് ചായക്കുള്ള സൗകര്യമുണ്ട്. സ്വയം തന്നെ എടുത്തു കഴിക്കാൻ പറ്റിയ തരത്തിലാണ് സൗകര്യം. മേശ നിറയെ പല തരത്തിലുള്ള ബിസ്ക്കറ്റുകളും വെച്ചിട്ടുണ്ടായിരുന്നു. ഒരാൾക്ക് അഞ്ചു മിനുറ്റ് വീതം സമയമാണ് അനുവദിക്കപ്പെട്ടതെങ്കിലും മിക്ക ആളുകളും കൂടിക്കാഴ്ച്ച അഞ്ചു മിനിറ്റിൽ കൂടുതൽ എടുക്കും. മുറിയിൽ എത്തി സലാം ചൊല്ലുന്നതിന് മുമ്പ് തന്നെ ഹുസൂർ എഴുന്നേറ്റു വന്നു ഞങ്ങൾക്ക് സലാംചൊല്ലി. ഹസ്തദാനം ചെയ്തു. ഞങ്ങളോട് കസേരയിലിരിക്കാൻ പറഞ്ഞു. ഞാനും ഭാര്യയും മകനും മരുമകളും രണ്ടു പേരക്കുട്ടികളുമുണ്ടായിരുന്നു. കോഴിക്കോട് എം. എ. മുഹമ്മദ് സാഹിബ് ഹുസൂറിന് കൊടുക്കാൻ ഏൽപ്പിച്ച സാധനങ്ങളും ഞങ്ങൾകൊണ്ടു പോയ സാധനങ്ങളും ഹുസൂറിന്റെ മേശപ്പു റത്തുവെച്ചു. എന്റെ മകൻ എം. ടി. എ. യിൽ വർഷങ്ങളായി ജോലി ചെയ്യുന്നതിനാൽ അവനെ ഹുസൂറിന് നേരത്തെ അറിയാമായിരുന്നു. ഞങ്ങൾ കേരളത്തിലെ കോഴിക്കോട്ടുനിന്നാണെന്ന് പറഞ്ഞപ്പോൾ ഹുസൂർ വളരെ സന്തോഷം പ്രകടിപ്പിച്ചു. ജമാഅത്തുകളിലെ എല്ലാ അംഗങ്ങളുടെയും സലാം അറിയിക്കുകയും എല്ലാവർക്ക് വേണ്ടിയും ദുആ ചെയ്യാൻ പൊതുവിൽ പറയുകയും ചെയ്തു. ഞങ്ങൾക്ക് വേണ്ടിയും കുടുംബാംഗങ്ങൾക്ക് വേണ്ടിയും ദുആ ചെയ്യാനും അപേക്ഷിച്ചു. ഞാൻ The Review of Religions ൽ നിന്നും ലേഖന ങ്ങൾ തർജമ ചെയ്ത് സത്യദൂതനിൽ പ്രസിദ്ധീകരിക്കാറുണ്ടെന്ന് പറഞ്ഞപ്പോൾ ഹുസൂർ സന്തോഷം പ്രകടിപ്പിച്ചു. ചില വ്യക്തികൾക്ക് വേണ്ടി ദുആ ചെയ്യാൻ ഹുസൂറിനോട് അപേക്ഷിക്കാൻ പ്രത്യേകം പറഞ്ഞിരുന്നു. അത് ഞാൻ മുൻ കൂട്ടി തയ്യാറാക്കിയ ഒരു കത്തു മുഖേന ഹുസൂറിനെ അറിയിച്ചു. അതിനുള്ള മറുപടി എഴുത്ത് മുഖേന ഹുസൂർ പിന്നീട് നൽകുക യും ചെയ്തു. ഹുസൂറിന്റെ ഓഫീ സിൽ നിന്ന് അനുമതി വാങ്ങി ഞാൻ ഹുസൂറിനോടുന്നയിച്ച ഒരു സംശയത്തിന് ഹുസൂർ വിശദമായ മറുപടി നൽകി. ഇതിന് മുമ്പ് മുലാഖാത്തിന് വന്നിരുന്നോ എന്ന് ഹുസൂർ ചോദിച്ചപ്പോൾ 2010 ലും യു. കെ. യിൽ വന്നിരുന്നു വെന്ന് ഞാൻ പറഞ്ഞു. അപ്പോഴേക്കും 20 മിനുട്ട് സമയം കഴിഞ്ഞിരുന്നു. അപ്പോൾ ഞങ്ങൾ ഫോട്ടോ എടുക്കാൻ നിന്നു. എന്റെ മകൻ പേരമകൻ ഒന്നര വയസ്സുകാരൻ റിസ്‌വാൻ അഹ്മദിനെ കൈയിലെടുത്ത് കൊണ്ട് ഒരു ഫോട്ടോകൂടി എടുത്തു. എന്നിട്ട് ഹുസൂറിന് ഒരിക്കൽകൂടി ഹസ്തദാനം ചെയ്തു. പോരാൻ നേരത്ത് ഹുസൂർഹുദാ ഹാഫിസ് എന്ന് പറഞ്ഞു. ഇപ്പോൾ ലോക അഹ്മദികളുടെ ജനസംഖ്യ 160 മില്ല്യൻ (16 കോടി) ആണെന്നും ജമാഅത്ത് പുരോഗതിപ്പെട്ടുകൊണ്ടിരിക്കയാണെന്നും ഹുസൂർപറഞ്ഞു.6 മാസത്തെ വിസക്ക് വന്ന താണെന്ന് പറഞ്ഞപ്പോൾ ജൽസ കഴിഞ്ഞ് പോയാൽ മതിയെന്ന് പറഞ്ഞു. ഹുസൂറുമായുള്ള ആ കൂടികാഴ്ച്ച എന്നെന്നും മനസ്സിൽ ഉണ്ടാവും. മെയ് 14 മുതൽ ജൂൺ 30 വരെയുള്ള ദിവസങ്ങളിൽ സട്ടണിൽ നിന്നും മോർഡനിലേക്കുള്ള ബൈത്തുൽ ഫുത്തൂഹിൽ സൗകര്യമുള്ളപ്പോൾ പോകുമായിരുന്നു. കാറിൽ പള്ളിയിൽ എത്താൻ ഏകദേശം പത്ത് പതിനഞ്ച് മിനിട്ട് എടുക്കും. തുടക്കത്തിൽ മഗ്‌രിബ് ബാങ്ക് 9.30 ന് ആയതിനാൽ മഗ്‌രിബ് ഇശാ ഒരു മിച്ചാണ് നമസ്ക്കരിച്ചിരുന്നത്. ഇശാ 10:30 കഴിയുന്നതിനാലാണ് ഇങ്ങനെ ചെയ്തിരുന്നത്. ദിവസവും ഇശാക്ക് ശേഷം 10 മിനിട്ട് ഖുർആൻ ക്ലാസ് ഉണ്ടായിരിക്കും. ഒരു ആയത്തിന്റെ അർഥവും വ്യാ ഖ്യാനവും കേൾപ്പിക്കും. സ്ക്രീനിൽ ഖുർആൻ ആയത്തിന്റെ അർഥം ഇംഗ്ലീഷിലും ഉറുദുവിലും എഴുതി കാണിച്ചിരുന്നു. കേൾവി കുറവ് കാരണം എഴുതി കാണിച്ചിരുന്നത് എനിക്ക് വളരെ പ്രയോജനപ്പെട്ടു. ഖുർആൻ ആയത്ത് അധ്യാപകരോടൊപ്പം ഏറ്റു ചൊല്ലുമായിരുന്നു. ഞങ്ങൾ പോയ ആദ്യദിവസം സൂറ: ബക്കറയിലെ 270-ാം വചനമായിരുന്നു കേൾപ്പിച്ചിരുന്നത്. എല്ലാ ദിവസവും രാത്രിയിൽ പള്ളിയിൽ സ്ത്രീകൾ വരാറുണ്ടായിരുന്നു. യുവതികളടക്കമുള്ള സ്ത്രീകൾ നമസ്കാരത്തിൽ പൊട്ടി പൊട്ടിക്കരയുന്നത് നിത്യ സംഭവമാണെന്ന് ഭാര്യ എന്നോട് പറഞ്ഞു. സാധാരണ വെള്ളിയാഴ്ച്ചകളിൽ 12:30 മണിക്ക് എത്തിയാൽ ജുമുഅ കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തുമ്പോൾ 3 മണി കഴിയും. സന്ദർശകർക്ക് എല്ലാ ദിവസവും ലങ്കർ ഖാനയിൽ നിന്ന് ഭക്ഷണം കഴിക്കാവുന്നതാണ്. ഞാൻ മകന്റെ വീട്ടിൽ താമസമാക്കിയതിനാൽ ലങ്കറിൽ നിന്ന് ഭക്ഷണം ആവശ്യം വന്നിട്ടില്ല. ചില ദിവസങ്ങളിൽ വാഗ്ദത്ത മസീഹിന്റെ (അ) ലങ്കർ ആണല്ലോ എന്ന് വിചാരിച്ച് റൊട്ടിയും പരിപ്പുകറിയും കഴിച്ചിട്ടിട്ടുണ്ട്. പാകിസ്താനിലെ ജീവിതം ദുസ്സഹമായതിനാൽ ഹിജ്റത്ത് ചെയ്ത് യു. കെയിൽ അഭയം തേടിയ അഹ്മദികൾ ദൈവാനുഗ്രഹത്താൽ നല്ല സാമ്പത്തിക നില കൈവരിച്ചിട്ടുണ്ട്. ജമാഅത്തിന്റെ പ്രചാരണ പ്രവർത്തനങ്ങൾ എത്രയോ മടങ്ങ് വർധിച്ചിട്ടുണ്ട്. ഒരു പരസ്യം പോലുമില്ലാതെ എം. ടി. എ. വർഷങ്ങളോളമായിനടന്നു വരുന്നത് ഒരു ദിവ്യാത്ഭുതമാണ്. ഒരു ദിവസം അവിടെ നടന്ന പ്രാദേശിക അൻസാറുല്ലാഹ് ഇജ്തിമയിൽ അതിഥി എന്ന നിലയിൽ നാലുവരിയുള്ള ഒരു പദ്യം ചൊല്ലാൻ എനിക്ക് അവസരം കിട്ടി. മറ്റൊരു ദിവസം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ത്രിദിന ഇജ്തിമയിൽ ക്ഷണമനുസരിച്ച് ഹുസൂറിന്റെ കൂടെ ഡിന്നർ കഴിക്കാനുള്ള അവസരം കിട്ടി. ചില ദിവസങ്ങളിൽ ഞങ്ങൾ ചില കാഴ്ച്ചകൾ കാണാൻ പോയിരുന്നു. നടക്കാൻ പ്രയാസമായതിനാൽ വീൽ ചെയറിലായിരുന്നു എന്റെ യാത്ര.

ഒരു ദിവസം ഞാൻ ഇശാക്ക്

പള്ളിയിൽ ചെന്നപ്പോൾ വർണശബളമായ യൂണിഫോം ധരിച്ചു കൊണ്ട് യുവാക്കൾ പള്ളിയിൽ സ്ഥലം പിടിച്ചിരിക്കുന്നു. വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന ക്രിക്കറ്റ് കളിക്കാരായ അഹ്മദിയുവാക്കളായിരുന്നു അവർ. യു കെ യുടെ പല ഭാഗങ്ങളിൽ നിന്ന് ആഫ്രിക്ക, അമേരിക്ക, ജർമനി, റഷ്യ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു അവർ. പത്തിലധികം സഫ്ഫുകളിൽ അവർ ഇരുന്നു. യു കെ യിലുള്ള ഗ്രൗണ്ടിൽ മത്സരം നടക്കുകയും ഹുസൂർ തിരുമനസ്സ് സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

ജൂൺ 30-ാം തീയതി മുതൽ റമദാൻ ആരംഭിച്ചു. ഫജർ രാവിലെ 3.30 നും മഗ്‌രിബ് വൈകിട്ട് 9.30 നും ആയിരുന്നു. ഏകദേശം 18 മണിക്കൂർ നീണ്ടുനിന്ന വ്രതാനുഷ്ഠാനം! ബൈത്തുൽ ഫുത്തൂഹിൽ 10:30 മണിക്ക് ഇശാ നമസ്ക്കാരം കഴിഞ്ഞ ശേഷം തറാവീഹ് നമസ്ക്കാരം കഴിയുമ്പോൾ ഏകദേശം 12:15 എ. എം ആയിരുന്നു. പിന്നെ വീട്ടിൽ തിരിച്ചെത്തി ഉറങ്ങാൻ കിടക്കുമ്പോൾ ഏകദേശം 1 മണിയാവും. പിന്നെ 2:30 മണിക്കെഴുന്നേറ്റ് തഹജ്ജുദ് നമസ്ക്കരിച്ച് ഭക്ഷണം കഴിക്കും. മകൻ ചീം ജമാത്തിലെ അംഗമായിരുന്നു. എന്റെ മരുമകൾ സട്ടൺ ജമാത്തിലെ അംഗവു മായിരുന്നു. അവർ അവിടെ തബ്‌ലീഗ് സെക്രട്ടറിയായിരുന്നു. സ്കൂളുകളിൽ മത പാഠശാലകളിൽ ക്ലാസ്സെടുക്കാൻ പോകാറുണ്ടായിരുന്നു. സട്ടണിലെ ലജ്ന ഇമായില്ലാഹ് സദറിന്റെ ആവശ്യപ്രകാരം കുറച്ചു കാലം കൂടി അവിടെ മെംബറായി. പിന്നീട് ചീം ജമാഅത്തിലെ അംഗമായി. റമദാനിലെ എല്ലാ ശനിയാഴ്ച്ചയും സട്ടൺ ജമാഅത്തിന്റെ വകയായി നോമ്പു തുറ ഉണ്ടായിരിക്കും. അന്നേ ദിവസം 8 മണിക്ക് ഒരു തർബിയ്യത്ത് പ്രസംഗം ഉണ്ടായിരിക്കും. ജമാഅ ത്തിലെ പണ്ഡിതന്മാരിൽ ഒരാളുടെ പ്രസംഗം. ശേഷം കാരക്കയും വെള്ളവും കൊണ്ടു നോമ്പു തുറക്കും. ചായ ഉണ്ടാവാറില്ല. വാടക ഹാളായിരുന്നതിനാൽ തറാവീഹ് നമസ് ക്കരിക്കാൻ ആളുകൾ ബൈത്തുൽ ഫുത്തൂഹിലേക്ക് പോകും. നോമ്പു തുറയിൽ സ്ത്രീകളും കുട്ടികളും പങ്കെടുക്കാറുണ്ട്. ബൈത്തുൽ ഫുത്തൂഹിൽ സ്ത്രീകളടക്കം ധാരാളം പേർ പങ്കെടുക്കുമായിരുന്നു. തറാവീഹ് നമസ്ക്കാരത്തിന് ഇമാമത്ത് നിന്നിരുന്നത് ഹാഫിസ് ഫസ്‌ലെ റബ്ബി സാഹിബ് ആയിരുന്നു. ദിവസവും ഒരു ജുസുഅ് ഓതി തീർക്കും. ഹാഫിസ് ഫസ്‌ലെ റബ്ബി സാഹിബാണ് എം. ടി. എ. യിൽ തർബിയ്യത്ത് ക്ലാസ് എടുക്കുന്നത്. അവസാനത്തെ തറാവീഹ് നമസ്ക്കാരത്തിന് ശേഷം അദ്ദേഹം തന്നെ സ്വയം പരിചയപ്പെടുത്തി. താൻ 1979 ൽ ഖുർആൻ ഹിഫ്ള് ചെയ്തു വെന്നും തന്നെ ഹാഫിസാണെന്നും തറാവീഹിന് ഇമാമത്ത് നിൽക്കുന്ന തിന് പുറമേ ദിവസം മുഴുവൻ ഖുർആനുമായി ബന്ധപ്പെടുകയും അർഥം പഠിക്കുകയും ഖലീഫത്തുൽ മസീഹ് സാനി ( റ) യുടെ തഫ്സീർ കബീർ പഠിക്കാറുണ്ടെന്നും പറഞ്ഞു. യു. കെ. യിലെ അഹ്മദികൾക്ക് ജൂലായ് 30-ാം തീയതിയായിരുന്നു ഈദുൽ ഫിത്വർ അനഹ്മദി മുസ്‌ലിംകൾക്ക് 29 നും ആയിരുന്നു. 28-ാം തീയതി പെരു ന്നാൾ ആഘോഷിച്ച മുസ്‌ലിം വിഭാഗവും ഉണ്ട്. ഹുസൂർ തിരുമനസ്സ് (അയ്യദഹു..) ഫസ്ൽ മോസ്കിലാണ് നമസ്ക്കരിക്കാറുള്ളത്. അവിടുത്തെ ഇമാം ജനാബ് അത്താവുൽ റാശിദ് മുജീബ് ആണ്. ഇടക്ക് ഞാൻ ഫസ്‌ലെ മോസ്കിൽ ളുഹർ അസർ എന്നീ നമസ്കാരങ്ങൾക്ക് പോയപ്പോൾ ഹുസൂർ തന്നെയാണ് നേതൃത്വം നൽകിയിരുന്നത്. അവിടെ കുറച്ച് പേർക്ക് മാത്രമേ നമസ്ക്കരിക്കാൻ സൗകര്യമുള്ളൂ. രണ്ടു പള്ളികളിലും സൗജന്യ ഹോമിയോ ഡിസ്പൻസറികളുണ്ട്. ചെറിയ പെരുന്നാളിന് ഞങ്ങൾ ഒരു പാർക്കിൽ വെച്ചാണ് ഭക്ഷണം കഴിക്കാൻ ഏർപ്പാടുചെയ്തിരുന്നത്. കുറേ കുടുംബങ്ങളുണ്ടായിരുന്നു. ഓരോ കുടുംബവും മുൻകൂട്ടി നിശ്ചയിച്ചത നുസരിച്ചായിരുന്നു ഭക്ഷണം വീട്ടിൽ നിന്നും തയ്യാറാക്കി കൊണ്ടു വന്നത്. ജൽസ നടക്കുന്ന മൂന്ന് ദിവസങ്ങളിലും ഞങ്ങൾ കുടുംബ സമേതം ഹദീഖത്തുൽ മഹ്ദിയിൽ രാവിലെ എത്തിചേരുകയും ഓരോ ദിവസവും പരിപാടി കഴിഞ്ഞാൽ വീട്ടിലേ ക്ക് തിരിച്ചുപോവുകയും ചെയ്തു. ലജ്നയും അൻസാറും അത്ഫാലും ജൽസയുടെ എല്ലാ ദിവസവും കഠിനയത്നം ചെയ്തിട്ടുണ്ട്. ജൽസയോടനുബന്ധിച്ച് 15 ദിവസം വഖ്ഫെ ആർസി പദ്ധതി പ്രകാര മാണ് ഖാദിംകളിൽ ഭൂരിപക്ഷവും പ്രവർത്തിച്ചിരുന്നത്. ജൽസാഗാഹിൽ പരിപാടി നടക്കുമ്പോൾ പരിപൂർണ നിശ്ശബ്ദതയായിരുന്നു. വെള്ളം വിതരണം ചെയ്യാനായി അത്ഫാൽ വളരെ ചിട്ടയായി നീങ്ങുന്നത് പുറത്ത് നിന്ന് വന്ന പലരുടേയും മുക്ത കണ്ഠം പ്രശംസക്ക് വിധേയമായി. 33,000 ആളുകൾ പങ്കെടുത്ത പരിപാടി വളരെ അച്ചടക്കത്തോടെ വിജയകരമായി നടത്തിയത് പല അന്തർദേശീയ സമ്മേളനങ്ങളിലും പങ്കെടുത്തവരുടെ അഭിനന്ദന ങ്ങൾക്ക് കാരണം ജൽസാഗാഹിലെ സംവിധാനങ്ങൾ അന്യൂനമായിരുന്നു. പുസ്തക പ്രദർശനത്തിനും എക്സിബിഷനു മായി എത്രയെത്ര ഹാളുകൾ, വിശ്രമ മുറികൾ, ഇൻഫർമേഷൻ സെന്റർ, മെഡിക്കൽ കെയർ, പ്രായമായവർ ക്കും അവശർക്കും പ്രത്യേകം ഭക്ഷണ ശാലകളും ഉണ്ടായിരുന്നു. വി. ഐ. പി. കൾക്ക് പ്രത്യേകം ഭക്ഷണ ശാലകൾ ഉണ്ടായിരുന്നു. ഭക്ഷണശാലകളുടെ ആധിക്യം കാരണം തിരക്ക് നന്നെ കുറവായിരുന്നു. സാധാരണ റൊട്ടിയും പച്ചക്കറികളും കൂടാതെ മട്ടൺ ചിക്കൻ കറികളും നൂഡിൽസും ഉണ്ടായിരുന്നു. ചായക്ക് പ്രത്യേകം ഏർപ്പാട് ഉണ്ടായിരുന്നു. വി. എ. പി ഭക്ഷണ ശാലയിൽ മേൽ പറഞ്ഞ ഇനങ്ങൾ കൂടാതെ ശീതള പാനീയങ്ങൾ, പലതരം ഫ്രൂട്ട്സ്, ബിസ്ക്കറ്റുകൾ, നട്ട്സ് എന്നിവയും ഉണ്ടായിരുന്നു. പ്രസംഗ പരിപാടികൾ എം. ടി. എ യിൽ എല്ലാവർക്കും കാണാൻ സൗകര്യമുണ്ടായിരുന്നു. ചില ആഫ്രിക്കൻ ഭാഷകളിൽ നടന്ന പ്രസംഗങ്ങൾക്ക് പരിഭാഷയുണ്ടായിരുന്നില്ല. ആഗോള ബൈഅത്തും അതിന് ശേഷം നടന്ന നന്ദി സൂചകമായ

സുജൂദുകളും വല്ലാത്തൊര നുഭവമായിരുന്നു. അധികം ആളുകളും സുജൂദിൽ പൊട്ടിക്കരയുകയായിരുന്നു. ലോക സമാധാനവും ജനങ്ങൾ തമ്മിലുള്ള രഞ്ജിപ്പും കാംക്ഷിച്ചു കൊണ്ടുള്ള ഇത്തരമൊരു സമ്മേളനം അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് നടത്തുന്നത്. മുസ്‌ലിംകളിൽ മറ്റൊരു കക്ഷിയും ഇത്രനല്ല രീതിയിൽ ഒരു ആഗോള സമ്മേളനം നടത്തുന്നില്ല. ഖിലാഫത്തിന്റെ കീഴിലുള്ള ഇത്തരം സംരംഭങ്ങൾക്ക് മാത്രമേ ലോകത്ത് സമാധാനം പുനഃസ്ഥാപിക്കാൻ സാധ്യമാവൂ. സമ്മേളനത്തിന് പോലീസിന്റെ ഭാഗത്ത് നിന്ന് സാധാരണ സമ്മേളനത്തിനെന്ന പോലെ നല്ല സഹകരണമായിരുന്നു. നോമ്പിന്റെ അവസാനത്തെ വെള്ളിയാഴ്ച്ചകളിൽ കാറുകളുടെ ആധിക്യം കാരണം പള്ളിയിൽ കൂടാതെ മറ്റു പലയിടങ്ങളിലും പാർക്കിങ്ങ് സൗകര്യം ഏർപ്പാട് ചെയ്യേണ്ടിവന്നു. സമ്മേളനാവസ രത്തിൽ എനിക്ക് പല രാജ്യങ്ങളിൽ നിന്ന് വന്ന അഹ്മദികളുമായി സംസാരിക്കാൻ അവസരം ലഭിച്ചു. സൗദി അറേബ്യ, ദുബായ്, യു.എസ്.എ, ജർമനി, ഫ്രാൻസ് എന്നിവിടങ്ങളിലുള്ളവരുമായി അറിയാവുന്ന വിധത്തിൽ ഞാൻ ആശയ വിനിമയം നടത്തി. ആഫ്രി ക്കക്കാരുടെ സ്നേഹപ്രകടനങ്ങളെടുത്തു പറയത്തക്കതായിരുന്നു. യു കെ ജമാഅത്ത് പ്രസിഡന്റ് ജ: റഫീഖ് ഹയാത്ത് ഖാൻ ജ: ഇഫ്തിഖാർ അഹ്മദ് ആയാസ് സാഹിബ്, മൗലവി ഫിറോസ് ആലം സാഹിബ്, (ബംഗാൾ ഡസ്ക്ക് ഇദ്ദേഹമാണ് വെള്ളിയാഴ്ച്ച ഖുത്ബ സമയത്ത് ബാങ്ക് വിളിക്കുന്നത്. ഹാഫിസ് ഫസലെ റബ്ബി സാഹിബ് ജോർഡാനിൽ നിന്നും വന്ന തമീം സാഹിബ് എന്നിവരുമായി പരിചയപ്പെട്ടു. ജനാബ് ഇഫ്തിഖാർ അഹ്മദ് അയാസിനെ കുറിച്ച് പ്രത്യേകം എടുത്ത് പറയണം. അദ്ദേഹം അന്തർ ദേശീയ പ്രശസ്തനായ ഒരാളാണ്. അദ്ദേഹത്തിന്റെ ബിരുദങ്ങളും നേടിയ അവാർഡുകളും വഹിച്ച സ്ഥാനങ്ങളും എഴുതിയാൽ രണ്ട് പേജ് നിറയും. പണ്ഡിതനായ അദ്ദേഹം ദേഹം കൊണ്ടും ധനം കൊണ്ടും സമയം കൊണ്ടും ജമാഅത്തിന് അതുല്യ സേവനം ചെയ്യുന്ന ഭക്ത ശ്രേഷ്ഠനാണ്. വളരെ വിനയാന്വിതനുമാണ്. ജൽസയിൽ അദ്ദേഹത്തെ ഞാൻ കാണുമ്പോഴെല്ലാം അദ്ദേഹം മാധ്യമങ്ങൾക്ക് ഇന്റർവ്യൂ നൽകുകയായിരിക്കും. ഞാൻ അദ്ദേഹത്തെ ക്കണ്ടു ആലിംഗനം ചെയ്തു. ഏതു ഭാഷയിലാണ് ഇന്റർവ്യൂ ഉണ്ടായതെന്ന് ഞാൻ ചോദിച്ചു. ഉറുദുവിലും ഇംഗ്ലീഷിലും എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അദ്ദേഹത്തിന്റെ Devotion of Life എന്ന പുസ്തകം ഞാൻ മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ അദ്ദേഹം വളരെയേറെ സന്തുഷ്ടി പ്രകടിപ്പിച്ചു. ഖാദിയാനിൽ നിന്ന് ഇനായത്തുല്ലാ സാഹിബ് (നാസിർ, ഇസ്‌ലാ ഹോ ഇർശാദ്) ബശീറുദ്ദീൻ സാഹിബ് (നാഇബ് വക്കീലുൽ മാൽ തഹ്‌രീഖ് ജദീദ് ) മുനീർ അഹ്മദ് ഖാദിം സാഹിബ് (അഡീഷനൽ, നാസിർ ഇസ്‌ലാഹ് വഇർശാദ്) കോഴിക്കോട് കെ. എ നദീർ അഹ്മദ് സാഹിബ് മകൻ മൗലവി റാശിദ് സാഹിബ് എന്നിവരെ കണ്ടുമുട്ടിയിരുന്നു. എന്റെ മകന്റെ ഭാര്യാ പിതാവായ. പി പി. നാസിമുദ്ദീൻ സാഹിബ് (നാസിം, അൻസാറുല്ലാഹ്, കേരള) മുബാറക്ക് അഹ്മദ് സാഹിബ്, അസ്സു സാഹിബ്, ജലീൽ സാഹിബ് എന്നിവരെ കണ്ടുമുട്ടിയിരുന്നു. ദുബായിയിൽ നിന്ന് മൗലവി അലിക്കുഞ്ഞു സാഹിബിനേയും കണ്ടിരുന്നു. ഇനായത്തുല്ലാ സാഹിബും ബശീറുദ്ദീൻ സാഹിബും ഹുസൂർ തിരുമനസ്സിന്റെ അതിഥികളായിരുന്നു. അവർക്ക് താമസിക്കാനും ഭക്ഷണത്തിനും പ്രത്യേകം ഏർപ്പാടുണ്ടായിരുന്നു. ഹുസൂറിന്റെ അതിഥിക ളായി മറ്റു രാജ്യങ്ങളിൽ നിന്ന് വന്നവർ 120 ഓളം പേരുണ്ടായിരുന്നു. അവർക്ക് പല സ്ഥലങ്ങളും കാണാൻ പോവാൻ 3 ബസ്സുകൾ ഏർപ്പാട് ചെയ്തിട്ടുണ്ടായിരുന്നു. ഇനായത്തുള്ള സാഹിബിനേയും മറ്റുപലരേയും മകൻ വീട്ടിലേക്ക് ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഒരിക്കൽ ഇനായത്തുല്ലാ സാഹിബിന്റെ മകളുടെ ഭർത്താവായ ഹാദിഖ് സാഹിബ് ഞങ്ങളെ അവരുടെ വീട്ടിലേക്ക് ക്ഷണിച്ചിരുന്നു. വളരെ ഹൃദ്യമായ വിഭവങ്ങളായിരുന്നു അവർ ഞങ്ങൾക്ക് തന്നിരുന്നത് എന്ന് പ്രത്യേകം സ്മരിക്കുന്നു. ഞാനും ഭാര്യയും ഖാദിയാനിലെ അഞ്ചു മാസക്കാലം അവിടെ വെച്ച് അടുത്ത് പരിചയപ്പെട്ട സൽഗുണ സമ്പന്നനായ വ്യക്തികളിൽ ഒരാളാണ് ഇനായത്തുല്ലാ സാഹിബ് എന്ന് ഞാൻ നന്ദിപൂർവം അനുസ്മരിക്കുന്നു. ഒരു ദിവസം ഞങ്ങൾ ഇസ്‌ലാമാബാദിൽ പോയി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി(റഹ്)യുടെയും ഭാര്യയുടെയും മഖ്ബറയിൽ സിയാറത്തിന് പോയി. ആ മഹാനായ ഖലീഫയുടെ ഭൗതിക ശരീരം അടക്കം ചെയ്ത മഖ്ബറ കണ്ടപ്പോൾ എന്റെ ഹൃദയത്തിൽ ഉയർന്ന വികാരങ്ങൾ വിവരിക്കുക അസാധ്യം. ഞാൻ അവർക്ക് വേണ്ടി കുറേ നേരം ദുആ ചെയ്തു. അതിന് ശേഷം ജാമിഅ അഹ്മദിയ്യ കാ ണാൻ പോയി. ഒക്ടോബർ 1ന് ആണ് ക്ലാസുകളാരംഭിക്കുകയെന്ന് അവർ പറഞ്ഞു. ജാമിഅ അഹ്മദിയ്യാ കെട്ടിടം മുമ്പ് ഒരു ത്രീ സ്റ്റാർ ഹോട്ടലായിരുന്നുവെന്നു പറഞ്ഞതായി ഞാൻ ഓർക്കുന്നു. 120 കുട്ടികൾക്ക് പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. ഇവിടെയുള്ള ഒരു സ്വകാര്യ പ്രഫഷനൽ കോളേജിൽ പോലും ഇത്ര മനോഹരമായി ഫർണിഷ് ചെയ്ത ക്ലാസ് മുറികൾ കാണില്ല. 7 മില്ല്യൻ പൗണ്ട് വില പറഞ്ഞിരുന്ന പ്രസ്തുത ബിൽഡി ങ്ങും സ്ഥലവുമടക്കം ജമാഅത്തിന് ഒരു പ്രത്യേക സാഹചര്യത്തിൽ 3.5 മില്ല്യൻ പൗണ്ടിന് ലഭ്യമായതാണ് എന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. ജൽസക്ക് വന്ന പല അതിഥികളും അവിടെ അപ്പോൾ താമസിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ അവിടെയെല്ലാം ചുറ്റി നടന്നുകണ്ടു. നടക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ഞാൻ മടിച്ചു നിന്നപ്പോൾ അവർ വീൽ ചെയർ കൊണ്ട് വന്ന് അതിൽ ഇരുത്തി എല്ലാ സ്ഥലവും കാണിച്ചു തന്നു. മരങ്ങളാൽ നിബിഢമായ സ്ഥലം, കോഴികൾ, മുയലുകൾ, ആടുകൾ എന്നിവയെ വളർത്തുന്ന

ഫാമുകൾ എന്നിവ ഉണ്ടായിരുന്നു. ഞങ്ങൾ തിരിച്ചു പോവുമ്പോൾ രാത്രിയിലേക്കുള്ള ഭക്ഷണം പോലും അവർ നിർബന്ധിച്ചു കയ്യിൽ തന്നു. ചപ്പാത്തിയും ചിക്കൻ കറിയും മട്ടൺ കറിയുമായിരുന്നു ഭക്ഷണം.

ലണ്ടനിലെ റോഡുകളും ട്രാഫിക്ക് സംവിധാനങ്ങളും മാതൃകാ യോഗ്യങ്ങളാണ്. ഒരോ റോഡിലും എത്ര കിലോ മീറ്റർ വേഗതയിലാണ് യാത്ര ചെയ്യേണ്ടതെന്ന് എഴുതി വെക്കും. ഏതെങ്കിലും സ്ഥലത്ത് റോഡ് പണി നടക്കുമ്പോൾ മുൻകൂട്ടി ഇന്ന ദിവസം മുതൽ ഇന്ന ദിവസം വരെ റോഡ് അടച്ചിടും എന്നെഴുതും. അതുപോലെ കൃത്യമായി അടക്കുകയും തുറക്കുകയും ചെയ്യും. ജനങ്ങൾ റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നു. നോ പാർക്കിങ്ങ് എന്ന് എഴുതിയ ഇടത്ത് വാഹനം നിർത്തിയാൽ നിർബന്ധ മായും പിഴയൊടുക്കേണ്ടി വരും. ചില റോഡുകളിൽ This road liable to flooding (ഈ റോഡ് വെള്ളപ്പൊക്കം ഉണ്ടാവാൻ സാദ്ധ്യതയുണ്ട്) എന്നെഴുതിയിരിക്കും. മുതിർന്ന പൗരന്മാർക്ക് യാത്ര സൗജന്യമാണ്. വീടിനും കാറിനും ടിവിക്കും ഒക്കെ നികുതി അടക്കണം. ജീവിത ചെലവ് ഭാരിച്ചതാണ്. എന്നാൽ സർക്കാർ പ്രജകളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നു. വാഹനങ്ങൾക്ക് പെർമിറ്റ് കൊടുക്കുമ്പോൾ പല കാര്യങ്ങളും പരിഗണിക്കുന്നു. ജോലിയില്ലാത്തവർക്ക് താമസിക്കാനുള്ള വീടിന്റെ വാടകയും അലവൻസും ഗവൺമെന്റ് കൊടുക്കുന്നു. മെഡിക്കൽ പരിരക്ഷയുമുണ്ട്. എല്ലാ റോഡുകളിലും ഇരുവശങ്ങളിലുമായി തണൽ മരങ്ങൾ നട്ടിരിക്കുന്നു. കൂലിക്ക് ആളെ വെച്ച് ജോലി ചെയ്യിച്ചാൽ തകർന്ന് പോകുന്നയത്ര ചിലവാണ്. അതിനാൽ വീട്ടു ജോലികളെല്ലാം സ്ത്രീകൾ തന്നെയാണ് ചെയ്യാറ് വളരെ ധനാഢ്യർ മാത്രമേ കൂലി കൊടുത്ത് ജോലി ചെയ്യിക്കാറുള്ളൂ. ഉദ്യോഗസ്ഥരാണെങ്കിൽ ശമ്പളത്തിന്റെ 20 % ആദായ നികുതി കൊടുക്കണം. ഗൃഹനിർമാണത്തിന് ലോൺ എടുത്താലും വെറും 2% മാത്രമാണ് പലിശ. ലണ്ടനിലെ ഡിയർ പാർക്ക് റോഡിൽ അൽ ശിർക്കത്തുൽ ഇസ്‌ലാമിയ്യ എന്ന പേരിൽ ഒരു ആർക്ക്‌വൈസ് ഉണ്ട്. ഒരിക്കൽ ഞങ്ങൾ അവിടെ പോയി. ജമാഅത്തിന്റെ ആദ്യകാലം മുതൽ ഇന്ന്‌വരെയുള്ള ചരിത്രം ചിത്രങ്ങളിലൂടെ കാണിച്ചിരിക്കുന്നു. ഖലീഫമാരുടെ പേഴ്സണൽ ഫോട്ടോഗ്രാഫർമാർ എടുത്ത എല്ലാ ഫോട്ടോകളും ഉണ്ട്. ഇത് വരെയുള്ള ശുഹദാക്കളുടെ ഫോട്ടോകൾ, ദർവേശുമാരുടെ ഫോട്ടോകൾ വാഗ്ദത്ത മസീഹിന്റെ പ്രശസ്തരായ സഹാബിമാരുടെ ഫോട്ടോകൾ, ഖലീഫമാരുടെ കുട്ടിക്കാലത്തെ ഫോട്ടോകൾ എന്നിവ കാണാം. മിയാൻ വസീം അഹ്മദ് സാഹിബിന്റെ നിക്കാഹ് ഖുത്ബ ഖലീഫത്തുൽ മസീഹ് സാനി നിർവഹിക്കുന്നതും യുവ വരൻ പൂമാലയണിഞ്ഞ് ഇരിക്കുന്നതും കണ്ടപ്പോൾ വളരെ കൗതുകം തോന്നി. മണിക്കൂറുകൾ നടന്നാൽ മാത്രമേ ഫോട്ടോ കൾ കണ്ടു തീരുകയുള്ളൂ.

പിന്നീട് ഞങ്ങൾ നാഷണൽ പാർക്ക്, ബ്രിട്ടീഷ് മ്യൂസിയം (അഞ്ചാം ജോർജ് രാജാവിന്റെ കൊട്ടാരം) ലാവണ്ടർ ഗാർഡൻ, ഫാമുകൾ, ബോക്സ് ഹിൽ മുതലായവയായിരുന്നു കണ്ട സ്ഥലങ്ങൾ. എല്ലായിടങ്ങളിലും പ്രവേശനം സൗജന്യമാണ്. നാഷണൽ പാർക്ക് സെൻട്രൽ ലണ്ടനിലാണ്. ഏക്കറുകളോളം സ്ഥലം ലോകത്തെല്ലായിടത്തുമുള്ള വൻ വൃക്ഷങ്ങളാൽ നിബിഢം. എന്തെല്ലാം ഇനങ്ങളിലുള്ള വൃക്ഷങ്ങളാണ്.! കണ്ടാലും കണ്ടാലും മതിവരില്ല. ഇവിടെ യാണെങ്കിൽ മരങ്ങളെല്ലാം മുറിച്ച് വിറ്റ് കെട്ടിടങ്ങൾ പണിതു കാശുണ്ടാക്കുകയാണ്. ഇടക്കൊന്നു പറയട്ടെ എം പി മാർ പോലും സൈക്കിളിൽ സഞ്ചരിക്കുന്നു. പാതിരാത്രിക്ക് പോലും ഡബിൾ ഡക്കർ ബസ്സുകൾ സർവീസ് നടത്തുന്നുണ്ട്. രണ്ടുപേർ മാത്രമേ കാണുവെങ്കിലും സർവീസ് മുടങ്ങില്ല.

ബ്രിട്ടീഷ് മ്യൂസിയത്തിൽ പുരാതനകാലം മുതലുള്ള എന്തെല്ലാം ചരിത്ര വസ്തുക്കളാണുള്ളത്!!. ഈജിപ്തിലെ ഫിർഔന്റേതൊഴിച്ചുള്ള മമ്മികൾ (ഫിർഔന്റെ മമ്മി ഇപ്പോൾ കെയ്റോ മ്യൂസിയത്തിലാണുള്ളത്.), കിലോക്കണക്കിന് ഭാരമുള്ള സ്വർണാഭരണങ്ങൾ, പഴയ കാലത്തെ പാത്രങ്ങൾ, ചിത്രപ്പണികളുള്ള സ്ഫടിക പാത്രങ്ങൾ, ലോഹ പാത്രങ്ങൾ തുടങ്ങി അനേകം അമൂല്യമായ ചരിത്ര വസ്തുക്കൾ അവിടെ കാണാം.

ബോക്സ് ഹില്ലിൽ മനോഹരമായ പ്രകൃതി ദൃശ്യങ്ങളാണുള്ളത്. അവിടത്തെ ലാവണ്ടർ ഗാർഡനിൽ മുഴുവൻ ലാവണ്ടർ പുഷ്പങ്ങളാണ് കൃഷി ചെയ്യുന്നത്. ലാവണ്ടർ സോപ്പ്, പെർഫ്യൂം മുതലായവയെല്ലാം വിൽപ്പനക്കുണ്ട്. ഫാമുകളിൽ കിഴങ്ങ്, സ്ട്രോബറി, ആപ്പിൾ, കാരറ്റ് എന്നിവ കൃഷി ചെയ്യുന്നു. അവിടെ പോയി സ്വയം തന്നെ മൂത്തു പഴുത്ത പഴങ്ങളും കാരറ്റും ഉരുളക്കിഴങ്ങും സംഭരിച്ചു കോമ്പൗണ്ടിൽ കൊണ്ട് വന്ന് തൂക്കി പണം നൽകിയാൽ മതി. ഇവിടത്തെ സ്ട്രോബറി മേത്തരം ഗുണമേന്മയുള്ളതാണ്. പഴുത്ത മധുരമുള്ളവ.

ഞങ്ങളുടെ അയൽ വാസികളായ തൃശ്ശൂർക്കാരായ രണ്ട് ഡോക്ടർമാർ ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. അവർ ഓണത്തിന് ലണ്ടനിലെ ഒരു ചർച്ചിൽ പോയതായിരുന്നു. മടക്കത്തിൽ അവർ ഞങ്ങളുടെ വീട്ടിൽ വന്നു. ഡോ. സീനുവും ഭാര്യ ഡോ. ജൂബിയും. ഡോ. സീനു 10 വർഷമായി ലണ്ടനിൽ ജോലി ചെയ്യുന്നു. കുട്ടികളുള്ളതിനാൽ ഡോ. ജൂബി ജോലിക്ക് പോകാറില്ല. അവർ ജമാഅത്തിൽ സ്ത്രീകൾക്ക് ക്ലാസ് എടുത്തിരുന്നു.

സെപ്തംബർ 23-ാം തീയതി ഞങ്ങൾ ഗാസ്റ്റ് വിക്ക് വിമാനത്താവളത്തിൽ നിന്ന് പുറപ്പെട്ട് 24-ാം തീയതി കരിപ്പൂരിൽ ഇറങ്ങി. കരിപ്പൂരിൽ ചെക്കിങ്ങ് ഉണ്ടായതേയില്ല. സാധനങ്ങൾ കൊണ്ടുവരാൻ എനിക്ക് വീൽ ചെയർ കൊണ്ടു വരാനും ഒരു ജീവന ക്കാരൻ സഹായിച്ചു. ഇത്രയും ഭംഗിയായി ഈ വിദേശ യാത്ര നിർവഹിക്കാൻ സാധിച്ചതിന് അല്ലാഹുവിനത്രെ സർവസ്തുതിയും.

കുറിപ്പുകൾ

# ഘർ വാപസി

മുസാഫിർ

നമ്മുടെ ഭാരതം പോലെ ഇത്രയും മതവൈവിധ്യങ്ങളുള്ള രാജ്യം ലോകത്തെവിടെയുമില്ല. മത ചരിത്രത്തിൽ ഈ പുണ്യ ഭൂമിക്കുള്ള സ്ഥാനം ലോകത്ത് മറ്റൊരു ദേശത്തിനും അവകാശപ്പെടാനുമില്ല. ഇന്നും സജീവമായി നിൽക്കുന്ന ഹിന്ദു, ബുദ്ധ, ജൈന, സിക്ക് മതങ്ങളുടെ ജന്മഭൂമിയാണ് ഭാരതം. മുസ്‌ലിം ഭൂരിപക്ഷ സംസ്ഥാനമായ കശ്മീരും സിക്ക് ഭൂരിപക്ഷ സംസ്ഥാനമായ പഞ്ചാ ബും ക്രിസ്ത്യൻ ഭൂരിപക്ഷ സംസ്ഥാനമായ നാഗാലാന്റും ഹിന്ദു ഭൂരിപക്ഷമുള്ള ഇന്ത്യയിലാണ്. ലോകത്തെ മറ്റു ദേശങ്ങളിൽ ആവിർഭവിച്ച മതങ്ങൾക്ക് അഭയം നൽകിയ നാടാണിത്. ഫലസ്തീനിൽ നിന്ന് കാണാതെ പോയ യഹൂദ ഗോത്രങ്ങൾക്കും പേർഷ്യയിലെ സൊറോസ്ട്രർക്കും ഈ നാട് അഭയം നൽകി. യഹൂദരെ തേടി അവർക്ക് മസീഹായി വന്ന യേശു(അ)വിനും അപ്പോസ്തലൻ തോമാ ശ്ലീഹക്കും ഈ ദേശം ആതിഥ്യമരുളുകയും ഇവിടെ അവർ അന്ത്യവിശ്രമം കൊള്ളുകയും ചെയ്യുന്നു. ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) നും ജന്മം നൽകിയ നാട് ഖ്വാജാ മുഈനുദ്ദീൻ ചിശ്തി, ശേഖ് അഹ്മദ് സർഹിന്ദി, ഷാ വലിയുല്ലാഹ് ദഹ്‌ലവി, നിസാമുദ്ദീൻ ഔലിയ, ബാബാ ഫരീദ്, ഖ്വാജാ ഹബീബുല്ലാ അത്തർ, ബാബാ ദാവൂദ് കാക്കി, അലി ഹുജ്‌വിരി ദത്താ ഗഞ്ച് ബക്ഷ്, ഖ്വാജാ മീർ ദർദ് മുതലായ നിരവധി മുസ്‌ലിം പരിഷ്ക്കർത്താക്കൾക്കും സൂഫികൾക്കും അവരുടെ സിൽസിലകൾക്കും ജന്മം നൽകിയ നാടാണിത്. ലോകത്തിന്റെ നാനാ കോണുകളിൽ നിന്ന് ഈ പുണ്യപുരാതന ദേശത്തേക്ക് ആദികാലം മുതൽ ദുർഘടമായ മലമ്പാതകൾ താണ്ടിയും അഗാധമായ സമുദ്രങ്ങൾ മുറിച്ചു കടന്നും ആളുകൾ വന്നിട്ടുണ്ട്. പഴയ സമ്പ്രദായമനുസരിച്ച് ആഭ്യന്തരവും വൈദേശികവുമായ പടയോട്ടക്കാരും അധിനിവേശക്കാരും അക്കൂട്ടത്തിലുണ്ട് എന്നത് ശരിതന്നെ. പക്ഷേ ഈ നാടിനെ അറിയാനും ഇവിടുത്തെ ജ്ഞാനവും ശാന്തിയും തേടി വന്നവരായിരുന്നു അവരിൽ ഭൂരിപക്ഷവും. ഏതൊരു ഭാരതീയനും ഈ രാജ്യത്തെ സംബന്ധിച്ച അതുല്യവും അനുപമവുമായ പൈതൃകം അഭിമാനത്തോടെ അവകാശപ്പെടാം. മഹത്തായ ഹിന്ദുമതത്തിന്റെ അപ്രതിഹതമായ ഉദാര വീക്ഷണമാണ് ഇതിനെല്ലാം നിദാനം. ഇന്ത്യയിൽ ഇന്ന് കാണുന്ന മതങ്ങളെല്ലാം ഹിന്ദുമതത്തിന്റെ ഈ സമീപനത്തോട് കടപ്പെട്ടിരിക്കുന്നു. പുരാതന ലോകത്തെ റോമ, ഗ്രീക്ക്, ഈജിപ്ഷ്യൻ, ബാബിലോണിയ, അസീറിയ, ചൈനീസ്, പേർഷ്യൻ, കാർത്തേജ്, നൂബിയ മുതലായ നിരവധി മതസംസ്കാരങ്ങൾ മണ്ണടിഞ്ഞു പോയി. എന്നാൽ ഹിന്ദു മതത്തിന്റെ ഈ ഉദാരതയാണ് ആ മതത്തെ ലോകത്തെ ഏറ്റവും പഴയതും ഭാരതത്തിലെ ഏറ്റവും വലിയതുമായ മതമാക്കി നിർത്തുന്നത്. ഉദാരത ചിരന്തനമായ അഖണ്ഡനൈരന്തര്യത്തേയും സങ്കുചിതത്വം നാശത്തെയും കുറിക്കുന്നു. ഈ ജീവിക്കുന്ന ചരിത്രതത്ത്വം മറ്റാര് മറന്നാലും ഹിന്ദുത്വ സംരക്ഷകരായ സംഘ് പരിവാർ മറക്കാൻ പാടില്ല.

ബി. ജെ. പി സർക്കാർ മഹത്തായ ഹിന്ദുസംസ്കാരത്തിന്റെ സമുന്നത മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് ഭാരതത്തെ മുന്നോട്ടു നയിക്കുമെന്നായിരുന്നു അവകാശപ്പെട്ടിരുന്നത്. എന്നാൽ ജനാധിപത്യ ജനസമ്മതിയിലൂടെ ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടിയതിന് ശേഷം ബി. ജെ. പി.യിലെ പല മന്ത്രിമാരും നേതാക്കളും സന്യാസി പ്രമുഖരും ഹിന്ദുമതത്തിന്റെ അന്തസത്തക്ക് നിരക്കാത്തതും മതന്യൂനപക്ഷങ്ങൾക്ക് ആശങ്കയും അസ്വസ്ഥതയുമുണ്ടാക്കുന്ന പ്രസ്താവനകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ദളിത് വിഭാഗത്തെ കേന്ദ്രീകരിച്ച് മതപരിവർത്തനം നടത്തിക്കൊണ്ടിരുന്ന ക്രിസ്ത്യൻ മിഷണറിമാരാണ് ഹിന്ദു പരിവാർ സംഘടനകളുടെ അസഹിഷ്ണുതക്ക് ഇപ്പോൾ കൂടുതൽ വിധേയമായിക്കൊണ്ടിരിക്കുന്നത്. അവർ പ്രലോഭനങ്ങളും പണവും നൽകി മത പരിവർത്തനം നടത്തുന്നു എന്നാണ് സംഘ് പരിവാർ സംഘടനകളുടെ ആക്ഷേപം. ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങളിൽ ക്രിസ്ത്യൻ പള്ളികളും ഖുർബാനകളും കരോളുകളും ആക്രമിക്കപ്പെടുന്നു. ബ്രിട്ടീഷ് കാലം മുതൽ അനുവദിച്ചു വരുന്ന ഡിസം: 25 ക്രിസ്മസ് പൊതു അവധിക്ക് പകരം വാജ്പേയിയുടെയും ഹിന്ദുമഹാസഭാനേതാവ് മദൻ മോഹൻ മാളവ്യയുടെയും ജന്മദിനമായും സദ്ഭരണ ദിനമായും ആചരിക്കാനും അന്നേ ദിവസം വിദ്യാർഥികൾക്ക് പ്രബന്ധ മത്സരം സംഘടിപ്പിക്കുമെന്നും ആഹ്വാനമുണ്ടായി. ചത്തീസ്ഗഢിൽ 100-ാളം ക്രിസ്ത്യൻ മിഷണറിമാരെ അറസ്റ്റ് ചെയ്യുകയുണ്ടായി. കേന്ദ്ര സഹമന്ത്രി സ്വാധി നിരഞ്ജൻ ജ്യോതി ഡൽഹി ഭരിക്കാൻ രാമ

സന്തതികൾ വേണോ, ജാരസന്തികൾ വേണോ എന്നാണ് ചോദിച്ചത്. അവർ ഗ്രാമീണ പശ്ചാത്തലമുള്ളവരാണ് എന്ന് പറഞ്ഞാണ് പ്രധാമന്ത്രി നരേന്ദ്ര മോദി ആ വിവാദത്തിൽ നിന്നും തലയൂരിയത്. വിദേശ കാര്യമന്ത്രി സുഷമ സ്വരാജ് ഭഗവത് ഗീത സെ ക്കുലർ രാജ്യമായ നമ്മുടെ രാജ്യത്തിന്റെ ദേശീയ ഗ്രന്ഥമായി പ്രഖ്യാപി ക്കണമെന്ന് പറഞ്ഞു. മതപരമായ വികാരം ഉദ്ദീപിപ്പിച്ച് സമൂഹങ്ങൾക്കിടയിൽ വിഭാഗീയതയും ധ്രുവീകരണവും സൃഷ്ടിച്ചും നിഷേധാത്മക മൂല്യങ്ങൾ പ്രചരിപ്പിച്ചും ഭരിക്കുന്ന ബി. ജെ. പി. യുടെ പ്രവർത്തനങ്ങൾ ഇങ്ങനെ പോകുന്നു. ഇത്തരം പ്രവർത്തനങ്ങൾ താൽക്കാലിക ലാഭങ്ങളുണ്ടാക്കിയേക്കാം. പക്ഷേ ചരിത്രത്തിന്റെ ഒരു നിയതികാലം പൂർത്തിയാവുമ്പോൾ അധാർമികതക്ക് തിരിച്ചടികളുണ്ടാവും.

സംഘ്പരിവാർ സൃഷ്ടിക്കുന്ന വിവാദങ്ങളിൽ പുതിയതാണ് 'ഘർ വാപസി' അഥവാ വീട്ടിലേക്കുള്ള തിരിച്ചുപോക്ക്. അതായത് ഹിന്ദുമതത്തിൽ നിന്ന് മറ്റു മതങ്ങളിലേക്ക് പല സന്ദർഭങ്ങളിലായി മതം മാറി പോയവരും അവരുടെ സന്തതി പരമ്പരകളും ഹിന്ദുമതത്തിലേക്ക് പുനർ മത പരിവർത്തനത്തിലൂടെ തിരിച്ചു കൊണ്ടു വരിക അതാണ് വീട്ടിലേക്കുള്ള മടക്കം കൊണ്ട് ഉദ്ദേശിക്കുന്നത്. വിശ്വഹിന്ദു പരിഷത്ത്, ഹിന്ദു യുവവാഹിനി, ബജ്റംഗ് ദൾ, ധർമ ജാഗരൺ മഞ്ച് തുടങ്ങിയ തീവ്ര നിലപാടുകളുള്ള ഹിന്ദുപരിവാർ സംഘടനകളാണ് ഘർ വാപസിക്ക് നേതൃത്വം നൽകുന്നത്. ഒരു നൂറ്റാണ്ട് മുമ്പ് ഹിന്ദു നവോത്ഥാന പ്രസ്ഥാനമായ ആര്യസമാജ സ്ഥാപകൻ സ്വാമിദയാനന്ദ സരസ്വതിയും അദ്ദേഹത്തിന്റെ ശിഷ്യനായ സ്വാമി ശ്രദ്ധാനന്ദയും നടത്തിയ ശുദ്ധി പ്രസ്ഥാനത്തിന്റെ പുനരാവിഷ്ക്കാരമാണ് ഘർ വാപസി. ശുദ്ധി പ്രസ്ഥാനം ബ്രിട്ടീഷ് ഭരണകാലത്ത് വൻകലാപത്തിലാണ് ഒടുവിൽ കലാശിച്ചത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും കേരളത്തിലും ഘർവാപസികൾ നടക്കുകയുണ്ടായി. നാനാത്വത്തിൽ ഏകത്വം, വസുദൈവ കുടുംബകം എന്നിങ്ങനെയുള്ള മഹത്തായ തത്ത്വം ലോകത്തിന് സംഭാവന ചെയ്തത് ഹിന്ദുമതമാണ്. അപ്രകാരം ഏത് ആരാധനാ സമ്പ്രദായം സ്വീകരിച്ചാലും ദൈവത്തെ പ്രാപിക്കാനാവും എന്ന് പറയുന്ന ഹിന്ദുമതത്തിന്റെ ഉദാര സങ്കൽപ്പങ്ങൾക്ക് യോജിച്ചതല്ല അന്യമതങ്ങളോട് ഈ അസഹിഷ്ണുതാ പൂർണമായ സമീപനം.

ഘർവാപസിയിൽ ദേശീയ ശ്രദ്ധ ആകർഷിക്കുകയും പാർലമെന്റിനെ പ്രക്ഷുബ്ധമാക്കുകയും ചെയ്തത് ആഗ്രയിൽ ഒരു മുസ്‌ലിം കുടുംബത്തെ മതം മാറ്റിയ സംഭവമാണ്. ആഗ്രയിൽ അക്രി പെറുക്കി വിൽക്കുന്ന ചേരിനിവാസികളായ 56 മുസ്‌ലിം കുടുംബങ്ങളെ അവരുടെ സമ്മതമില്ലാതെ ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം നടത്തുകയുണ്ടായി എന്നതാണ് ആരോപണം. ഇത് സംബന്ധിച്ച് ആഗ്രയിലെ സദർ ബസാർ പോലീസ് സ്റ്റേഷനിൽ 2014 ഡിസംബർ 9ന് ഇസ്മായിൽ എന്നയാൾ ഒരു പരാതിയും സമർപ്പിച്ചിട്ടുണ്ട്. ദരിദ്രരായ അവർക്ക് ബി പി എൽ റേഷൻ കാർഡും ആധാർ കാർഡും നൽകാമെന്ന് പറഞ്ഞ് ഇസ്മായിലിന്റെ ഷെഡിൽ എത്തിയ സംഘ് പരിവാർ പ്രവർത്തകർ ഫോട്ടോ എടുക്കാനാണെന്നും പറഞ്ഞ് അവിടെ പൂജക്കായി ഹവന കുണ്ഡം തയ്യാറാക്കി ഇസ്മായിലിനെയും കുടുംബാംഗങ്ങളെയും ഹവനാചരണവും നടത്തി കാളിയുടെ വിഗ്രഹം പിടിപ്പിച്ചു ഫോട്ടോ എടുക്കുകയും ചെയ്തു എന്നതാണ് ആരോപണം. ആർ എസ് എസ് നിയന്ത്രണത്തിലുള്ള ധർമ ജാഗരൺ മഞ്ച് എന്ന സംഘടനയാണ് ഇതിന് നേതൃത്വം നൽകിയത്. പാർലമെന്റിലും രാജ്യത്തിന്റെ പല ഭാഗത്തു നിന്നുമുണ്ടായ എതിർപ്പിനെ തുടർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇക്കാര്യത്തിൽ ഇടപെടുകയുണ്ടായി. ഉടൻ ആർ എസ് എസ് നേതൃത്വം അതിന്റെ മുഖ്യ സംഘാടകൻ രാജേശ്വർസിങ്ങിനെ തൽസ്ഥാനത്ത് നിന്നും നിർബന്ധ പൂർവം അവധി നൽകിയിരിക്കുകയാണ്. പക്ഷേ നരേന്ദ്ര മോഡി വിരുദ്ധനായി അറിയപ്പെടുന്ന വിശ്വഹിന്ദു പരിഷത്ത് അദ്ധ്യക്ഷൻ പ്രവീൺ ഭായ് തൊഗാഡിയ ഘർവാപസിയുമായി മുന്നോട്ടുപോകും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

അധഃസ്ഥിത വർഗത്തിൽപ്പെട്ട ദളിതരാണ് ഘർ വാപസി ഇപ്പോൾ ലക്ഷ്യമിടുന്നത്. അവർ പുനഃപരിവർത്തനം ചെയ്ത് ഹിന്ദുമതത്തിൽ വന്നാൽ അതേ ജാതിയിൽ തന്നെ തുടരണം. ഉയർന്ന ജാതിയിൽപ്പെട്ടവർ പുനർ മതപരിവർത്തനത്തിലൂടെ തിരിച്ചു വന്നാൽ അവർക്കും പൂർവ ജാതിയിൽ തന്നെ ചേരാൻ കഴിയുമെന്ന് വിശ്വ ഹിന്ദുപരിഷത്ത് ഉറപ്പ് നൽകിയിട്ടുണ്ട്. അതിനായി സംഘ് പരിവാർ ഒരു രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്. ജാതിരഹിതമായ അഹിന്ദു മതങ്ങളിലേക്ക് തലമുറകൾക്ക് മുമ്പ് മാറി ജാതീയമായ അടയാളങ്ങൾ മാഞ്ഞു പോയവർക്ക് ഹിന്ദുമതത്തിലേക്ക് തിരിച്ചു വന്നാൽ അവരുടെ തൊഴിലും ജീവിത നിലവാരവും നോക്കി സംഘ് പരിവാർ ജാതികൾ പതിച്ചു നൽകുകയും ചെയ്യും. ഉത്തരേന്ത്യയിൽ ഇസ്‌ലാം മതത്തിലേക്ക് മതം മാറിയവരിൽ പലരും സ്വന്തം ജാതിപ്പേരും ജാതിത്തൊഴിലും ഉപേക്ഷിക്കാത്തവരാണ്. അവരുടെ ജാതികൾ വ്യക്തമാണ്. ഉദാഹരണത്തിന് യു പി യിലെ ഗാസിയാബാദ്, ബുലാന്ദ് ശഹർ എന്നിവിടങ്ങളിലെ മുസ്‌ലിംകൾ റാണാ, സിസോദിയാ തുടങ്ങിയ ക്ഷത്രിയ പാരമ്പര്യം വെളിപ്പെടുത്തുന്ന ജാതി പേരുകൾ ഉപേക്ഷിച്ചിട്ടില്ല. കോൺഗ്രസ്സ് നേതാവ് അഹ്മദ് പട്ടേൽ ഗുജറാത്തിലെ പട്ടേൽ ജാതിയിൽ പെട്ടയാളാണ്. അതുപോലെ കശ്മീർ മുഖ്യമന്ത്രി ഫറൂഖ് അബ്ദുല്ല കശ്മീരി ബ്രാഹ്മണനുമാണ്. ഇത്തരം ഉയർന്ന ജാതിക്കാർ തിരിച്ചു വരികയാണെങ്കിൽ അവർക്ക് അതേ ജാതിയിൽ തന്നെ തിരിച്ചെത്താനാവും എന്നാണ് ഘർവാപസിക്കാരുടെ വാദം. അതായത് ഇല്ലത്ത് നിന്ന് പോയവന് ഇല്ലത്തേക്കും ചാളയിൽ നിന്ന് പേയവന് ചാളയിലേക്കും തിരിച്ചു വരാം. ഇത് സൂചിപ്പിക്കുന്നത് സാമി വിവേകാ

നന്ദൻ, ശ്രീനാരായണ ഗുരു, ഡോ. അംബേ ദ്കർ തുടങ്ങിയ പരിഷ്ക്കർത്താക്കൾ തുടച്ചു നീക്കാൻ നോക്കിയ ജാതി വ്യവസ്ഥ വീണ്ടും സജീവമായി കൊണ്ട് വരാനുള്ള നീക്കംകൂടി ഇതിന് പിന്നിലുണ്ടെന്നാണ്. ഇതിനെതിരായുള്ള എതിർപ്പ് സംവരണാനുകൂല്യമുള്ള താഴ്ന്ന ജാതിയിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. താഴ്ന്ന ജാതിയിലേക്ക് കൂടുതൽ ഹിന്ദുക്കൾ തിരിച്ചെത്തിയാൽ അത് തങ്ങളുടെ സംവരണാനുകൂല്യങ്ങൾ കവർന്നെടുക്കലായിരിക്കും എന്നാണ് അവരുടെ ഭയം. വാസ്തവത്തിൽ ഘർ വാപസിയുടെ വക്താക്കൾ പ്രകോപനപരമായ രീതിയിൽ പ്രത്യക്ഷ പ്രചാരണങ്ങളിലൂടെ പരിവർത്തന മേളകൾ നടത്തി അനുചിതമായ മാർഗങ്ങളിലൂടെ ക്രിസ്ത്യൻ മുസ്‌ലിം മതങ്ങളിൽനിന്ന് ഹിന്ദുമതത്തിലേക്ക് ആളെ ചേർക്കുന്നതിന് പിന്നിൽ ഒരു ഉദ്ദേശ്യമുണ്ടെന്ന് വ്യക്തമാണ്. പ്രകോപിതരാകുന്ന ന്യൂനപക്ഷങ്ങൾ അതിനെ എതിർക്കുമ്പോൾ, പാർലമെന്റിൽ അത് ചർച്ച ചെയ്ത് മതംമാറ്റ നിരോധന നിയമം കൊണ്ട് വരാൻ അവർ ആഗ്രഹിക്കുന്നു. അങ്ങനെയാണെങ്കിൽ ഹിന്ദു മതത്തിൽ നിന്നുള്ള ഒഴുക്ക് തടയാമെന്ന് അവർ വ്യാമോഹിക്കുന്നു. വാസ്തവത്തിൽ ഹിന്ദുമതത്തിൽ നിന്ന് മറ്റു മതങ്ങളിലേക്ക് ആളുകൾ മതം മാറിപ്പോവുന്നതിന് മുഖ്യകാരണം അസഹ്യമായി തീർന്ന ചാതുർവർണ്യ വ്യവസ്ഥയാണ്. മറ്റു മതങ്ങളിൽ നിന്നുള്ള പ്രലോഭനത്തേക്കാൾ സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അഭിലാഷമാണ് അവരെ മറ്റു മതങ്ങളിലേക്ക് ചേക്കേറാൻ പ്രേരിപ്പിക്കുന്നത്. ഈ യാഥാർഥ്യം നാം കണ്ടില്ലെന്ന് നടിച്ചിട്ട് കാര്യമില്ല. ഇന്നും ഹിന്ദു മതത്തിൽ നടക്കുന്ന വിവാഹങ്ങളെല്ലാം ജാതിയടിസ്ഥാനത്തിൽ തന്നെയാണ്. താഴ്ന്ന ജാതിക്കാർക്ക് ഉയർന്ന ജാതിക്കാരെ വിവാഹം കഴിക്കുക അസാദ്ധ്യമാണ്. മതം മാറിപോയവരിൽ അധികവും ജാതി ശ്രേണിയിൽ താഴേക്കിടയിലുള്ളവരാണെന്നത് ഇതിന് തെളിവാണ്. അവരെ സാമൂഹ്യമായും സാമ്പത്തികമായും സമുദ്ധരിക്കുകയാണ് മറ്റുമതസ്ഥരുടെ ഭൗതിക പ്രലോഭനങ്ങളിൽ കുടുങ്ങാതിരിക്കാൻ സംഘ്പരിപാർ ആദ്യം ചെയ്യേണ്ടത്. ലോകത്തുള്ള സർവ മത പുരുഷന്മാരും അവതരിച്ചപ്പോൾ അവരിൽ മാർഗദർശനം ലഭിക്കാനും അനുയായിയായി പരിവർത്തനം ചെയ്യാനും സത്യാന്വേഷികൾ ആ പുണ്യാത്മാക്കളിലേക്ക് ഓടിയെത്തിയപ്പോൾ അവരെ തടഞ്ഞതും അവരോട് യുദ്ധം പ്രഖ്യാപിച്ചതും അതാത് കാലത്തുള്ള ഏകാധി പതികളും സ്വേച്ഛാധിപതികളും മത പ്രമാണിമാരുമാണ്. ശ്രീകൃഷ്ണ(അ)നെതിരെ കംസനും ധേനുകനും കാളിയനും പ്രലംബനും ജരാസന്ധനും കൗരവരും ശ്രീരാമനെ(അ)തിരെ താടകയും ശൂർപ്പണകയും ഖരനും രാവണനും അബ്രഹാമിനെതിരെ(അ) നംറൂദും, മോസസിനെതിരെ ഫറോവയും ഹാമാനും ഖാറൂനും സോക്രട്ടീസിനെതിരെ അഥീനിയൻ അധികാരികളും ക്രിസ്തുവി(അ) നെതിരെ യഹൂദ പുരോഹിതന്മാരും മുഹമ്മദ് നബി(സ)ക്കെതിരെ മക്കാ ഖുറൈശികളും ഹദ്റത്ത് അഹ്മദി(അ)നെതിരെ അക്കാലത്തെ മുസ്‌ലിം മതപണ്ഡിതരും പീഡനങ്ങളും മർദനങ്ങളും അഴിച്ചു വിട്ടത് എന്തിനായിരുന്നു? മതപരിവർത്തനം തടയുക എന്നത് ഒരു കാലത്തും മതസ്ഥാപകരോ മതപുരുഷന്മാരുടേയോ പാരമ്പര്യമായിരുന്നില്ല. അതവരുടെ ശത്രുക്കളുടെ സമ്പ്രദായമാണ്.

തീർച്ചയായും ഒരാൾ ഏത് മതത്തിൽ വിശ്വസിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം പൂർണമായും ആ വ്യക്തിയിൽ മാത്രം നിക്ഷിപ്തമാണ്. മറ്റാർക്കും അത് തീരുമാനിക്കാനുള്ള അവകാശമില്ല. മറ്റൊരു ശക്തിക്കാണ് അതിനുള്ള അവകാശമെന്ന് വരുകയാണെങ്കിൽ നാം അയാളെ മനുഷ്യനായി അംഗീകരിക്കുന്നില്ല എന്നാണ് അതിനർഥം. പരിവർത്തനത്തിനെതിരെ ഉന്നയിക്കപ്പെടുന്ന ഗുരുതരമായ ഒരാരോപണം പണവും പ്രലോഭനവും നൽകിയാണ് മത പരിവർത്തനം നടത്താൻ ആളുകളെ നിർബന്ധിക്കുന്നത് എന്നാണ്. ആത്മീയ മോക്ഷത്തിനായി പണവും പ്രലോഭനവും നൽകി ആളെ മതത്തിൽ ചേർക്കുക എന്നത് ഏറ്റവും ഹീനമായ ഒരു പ്രചാരണ മാർഗമാണെന്ന കാര്യത്തിൽ സംശയമില്ല. ജീവകാരുണ്യ പ്രവർത്തനത്തിന്റെ മറവിൽ മതപരിവർത്തനം നടത്തുന്നത് തീർച്ചയായും അപലപനീയമാണ്. അങ്ങനെ പ്രവർത്തിക്കുന്ന വലിയ മിഷണറി സംഘങ്ങൾ ഉണ്ട് എന്ന സംഘ്പരിപരിവാറിന്റെ ആക്ഷേപം ശരിയാണുതാനും. കാരുണ്യ പ്രവർത്തനങ്ങൾ മത ജാതി പരിഗണനകൾക്കതീതമായി മാനുഷികമായ സഹാനുഭൂതിയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം നടത്തേണ്ടത്. കാരുണ്യം പ്രതീക്ഷിച്ച് നിസ്സാഹായനായി നിൽക്കുന്ന മനുഷ്യനെ സഹായിക്കുമ്പോൾ തന്റെ ഇച്ഛക്കനുസൃതമായി യാതൊന്നും പ്രതീക്ഷിക്കരുതെന്നും ചെയ്ത ഉപകാരം ഒരു ബാദ്ധ്യതയെന്ന നിലയിൽ സ്വീകർത്താവിനെ യാതൊരു വിധത്തിലും ഓർമിപ്പിക്കാനും പാടില്ല എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

***'അല്ലയോ വിശ്വസിച്ചവരേ, നിഷ്ക്കളങ്കതയെ ആസ്പദിച്ചുണ്ടാകുന്ന നിങ്ങളുടെ ദാന ധർമങ്ങളെ എടുത്ത് പറഞ്ഞും നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതയെക്കുറിച്ച് ഓർമപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിഷ്ഫലമാക്കരുത്' (2:264)***

പണവും പ്രലോഭനങ്ങളും നൽകി ആളെ മതത്തിൽ ചേർക്കുക എന്നത് മതത്തിന്റെ അന്തസത്തക്ക് ചേർന്നതല്ല. ദൈവത്തെ അപ്പമായി കരുതി സ്വന്തം മതത്തിന്റെ അംഗബലം വർധിപ്പിക്കുന്ന ഈ സമ്പ്രദായം ധാർമികവും ആത്മീയവുമായി ശക്തിക്ഷയിച്ച സമ്പത്തിനാൽ മുന്നോട്ട് പോകുന്ന ഒരു മതത്തിന്റ വിളംബരമാണ്. പക്ഷേ ഇത്തരം ഭൗതിക പ്രലോഭനങ്ങളിൽ പെട്ടാണ് ആളുകൾ അവരുടെ മതം ഉപേക്ഷിച്ച് പുതിയ മതം സ്വീകരിക്കുന്നത് എന്ന് മുറവിളി കൂട്ടുന്നവർ എന്തു

കൊണ്ട് തങ്ങളുടെ സ്വന്തം മതത്തിൽ ഇത്തരം ഉദരംഭരികളായ അവശ വിശ്വാസക്കാർ സൃഷ്ടിക്കപ്പെടുന്നു എന്നുകൂടി ആലോചിക്കേണ്ടതുണ്ട്. തങ്ങളുടെ സഹവിശ്വാസികളായ ഇത്തരം പാവങ്ങളെ സംരക്ഷിക്കാൻ ഒരു മതത്തിൽ യാതൊരു പദ്ധതിയുമില്ലെങ്കിൽ ആ മതം ഏറ്റവും ഗൗരവപൂർണമായ ഒരു ബാദ്ധ്യത അവഗണിച്ചു എന്നാണർഥം. മതങ്ങളുടെ ഭാഗത്ത് നിന്ന് നോക്കുമ്പോൾ ഇതൊരു അപരാധം തന്നെയാണ്. എന്നാൽ നൂറ്റാണ്ടുകളായി ജീവിതം ദുരിതങ്ങൾകൊണ്ട് വരിഞ്ഞു മുറുക്കിയ പാവങ്ങളുടെ ഭാഗത്ത് നിന്ന് നോക്കുമ്പോൾ ഇതൊരു അപരാധമായി കാണാൻ സാദ്ധ്യമല്ല. അവർ അൽപ്പം ഇഹലോക മോക്ഷം കൊതിച്ചു വിശപ്പടക്കാൻ വേണ്ടി മതം മാറിപ്പോയാൽ അതിന് അവരെ കുറ്റപ്പെടുത്താൻ ആർക്കാണ് അവകാശം. ഇതിലടങ്ങിയിരിക്കുന്ന പരമ പ്രധാനമായ വിഷയം മതസ്വാതന്ത്ര്യത്തിന്റേത് തന്നെയാണ്. പണവും പ്രലോഭനങ്ങളും സ്വീകരിച്ചു കൊണ്ട് ഒരാൾ മതം മാറിയാൽ തന്നെ അത്തരം മതം മാറ്റത്തിൽ നിയമത്തിന് ഇടപെടാൻ യാതൊരു പഴുതുമില്ല. ആ പരിവർത്തിതൻ തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തി എന്ന് സഹതിപിക്കാനേ മറ്റുള്ളവർക്ക് അവകാശമുള്ളൂ.

നമ്മുടെ ഭരണ ഘടനയുടെ 25 മുതൽ 28 വരെയുള്ള വകുപ്പ് മത സ്വാതന്ത്ര്യം സംബന്ധിച്ചുള്ളതാണ്. മൗലികാവകാശങ്ങളായാണ് അത് ഭരണഘടനയിൽ ചേർത്തിട്ടുള്ളത്. പൗരന് ഏത് മതം സ്വീകരിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനും വിശ്വസിച്ച മതത്തിൽ നിന്ന് വിട്ടുപോവാനുമുള്ള സ്വാതന്ത്ര്യം അവകാശമായി ഈ വകുപ്പ് നൽകുന്നു. 25-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം സമൂഹത്തിന്റെ ക്രമസമാധാനം, സദാചാരം, ആരോഗ്യം എന്നിവ ഹനിക്കാതെ എല്ലാ വ്യക്തികൾക്കും സ്വേച്ഛാനുസരണം ഏത് മതവും സ്വീകരിക്കാനും അത് ആചരിക്കാനും അനുവർത്തിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നു. ഇനി ഒരാൾ പണവും പ്രലോഭനവും സ്വീകരിച്ച് മതം മാറിയാൽ തന്നെ ഭരണാഘടനാപരമായി അയാളുടെ ഈ പ്രവൃത്തി പ്രസ്തുത ഉപവകുപ്പിന്റെ ലംഘനമാകുന്നില്ല. പരിവർത്തിതൻ ക്രമസമാധാന നില തകർക്കാതെ ഭീകര മതത്തിന്റെ അനുയായി അല്ലാതിരിക്കുകയും സമൂഹത്തിന്റെ ആരോഗ്യത്തിനും സദാചാരത്തിനും അതുകൊണ്ട് പ്രശ്നങ്ങളൊന്നു മില്ലാതിരിക്കുകയുമാണെങ്കിൽ മതം മാറ്റത്തിനെതിരെ നിയമത്തിന് ഇടപെടാൻ സാധ്യമല്ല. പണവും പ്രലോഭനവും സ്വീകരിച്ച് ഒരാൾ മതം മാറുന്നത് തടയാൻ വല്ല നിയമവും നിർമിച്ചിരുന്നുവെങ്കിൽ അതായിരിക്കും മനുഷ്യ സ്വാതന്ത്ര്യത്തിനെതിരെയുള്ള കയ്യേറ്റമായി തീരുക. അതായത് ഒരാളുടെ മതംമാറ്റം പ്രലോഭനത്തിലൂടെ നടന്നതാണോ എന്ന് പരിശോധിക്കപ്പെടണമെന്ന് പറയുമ്പോൾ, മനസ്സാക്ഷി സ്വാതന്ത്ര്യം എന്ന മൗലികാവകാശത്തിനെതിരെ ഭരണ കൂടത്തിനോ മറ്റൊരാൾക്കോ ഇടപെടാൻ അവസരം നൽകുകയാണ് ചെയ്യുന്നത്. മനസ്സാക്ഷിക്കനുസൃതമായ ഒരാളുടെ തീരുമാനങ്ങൾ ബാഹ്യമായ മറ്റൊരു കേന്ദ്രത്തിന്റെ വിധി തീർപ്പിന് വിധേയമാവുകയും ചെയ്യുന്നു. ഇത് വ്യക്തിയുടെ അന്തസ്സിനെ ചോദ്യം ചെയ്യുന്നു എന്നതിനേക്കാൾ മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും വ്യക്തി സ്വാതന്ത്ര്യത്തിനുമെതിരെയുള്ള കയ്യേറ്റമാണ്. ഉദര പൂരണമാണ് തന്റെ മതംമാറ്റലക്ഷ്യമെന്ന് കരുതി പണം വാങ്ങി മത പരിവർത്തനം നടത്തുന്നയാൾ ഭൗതികാർഥത്തിൽ സന്തുഷ്ടനാണ്. ആയതിനാൽ ഭരണകൂടത്തിന് അത്രത്തോളം ക്ഷേമം നൽകാൻ സാധിച്ചു എന്നാണ് അതിന്റെ രാഷ്ട്രീയമായ അർഥം. നൈതികമായും ധാർമികമായും നമ്മിൽ അത് ജുഗുപ്സയുളവാക്കുമെങ്കിലും ദരിദ്രനായ പരിവർത്തിതന്റെ ഭാഗത്ത് നിന്ന് നോക്കുമ്പോൾ നിയമപരമായി അത് അവന്റെ അവകാശവും സ്വാതന്ത്യവുമാണ്. അതും സംരക്ഷിക്കേണ്ടത് ജനാധി പത്യത്തിന്റെ ബാദ്ധ്യതയാണ്. ഇന്ത്യൻ ഭരണഘടനയിൽ മതസ്വാതന്ത്ര്യ സംരക്ഷണ നിയമം ശക്തമാണ്. പക്ഷേ ഇപ്പോൾ ചില സംസ്ഥാ നങ്ങളിൽ മതം മാറ്റത്തിന് പല നിബന്ധനകളുള്ള നിയമങ്ങൾ നിർ മിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഗുജറാത്ത്, അരുണാചൽ പ്രദേശ്, മദ്ധ്യ പ്രദേശ്, ചത്തീസ്ഗഢ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് അത്ത രം മതംമാറ്റ നിരോധന നിയമങ്ങളു ള്ളത്. ഇന്ത്യൻ ഭരണഘടനാ നിർമാണ വേളയിൽ മതം മാറ്റത്തെ ക്കുറിച്ച് വലിയ സംവാദങ്ങൾ നടന്നി രുന്നു. മത പ്രചാരണ സ്വാതന്ത്ര്യം മതം മാറ്റാനുള്ള സ്വാതന്ത്ര്യമായി മാറുമെന്നും അതുകൊണ്ട് ഭരണഘടനയിൽ അത് ഉൾപ്പെടുത്തരുതെന്നും ടി. കൃഷ്ണനാചാരിയെയും കെ. എം. മുൻഷിയെയും പോലുള്ള ദേശീയ നേതാക്കന്മാർ ഭരണഘടനാ നിർമാണ സഭയിൽ വാദിച്ചിരുന്നു. എന്നാൽ മഹാനായ ബാബാ സാഹേബ് അംബേദ്കർ മതസ്വാതന്ത്ര്യത്തിന് വേണ്ടി ശക്തമായി നിലകൊള്ളുകയാണുണ്ടായത്. (ഈ സംവാദം ഭരണ ഘടനാനിർമാണ ചർച്ച സമാഹാരണം 61-ാം വാല്യത്തിലുണ്ട് )

ഇവിടെ ഒരു കാര്യംകൂടി പരാമർശിക്കേണ്ടതുണ്ട്. മുസ്ലിം ലോകത്തിന് മതപരിവർത്തന സ്വാതന്ത്ര്യത്തെ പറ്റി പറയാൻ യാതൊരു ധാർമിക അവകാശവുമില്ല. ഏതെങ്കിലും ഒരു മുസ്ലിം രാജ്യത്ത് ജനാധിപത്യ രീതിയിലുള്ള ഭരണ സമ്പ്രദായമോ മതസ്വാതന്ത്ര്യമോ ഇല്ല. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനോ അത് പ്രചരിപ്പിക്കാനോ ഇഷ്ടമില്ലെങ്കിൽ ആ മതത്തിൽ നിന്ന് വിട്ടുപോരാനോ ഉള്ള അവകാശമോ സ്വാതന്ത്ര്യമോ ഉണ്ടോ? ഇസ്ലാമല്ലാത്ത ഏതെങ്കിലും മതത്തിന് അവരുടെ വിശ്വാസം സ്വതന്ത്രമായി പ്രചരിപ്പിക്കാനുള്ള സ്വാതന്ത്യമുണ്ടോ? എന്തിനധികം ഏതെങ്കിലും ഒരു മുസ്ലിം സംഘടനക്ക് ഇന്ത്യയിലുള്ളത് പോലെ മുസ്ലിം രാജ്യങ്ങളിൽ പൊതു വേദിയിൽ അവരുടെ ആശയ പ്രചരണം നടത്തുവാനും സ്വതന്ത്രമായി അഭിപ്രാ

യം പറയാനും സാധിക്കുമോ? മതപരിവർത്തനം സംബന്ധിച്ച് അതി ഭീകരമായ ഒരു നിയമം മുന്നോട്ടു വെക്കുന്ന ഒരു കക്ഷിയും മുസ്‌ലിം കൾക്കിടയിലുണ്ട്. അതായത് ഇസ് ലാമിലേക്ക് ആർക്കും വരാം. സ്വാഗ തം. പക്ഷേ ഇസ്‌ലാമിൽ നിന്ന് ആരെങ്കിലും വിട്ടുപോയാൽ അവ നെ വധിച്ചുകളയും!! ഈ ഭീകര നിയമം വിശദീകരിക്കാൻ ഒരു പുസ്തകവും ആ മുസ്‌ലിം പാർട്ടി യുടെ ആചാര്യൻ എഴുതിയിട്ടുണ്ട്. ഇത്തരത്തിൽ ഇസ്‌ലാമിക വിരുദ്ധ വും മനുഷ്യത്വത്തിനും മനുഷ്യ സ്വാതന്ത്ര്യത്തിനും നിരക്കാത്തതു മായ സിദ്ധാന്തങ്ങൾ താലോലി ക്കുന്ന മുസ്‌ലിം കക്ഷികൾക്ക് എങ്ങ നെ സംഘ് പരിവാറിന്റെ വാദങ്ങളെ പ്രതിരോധിക്കാൻ കഴിയും?

പ്രശ്നത്തിന്റെ കാതൽ മതത്തിന് അധികാരം ലഭിക്കണമെന്നുള്ളതാ ണ്. അഥവാ മതരാഷ്ട്ര വാദത്തിന്റേ താണ്. ഇസ്‌ലാമികമായികൊള്ളട്ടെ ഹിന്ദുവായികൊള്ളട്ടെ ആളുകൾ മതം മാറുമ്പോൾ അവരുടെ മതരാ ഷ്ട്രത്തിനാധാരമായ മതദേശീ യയതയുടെ സമവാക്യങ്ങളും മാറി മറിയുമോ എന്ന് അതിന്റെ വക്താ ക്കൾ ഭയപ്പെടുന്നു. അതുകൊണ്ടാ ണ് യഥാസ്ഥിതി നിലനിർത്താനും സ്വന്തം മതത്തിൽ നിന്ന് ആളുകൾ മാറി പോവുന്നത് തടയാനും നിരോ ധന നിയമം കൊണ്ട്‌വരണമെന്ന് അവർ മുറവിളി കൂട്ടുന്നത്. തങ്ങ ളുടെ അധികാരത്തിന്റെ അടിത്തറ വിപുലീകരിക്കാൻ മത പരിവർ ത്തനം നടത്തി കൂടുതൽ ആളുകളെ ചേർക്കാനും അവർ ശ്രമിക്കുന്നു. ഇസ്‌ലാം - ഹിന്ദു മതരാഷ്ട്ര വാദി കൾ മതത്തെ അധികാരത്തിനായു ള്ള ഒരു രാഷ്ട്രീയ പാർട്ടിയെ പോലെയാണ് കാണുന്നത്. ഈ ഒരു ദുസ്ഥിതിക്കുള്ള പ്രതിവിധി മതത്തെ രാഷ്ട്രീയത്തിൽ നിന്നും രാഷ്ട്രീയ ത്തെ മതത്തിൽ നിന്നും മാറ്റി നിർ ത്തുന്ന സെക്കുലർ സങ്കൽപ്പം മതവി ശ്വാസികൾ തന്നെ പ്രചരിപ്പിക്കുക എന്നതാണ്. ഉന്നത ജനാധിപത്യ ബോധമുള്ള സിവിൽ സമൂഹ ങ്ങളിൽ മതം മാറ്റങ്ങൾ അവരുടെ രാഷ്ട്രീയ ബോധത്തേയോ രാഷ് ട്രീയ വ്യവഹാരത്തേയോ രാഷ്ട്രീയ സ്വരൂപത്തേയോ ബാധിക്കില്ല. ഭരണം കാര്യക്ഷമതയോടെ സത്യസന്ധമാ യും നീതിയോടെയും നിർവഹി ക്കാൻ കഴിയുന്ന ആളുകളെ ഏൽപ്പി ക്കുകയാണ് വേണ്ടത്. അയാളുടെ മതം തിരഞ്ഞെടുപ്പിൽ ഒരു വിഷയ മാക്കേണ്ടതില്ല.

മതത്തിന് മാത്രം ഒരു സമൂഹ ത്തെ ഒരു രാഷ്ട്രമായി നിലനിർ ത്താൻ കഴിയില്ല എന്നതിന് ഏറ്റവും നല്ല ഉദാഹരണമണ് പാകിസ്താൻ. ഇസ്‌ലാം മതത്തിന്റെ പേരിൽ വാ ങ്ങിയ പാകിസ്താനിൽ മതം അവ രുടെ രാഷ്ട്രത്തെ ഒന്നിച്ചു നിർത്തു മെന്ന് അവർ വ്യാമോഹിച്ചു. പക്ഷേ ബംഗാളി ദേശീയത മതവികാര ത്തിന് മുമ്പിൽ പരാജയപ്പെടുകയാ ണുണ്ടായത്. ഒരേ മതമായിട്ടും ബംഗ്ലാദേശ് പാകിസ്താനിൽ നിന്നും വേറിട്ട് പോയി മറ്റൊരു രാഷ്ട്രമായി മാറി. അവശേഷിക്കുന്ന പാകിസ്താ നിൽ തന്നെ പഞ്ചാബ്, സിന്ധ്, പക്തൂൺ, മുഹാജിൽ ഗോത്രീയ തയും ഉപദേശീയതകളും സംഘർ ഷഭരിതമാണ്. മതം രാഷ്ട്ര നിർമിതി ക്കായുള്ള ദേശീയത നിർണയിക്കാ നുള്ള ഉപാധിയാണ് എന്ന സങ്കൽ പ്പം അശാസ്ത്രീയവും അപ്രായോഗി കവും സങ്കുചിതവുമാണ്. ഭാഷ, ഭക്ഷണം, കാലാവസ്ഥ, ഭൂമി ശാസ് ത്രം, നരവംശപരമായ പ്രത്യേകത കൾ, ഗോത്രീയത, ചരിത്രബോധം, പൊതു ബോധം, വസ്ത്ര ധാരണം മുതലായ പ്രകൃതിപരവും ഭൗതിക വുമായ നിരവധി ഘടകങ്ങളും സർവോപരി ജനങ്ങളുടെ ഇച്ഛയു മാണ് രാഷ്ട്രനിർമിതിക്കാവശ്യമായ ദേശീയസമൂഹങ്ങളെ സൃഷ്ടിക്കു ന്നത്. അക്കൂട്ടത്തിൽ മതത്തിനും ഒരു പങ്കുണ്ടാവാം. ഇച്ഛാശക്തിയും ഐക്യവുമുണ്ടെങ്കിൽ അത്തരത്തി ലുള്ള ഒന്നോ അതിലധികമോ ദേശീ യ സമൂഹങ്ങൾക്കും ഒരു രാഷ്ട്ര മായി നിൽക്കാൻ സാധിക്കും. ഈ നാനാത്വത്തിലെ ഏകത്വത്തിന്റേയും ഐക്യത്തിന്റേയും സന്ദേശമാണ് മതങ്ങൾ വിശ്വാസികളെ പഠിപ്പിക്കേ ണ്ടത്. വിശുദ്ധ ഖുർആൻ ഈ വൈവിധ്യങ്ങൾ അറിവിലൂടെ സമന്വ യിപ്പിക്കാനാണ് പറയുന്നത്.

***'മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗങ്ങളും (ശുഊബ്) ഗോത്രങ്ങളു (കബാ യിൻ) മാക്കി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയുന്ന തിന് വേണ്ടി '(43:13)*** ഖുർആൻ മറ്റൊരു സ്ഥലത്ത് പറയുന്നു: ***'അവ ന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെ യും വർണങ്ങളുയെും***

***വൈവിധ്യവും തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.'(30:23)*** ഈ വൈവിധ്യങ്ങളെ അംഗീകരിച്ച് കൊണ്ട് വിശുദ്ധ ഖുർആൻ മനുഷ്യ സമൂഹത്തോട് ഐക്യപ്പെടാനുള്ള ആഹ്വാനം ചെയ്യുന്നത് നോക്കുക: ***'അല്ലയോ മനുഷ്യ സമുദായമേ , നിങ്ങളുടെ നാഥനോട് നിങ്ങൾ ക്കുള്ള കടമയെക്കുറിച്ച് ബോധവാ ന്മാരായിരിക്കുവിൻ. ഒരു വ്യക്തി യിൽ നിന്ന് നിങ്ങളെയും നിങ്ങളുടെ ഇണയേയും സൃഷ്ടിച്ചത് അവന ത്രെ.. ആ ഇണയിൽ നിന്ന് അസം ഖ്യം സ്ത്രീ പുരുഷന്മാരെ പെരുകു മാറാക്കിയതും അവനാകുന്നു. അല്ലാഹുവിനോടുള്ള നിങ്ങളുടെ കടമയെക്കുറിച്ചോർക്കുവിൻ അവന്റെ പേരിലല്ലോ നിങ്ങളന്യോ ന്യം അഭ്യർഥന ചെയ്യുന്നത്. ബന്ധു ത്വ പരമായ കെട്ടുപാടുകളെക്കുറിച്ച് ബോധമുള്ളവരായിരിക്കുവീൻ' (4:2)***

അത് പോലെ മറ്റൊരു ശ്രദ്ധേയ മായ കാര്യം ഇസ്‌ലാമല്ലാത്ത മതസ്ഥ രെ പറ്റിയുള്ള വിശുദ്ധ ഖുർആന്റെ വിശാലമായ കാഴ്ച്ചപ്പാടാണ്. അവ രെല്ലാം നരകത്തിൽ പതിക്കുമെന്നോ മോക്ഷം നിഷേധിക്കപ്പെട്ടവരാണെ ന്നോ വിശുദ്ധ ഖുർആൻ പറയുന്നി ല്ല. ഖുർആൻ പറയുന്നു; ***'ഓരോ സമുദായത്തിനും ഓരോ ആരാധനാ സമ്പ്രദായങ്ങൾ നാം നിശ്ചയിച്ചിട്ടു ണ്ട്. അവരത് ആചരിക്കുന്നു. അതി നാൽ ഇസ്‌ലാമിക രീതിയിലുള്ള***

***ആരാധനാ സമ്പ്രദായ കാര്യത്തിൽ അവർ നിന്നോട് തർക്കിക്കാതിരിക്കട്ടെ. നിന്റെ നാഥനിലേക്ക് നീ ക്ഷണിക്കുന്നു. നിശ്ചയം നീ നേർമാർഗത്തിൽ തന്നെയാണ്.' (22:68)*** മറ്റൊരു വചനം ഇങ്ങനെയാണ്. ***'(മുഹമ്മദിൽ വിശ്വസിച്ചവരും യഹൂദികളും സാബിഉകളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാകുകയില്ല. അവർ വ്യസനിക്കുന്നവരുമല്ല.' (5: 70)*** . ഇതിൽ യഹൂദരുടെയും സാബിഉകളുടെയും ക്രിസ്ത്യാനികളുടെയും പേര് എടുത്ത് പറഞ്ഞ് അവരുടെ ആത്മീയ ഭാവിയെ സംബന്ധിച്ച് സാന്ത്വനമരുളുകയാണ് ഖുർആൻ ചെയ്യുന്നത്. ഇവിടെ **'സാബി'** എന്ന അറബിവാക്ക് സെമിറ്റിക്ക് അല്ലാത്ത എല്ലാ മതങ്ങൾക്കും പൊതുവേ പറയുന്ന നാമമാണ്. അതായത് ഹിന്ദു, ബുദ്ധ, ജൈന, കൺഫ്യൂഷസ് മുതലായ പൗരസ്ത്യ മതങ്ങളെ സൂചിപ്പിക്കുന്ന പദമാണ്. അത്രമാത്രം വിശാലമാണ് അന്യമതങ്ങളെ പറ്റിയുള്ള ഇസ്ലാമിന്റെ കാഴ്ച്ചപാട്.

ഹിന്ദു, ബുദ്ധ, ജൈന, യഹൂദ, ക്രൈസ്തവ, കൺഫ്യൂഷ്യസ്, ഇസ്ലാം എന്നീ മതങ്ങളെല്ലാം വിശുദ്ധങ്ങളാണ്. ലോകത്തുള്ള എല്ലാ സമൂഹങ്ങളിലും ദിവ്യാത്മാക്കൾ അവതരിച്ചിട്ടുണ്ടെന്നും അവരെയെല്ലാം അയച്ചത് ഒരേയൊരു ഈശ്വരനാണെന്നും എല്ലാമതങ്ങളും ദൈവപ്രോക്തങ്ങളാണെന്നുമാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ആ മത സ്ഥാപകരിലും അവരുടെ ഗ്രന്ഥങ്ങളിലും വിശ്വസിക്കൽ ഒരു മുസ്ലിമിന് നിർബന്ധമാണ് എന്നിരിക്കെ ഒരു യഥാർഥ മുസ്ലിമിന് അന്യമതത്തിന്റെയോ സംസ്കാരത്തിന്റെയോ നിഷേധകനോ വിമർശകനോ ആകാൻ സാദ്ധ്യമല്ല. ആദം(അ), അബ്രഹാം(അ), മോസസ്(അ), ശ്രീകൃഷ്ണൻ(അ), ശ്രീബുദ്ധൻ(അ), ശ്രീവർദ്ധമാന മഹാവീരൻ(അ), സൊറോസ്റ്റർ(അ) കൺഫ്യൂഷ്യസ് (അ), യേശു(അ), മുഹമ്മദ് (സ) തുടങ്ങി എല്ലാമത സ്ഥാപകരും ഒരു ദിവ്യകുടുംബത്തിലെ അംഗങ്ങളാണ്. അതാണ് വിശ്വാസികളുടെ വീട്. അതാണ് വിശ്വാസികളുടെ കുടുംബം.

മതങ്ങൾ എന്നത് കേവലം വിശ്വാസം മാത്രമല്ല. എല്ലാമതങ്ങൾക്കും അതിന്റെ ദിവ്യസ്റോതസ്സിൽ നിന്ന് ലഭിച്ചതും നൂറ്റാണ്ടുകളോളമായി അതിലെ ജ്ഞാനികളിലൂടെ ആർജിച്ചതുമായ അമൂല്യമായ ജ്ഞാനസമ്പത്തുണ്ട്. നിർഭാഗ്യകരമെന്ന് പറയട്ടെ വിവിധങ്ങളായ മതങ്ങൾ തമ്മിൽ സർഗാത്മകമായ ആശയ വിനിമയം നടത്തുന്നില്ല. ആ മതങ്ങളിലെ പൊതു ഘടകങ്ങളും തത്ത്വജ്ഞാനങ്ങളും എന്താണെന്ന് പരസ്പരം അറിയുന്നില്ല. ഒരു മതം മറ്റൊരു മതത്തിന് പരലോകം പോലെ അന്യവും അപരിചിതവു മജ്ഞാതവുമാണ്. മതങ്ങളുടെ ഈ വിഭജിതാവസ്ഥ ശരിയല്ലെന്നും മതങ്ങൾ തമ്മിൽ പരസ്പര ആശയസംവാദങ്ങൾ നടത്തണമെന്നുമാണ് വിശുദ്ധ ഖുർആൻ വിശ്വാസികളെ ഉണർത്തുന്നത്: ***'തത്ത്വജ്ഞാനവും സദുപദേശ വും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽനിന്നും വ്യതിചലിച്ചു പോകുന്നവരെക്കുറിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു.' (16:126)***

***'ഗ്രന്ഥാനുസാരികളുമായി ഏറ്റവും ഉത്തമമായ രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്. അവരിൽനിന്ന് അന്യായം പ്രവർത്തിച്ചവരൊഴികെ. ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെയും നിങ്ങളുടെയും ദൈവം ഒന്നു തന്നെയാണ്. ഞങ്ങൾ അവനോട് അനുസരണ യുള്ളവരു മാണ് എന്ന് നിങ്ങൾ പറയുക.'(29:47)***

ചുരുക്കത്തിൽ മതം എന്നത് പാവനമായ ജീവിത ദർശനവും കർമസരണിയുമാണ്. അതേസമയം അത് അത്യന്തം വികാര സാന്ദ്രവുമാണ്. മതത്തിനാവശ്യം അതിന്റെ അനുയായികളെ ഏത് മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും ഇഷ്ടമില്ലെങ്കിൽ ആ മതത്തിൽ നിന്ന് വിട്ട് പോരാ നുമുള്ള സ്വാതന്ത്ര്യമാണ്. അല്ലാതെ അധികാരം നടത്തുന്ന രാഷ്ട്രമല്ല. മതത്തിന്റെ പരിശുദ്ധവും ആത്മീയവുമായ ലക്ഷ്യങ്ങൾ നിറവേറ്റാൻ രാഷ്ട്രത്തിന്റെ കൃത്രിമത്വമുള്ളതും സമ്മർദ സ്വഭാവമുള്ളതുമായ ഉപകരണങ്ങൾക്ക് സാധ്യമല്ല. രാഷ്ട്രത്തിന് മനുഷ്യന്റെ ആത്മാവുമായി സംവദിക്കാനുള്ള കഴിവുമില്ല. അതിന്റെ പ്രകൃതിയുമതല്ല. വിശുദ്ധ ഖുർആൻ മതത്തെ ഒരിക്കലും ഒരു രാഷ്ട്രമാക്കി മാറ്റാൻ അനുവദിക്കുന്നില്ല. ഖുർആൻ പറയുന്നു: ***'നിശ്ചയമായും മനുഷ്യ വംശത്തിന്റെ ഗുണത്തിനായി നാം നിനക്ക് ഗ്രന്ഥത്തെ വെളിപ്പെടുത്തിതന്നിരിക്കുന്നു. ആർ സന്മാർഗത്തെ പിന്തുടരുന്നുവോ അത് അവന്റെ ആത്മാവിന്റെ നന്മക്കായി മാത്രം. വഴിതെറ്റുന്നവനാരോ അവൻ അതിന്റെ നാശത്തിലേക്കും. അവരുടെ മേൽ ഒരു അധികാരിയായി നീ നിയോഗിക്കപ്പെട്ടിട്ടില്ല.' (3:42)*** എല്ലാ മതങ്ങളും അതിന്റെ സ്വച്ഛരൂപത്തിൽ സത്യമാണ്. എല്ലാ മതസ്ഥാപകരും ദൈവ പ്രേഷിതരാണ്. ഖുർആൻ പറയുന്നു: ***'(സത്യവിശ്വാസികൾ) അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല.' (2:286)*** അധികാരത്തിനും ശക്തി പ്രകടനത്തിനും സ്ഥാനമില്ലാത്ത സർവ്വ മതങ്ങളുടെയും സർവ പ്രവാചകന്മാരുടെയും അവ രുടെ യഥാർഥ ഗ്രന്ഥങ്ങളു ടെയും അദ്ധ്യാപന സാരമാവുന്ന ആ ദിവ്യഗേഹത്തിലേക്കാണ് നാം മടങ്ങേണ്ടത്.

# മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമ്മേളനം സമാപിച്ചു

കോഴിക്കോട്: മജ്‌ലിസ് അൻസാറുല്ലാഹ് കേരളാ സംസ്ഥാന സമ്മേളനം ജനുവരി 31 ഫെബ്രവരി 1 തിയ്യതികളിൽ കോഴിക്കോട്ട് വിജയകരമായി നടന്നു. ജനുവരി 31 ന് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് പതാക ഉയർത്തിയതിന്ന് ശേഷം അൻസാറുല്ലാഹ് ദേശീയ നായിബ് സദർ പി. പി. നാസിറുദ്ദീൻ സാഹിബ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്ന് ലോകം പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിലൂടെ കടന്നു പോകുകയാണ്. കഠിനമായ അസമാധനത്തിന്റെ ഇരയാണ് ലോകം. ഒരേ കലിമ ചൊല്ലുകായും ഒരേ നബിയിൽ വിശ്വസിക്കുകയും ചെയ്യുന്ന മുസ്‌ലിംകൾ വിവിധ കക്ഷികളായി തമ്മിലടിക്കുകയും വിദ്വേവും വെറുപ്പും വെച്ചു പുലർത്തുകയും ചെയ്യുന്നു. വിശുദ്ധ ഖുർആന്റെയും ഹദീസുകളുടേയും ഖജനാവുകൾ ഉണ്ടായിട്ടും ഒരു കൈയ്യിൽ ഒരുമിച്ചു കൂട്ടുന്നതിന്ന് വേണ്ടി അല്ലാഹു നിയോഗിച്ച നേതൃത്വത്തെ തിരിച്ചറിയാതെ അവർ പിന്തള്ളപ്പെട്ടിരിക്കുകയാണ്. എന്ന ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾ ഉദ്ദരിച്ചു കൊണ്ട് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ സംസാരിച്ചു. സംസ്ഥാന അൻസാറുല്ലാ നാസിം പി.പി നാസിമുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. ഇത്തരം സമ്മേളനങ്ങളിൽ ജമാഅത്തംഗങ്ങൾ കൂടിചേരുന്നതിലെ ആത്മീയവും സാമൂഹികവുമായ നന്മകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. നമ്മുടെ ജീവി തത്തിൽ പ്രകടമായ ഒരു മാറ്റം വരുത്തേണ്ടതിന്റെയും അൻസാറുല്ലാ സഹോദരന്മാർ തങ്ങളുടെ സന്താനങ്ങളിലേക്ക് നന്മയുടെ മാതൃകകൾ പകരേണ്ടതിന്റേയും ആവശ്യകതയെ പറ്റി നാസിം സാഹിബ് പറഞ്ഞു. ദേശീയ അൻസാറുല്ലാഹ് സദർ ഖാരി നവാബ് സാഹിബിന്റെ സന്ദേശം അദ്ദേഹം വായിച്ചു കേൾപ്പിച്ചു. സംസ്ഥാന സെക്രട്ടറി ശംസുദ്ദീൻ സാഹിബ്, റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ജില്ലാ അമീർമാരായ യു. മൻസൂർ അഹ്മദ് സാഹിബ് (കണ്ണൂർ), കെ. എം. അഹ്മദ് കോയ സാഹിബ് (കോഴിക്കോട്), അമീറലി സാഹിബ് (മലപ്പുറം), സുലൈമാൻ സാഹിബ് കാവശ്ശേരി (പാലക്കാട് ), എന്നിവർ ആശംസകൾ നേർന്നു. 'മജ്‌ലിസ് അൻസാറുല്ലാഹിന്റെ 75 വർഷങ്ങൾ' എന്ന വിഷയത്തെ പറ്റി മൗലവി ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ്, 'വിവാഹം: ഇസ്‌ലാമിക രീതികൾ' എന്ന വിഷയത്തെ പറ്റി മൗലവി സുൽത്താൻ നസീർ സാഹിബ്, 'റസൂൽ തിരുമേനി(സ) യുടെയും വാഗ്ദത്ത മസീഹിന്റെയും സന്മാർഗ്ഗ പാഠങ്ങൾ' മൗലവി നജീബ് ഖാൻ 'ഭൂമിയിൽ മനുഷ്യന്റെ ഭാവി' എന്ന വിഷയത്തിൽ മുഹമ്മദ് സലീം സാഹിബും സംസാരിച്ചു.

ക്വിസ് മത്സരത്തിന് മുഹമ്മദ് ഹുസൈൻ സാഹിബ് (തിരുവനന്തപുരം) നേതൃത്വം നൽകി. **'അൽ വസിയത്ത്'** നെ ക്കുറിച്ചുള്ള പാനൽ ചർച്ചയിൽ മൗലവി അബൂബക്കർ സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ് മൗലവി ആരിഫ് മുഹമ്മദ് സാഹിബ്, പി.പി. നാസിമുദ്ദീൻ സാഹിബ് ശംസുദ്ദീൻ സാഹിബ് എന്നിവർ പങ്കെടുത്തു. വിവിധ സെഷനുകളിൽ അൻസാറുല്ലാഹ് ജില്ലാ നാസിമുമാരായ എം. അബ്ദുല്ലാ സാഹിബ് (തിരുവനന്തപുരം), അബ്ദുൽ കരീം(എറണാകുളം) എം. താജുദ്ദീൻ സാഹിബ് (പാലക്കാട്), സി. എച്ച് സിദ്ദീക്ക് സാഹിബ് (മലപ്പുറം) ടി. മുസഫർ അഹ്മദ് (കണ്ണൂർ) എന്നിവർ അദ്ധ്യക്ഷത വഹിച്ചു. അൻസാറുല്ലാ ദേശീയ സദർ ഖാരി നവാബ് അഹ്മദ് സാഹിബ് ഖാദിയാനിൽ നിന്നും ലൈവായി ഉപസംഹാര പ്രഭാഷണം നിർവ്വഹിച്ചു. വിവിധ കായിക കലാ മത്സരങ്ങളിൽ കോഴിക്കോട് ജില്ല ഒന്നാം സ്ഥാനവും മലപ്പുറം ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ജില്ലയിൽ ഒന്നാം സ്ഥാനം

പാലക്കാട് ജില്ലയിൽ യു.പി വിഭാഗം സംസ്കൃതം ഗദ്യപരായണത്തിൽ എ ഗ്രേഡും ജില്ലയിൽ ഒന്നാം സ്ഥാനവും പാലക്കാട് ജമാഅത്തിലെ റഊഫ് സാഹിബിന്റെയും സക്കീന സാഹിബയുടെയും മകൾ ഹിബ റഊഫ് കരസ്ഥമാക്കി. പാലക്കാട് പരിത്തൂർ സി. ഇ. യു. പി സ്കൂളിലെ വിദ്യാർഥിനിയാണ് ഈ കൊച്ചു പ്രതിഭ.

## ഉന്നത വിജയം കരസ്ഥമാക്കി

മഹാത്മാഗാന്ധി യൂണിവേഴ്സിററിയുടെ (ഔട്ട് ഓഫ് കാമ്പസ് കണ്ണൂർ) എം.എസ്.സി മാത്തമാറ്റിക്സ് പരീക്ഷയിൽ ഹിബ്ത്തുൽ കരീം സാഹിബ ( Waqfe Nou No:1217/A) രണ്ടാം റാങ്ക് കരസ്ഥമാക്കി. മൗലവി മുഹമ്മദ് ഇസ്മായീൽ(ആലപ്പുഴ)സാഹിബിന്റേയും റംലസാഹിബയുടേയും മകളും മൗലവി ടി. മുനവ്വർ അഹ്മദ് സാഹിബിന്റെ സഹധർമിണിയുമാണ് ഹിബ്ത്തുൽ കരീം.

# അനുസ്മരണം



## യു. ബി. അബ്ദുൽഖാദർ

മംഗലാപുരം യു. ബി. അബ്ദുൽ ഖാദർ സാഹിബ് (50) 13 5 .2014 ന് വഫാത്തായി. (ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി.....)

1993 ലാണ് അബ്ദുൾ ഖാദർ സാഹിബ് ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ചത്. അഹ്മദി ആയതിന്റെ പേരിൽ യാഥാസ്ഥിതിക സമൂഹത്തിൽ നിന്ന് വളരെ ബുദ്ധിമുട്ടുകളും ബഹിഷ്ക്കരണങ്ങളും അദ്ദേഹത്തിന് സഹിക്കേണ്ടി വന്നു. ഭാര്യയേയും കുട്ടികളേയും വേർപ്പെടുത്തി. അഹ്മദിയ്യത്ത് പ്രചരിപ്പിക്കാൻ വളരെയേറേ ആവേശം അദ്ദേഹം കാണിച്ചിരുന്നു. പിന്നീട് വിവാഹിതനായ അദ്ദേഹത്തിന് ഭാര്യയും രണ്ട് കുട്ടികളുമുണ്ട്

-മുഹമ്മദ് യൂസുഫ്(മംഗലാപുരം)

## യു. അബ്ദുല്ലാഹ്

കണ്ണൂർ:ടൗൺ ജമാഅത്ത് അംഗമായിരുന്ന ജനാബ് യു.അബ്ദുല്ലാഹ് സാഹിബ് ജനുവരി 12-ന് നിര്യാതനായി. ഇന്നാലില്ലാഹി.... പരേതൻ ദീർഘകാലം മുബൈ ജമാഅത്ത് അംഗമായിരുന്നു. പിന്നീട് കണ്ണൂർ സിറ്റി, കണ്ണൂർ ടൗൺ എന്നീ ജമാഅത്തുകളിൽ അംഗമായിരുന്ന അദ്ദേഹം കൂടാളി ജമാഅത്തംഗമായ മുഹമ്മദ് സാഹിബിന്റെ മകനാണ് .

ഭാര്യ തോട്ടത്തിൽ ഫാത്തിമ സാഹിബയാണ്. പരേന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **മക്കൾ**: അബ്ദുശ്ശുക്കൂർ (കണ്ണൂർ), അബുദുശ്ശാക്കിർ (ദുബൈ), റശീദ (കണ്ണൂർ), ശാഹിദ (ദുബൈ), വസിം അഹ്മദ് (കുവൈത്ത്), സാജിദ് (ദുബൈ), മുസഫർ അഹ്മദ് (കണ്ണൂർ), അൻവർ അഹ്മദ് (കണ്ണൂർ), **മരുമക്കൾ**: അമത്തുന്നസീർ (കണ്ണൂർ), മുബാറക്ക (കൊടിയത്തൂർ), എസ്.വി. സാദിക്ക് (കണ്ണൂർ), കെ. ടി. നസീർ (ദുബൈ) സി.പി ശാഹിദ (കണ്ണൂർ) മുഹമ്മദ് അക്രം (ദുബൈ) സി. എച്ച് നഗീന (കണ്ണൂർ) സഫീല (കണ്ണൂർ)

-അബ്ദുശ്ശൂക്കൂർ




മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമ്മേളനം ദേശീയ നായിബ് സദർ പി.പി. നാസിറുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.

## എം. സുബൈദാ സാഹിബ

മാത്തോട്ടം(കോഴിക്കോട്): മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് (മർഹൂം) ന്റെ മകളും മൗലനാ മുഹമ്മദ് അബുൽ വഫാ സാഹിബിന്റെ (മർഹൂം) ഭാര്യയുമായ എം. സുബൈദാ സാഹിബ (79) ജനു: 16 ന് ബേപ്പൂരിൽ വെച്ച് നിര്യാതയായി. ഇന്നാലില്ലാഹി...

വസിയത്ത് പദ്ധതിയിൽ അംഗമായിരുന്ന പരേതയുടെ ജനാസ അവരുടെ ആഗ്രഹ പ്രകാരം ഖാദിയാനിലേക്ക് കൊണ്ടു പോയി അവിടെ 19-ാം തിയ്യതി അസർ നമസ്കാരത്തിന് ശേഷം നാസിർ അഅ്‌ലാ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റെ നേതൃത്വത്തിൽ ജനാസ നമസ്ക്കരിച്ച ശേഷം ബഹിശ്തീ മഖ്ബറയിൽ കബറടക്കം ചെയ്തു. പരേത തന്റെ മരണം വരെ ജമാഅത്തിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കും വിധമായിരുന്നു പ്രവർത്തിച്ചത്. തന്റെ ഭർത്താവിന്റെ അനഹ്മദി ബന്ധുക്കൾക്ക് അവസരോചിതം തബ്‌ലീഗ് ചെയ്യുകയും ആ പ്രദേശത്തുണ്ടാകുന്ന സാമുദായിക അസ്വസ്ഥതകൾക്ക് പരിഹാരം വാഗ്ദത്ത മസീഹിനെ സ്വീകരിക്കലാണെന്ന് അവരെ ഓർമിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. 1998 ൽ അഹ്മദിയ്യാ ജമാഅത്ത് അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാമിയു മായിനടത്തിയ മുബാഹലയിൽ ഭർത്താവിനോടൊപ്പം പ്രാർഥനയിൽ പങ്കെടുത്തിരുന്നു. അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ (ആമീൻ) **മക്കൾ**: റഫീക്ക് അഹ്മദ്, ശഫീക്ക് അഹ്മദ്, വസീം അഹ്മദ്, സിദ്ധീക്ക ബീബി, ഹസീന ബീബി, **മരുമക്കൾ**: ജമീല, സാബിറ, റസീന, അഹ്മദ് സഈദ്, റഫീക്ക് അഹ്മദ്. പൗത്രന്മാരായ ഹുസ്സാം അഹ്മദ്, ഇർഫാൻ അഹ്മദ് എന്നിവർ വാഖിഫ് സിന്ദഗിയായി ഖാദിയാനിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുകയാണ്.

*-റഫീക്ക് അഹ്മദ്.*

Published on 7 February 2015

Vol: 87 Issue.2
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
The Sathyadoothan Monthly

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android




### Quran

Read the Holy Quran in easy
Yassarnal Quran Font




### Conditions of Bai'at

A pocket reference of
Shara't-e-Bai'at in 7 languages



### Sermons

Huzoor's Friday Sermons
In 15 languages




### MTA

Watch MTA Live, view
Schedule and much more



### Ahmadiyya News

Stay up to date with the
Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**